ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).


| വാല്യം 09 | ജനുവരി 2017 | ലക്കം 01 |
|---|---|---|


## തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN


| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

1. Prot. No. 641/16; Pastoral Letter No. 06 .... 7
2. Prot. No. 642/16; Circular No. 01/2017 .... 11
3. മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ .... 14
4. സർക്കുലർ - സീറോ മലബാർ യൂത്ത് മുവ്മെന്റ് .... 22
5. Message of His Holiness Pope Francis .... 25
6. കച്ചേരിക്കാര്യം .... 28
7. തലശ്ശേരി അതിരൂപതായോഗം .... 34
8. പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് .... 36
9. വിശ്വാസപരിശീലനം .... 38
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .... 43
11. ചെറുപുഷ്പ മിഷൻലീഗ് .... 47
12. തിരുബാലസഖ്യം .... 53
13. യുവജനശുശ്രൂഷ .... 55
14. കുടുംബ പ്രേഷിതത്വം .... 60
15. വിദ്യാഭ്യാസ ഏജൻസി .... 66
16. വിമൽജ്യോതി വാർത്തകൾ .... 71
17. നിർമ്മലഗിരി കോളേജ് .... 73
18. കരിസ്മാറ്റിക് നവീകരണരംഗം .... 75
19. ഫ്രാൻസിസ്കൻ അത്മായ സഭ .... 77
20. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി .... 80
21. എകെസിസി .... 85
22. കെസിബിസി മദ്യവിരുദ്ധ സമിതി .... 88
23. പ്രതീക്ഷ വാർത്തകൾ .... 91
24. സാമൂഹ്യസേവനവേദി .... 93
25. ധ്യാനകേന്ദ്രങ്ങളിലൂടെ .... 96
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .... 97
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .... 100
28. Programme of the Archbishop Mar George Njaralakatt .... 102
29. Programme of the Abp. Emeritus Mar George Valiamattam .... 104

**Prot. No 641/16, Pastoral Letter No. 6**

# ഇടയലേഖനം

*ദൈവകൃപയാൽ*
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ് ഞറളക്കാട്ട്*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്*

## അതിരൂപതായോഗം

ഈശോയിൽ പ്രിയമുള്ളവരേ,

ഇക്കഴിഞ്ഞ നവംബർ മാസം 5-ാം തീയതി ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗവും 29-ാം തീയതി ചേർന്ന വൈദികസമിതി യോഗവും 2017ൽ അതിരൂപതായോഗം (Archeparchial Assembly) വിളിച്ചു ചേർക്കണമെന്ന് ഏകകണ്ഠമായി നിർദ്ദേശിക്കുകയുണ്ടായി. സഭാഭരണത്തിൽ രൂപതാദ്ധ്യക്ഷനെ സഹായിക്കാനുള്ള ഒരു നൈയാമിക സംവിധാനമാണ് അതിരൂപതായോഗം. കാലത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിഞ്ഞ് അജപാലനമേഖലയിൽ കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കാനും മുന്നോട്ടുള്ള യാത്രയിൽ അതിരൂപത ഊന്നൽ കൊടുക്കേണ്ട മേഖലകൾ ചൂണ്ടിക്കാണിക്കാനും അതിരൂപതയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും അവസരം ലഭിക്കുന്ന വേദിയാണിത്. തെരഞ്ഞെടുക്കപ്പെടുന്ന വിഷയങ്ങളെക്കുറിച്ച് വാർഡ് കൂട്ടായ്മകൾ മുതൽ എല്ലാത്തലങ്ങളിലും ചർച്ചകളും പഠനങ്ങളും നടത്തിയതിനുശേഷമാണ് അല്മായ-സന്യസ്ത-വൈദിക പ്രതിനിധികൾ ഒന്നിച്ചു ചേരുന്ന അസംബ്ലി നടക്കുന്നത്.

നമ്മുടെ അതിരൂപതയിൽ ഇതിനുമുമ്പ് ഒരു തവണ അതിരൂപതായോഗം നടന്നിട്ടുണ്ട്. 2002-ൽ തലശ്ശേരി അതിരൂപതയുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായാണ് ആദ്യ അസംബ്ലി ചേർന്നത്. 14 വർഷം മുമ്പു ചേർന്ന ആ യോഗം പിന്നീടുള്ള വർഷങ്ങളിലെ അജപാലന നയരൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. ഇന്ന് നമ്മുടെ അതിരൂപതയിൽ കുടും

ബപ്രേഷിത, വിദ്യാഭ്യാസ, സാമൂഹ്യസേവന മേഖലകളിൽ നടപ്പിലാക്കി വരുന്ന പല പദ്ധതികളും കഴിഞ്ഞ അതിരൂപതായോഗത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെട്ടവയാണ്.

ഇന്ന് സഭാംഗങ്ങളുടെയും നമുക്കു ചുറ്റുമുള്ള പൊതുസമൂഹത്തിന്റെയും മതജീവിതവും കാഴ്ചപ്പാടുകളും ജീവിതശൈലിയും വലിയ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇടവകകളുടെ പ്രവർത്തനങ്ങളിലും കുടുംബജീവിതത്തിലും ഇതിന്റെ ഗുണപരവും വിപരീതവുമായ പ്രതിഫലനങ്ങൾ ദൃശ്യമാണ്. കുട്ടികളുടെയും യുവജനങ്ങളുടെയും ദമ്പതിമാരുടെയും ഇന്നത്തെ ജീവിതസാഹചര്യങ്ങളും മാറിക്കൊണ്ടിരിക്കുന്ന വീക്ഷണങ്ങളും പഠനവിധേയമാക്കിയാലേ അവർക്കനുയോജ്യമായ അജപാലന ശുശ്രൂഷ നല്കാൻ സാധിക്കുകയുള്ളൂ. വിശ്വാസജീവിതത്തിലും ആദ്ധ്യാത്മികതയിലും ജീവിതസാക്ഷ്യത്തിലും അപചയം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന് പൊതുവേ വിലയിരുത്തപ്പെടുന്നുണ്ട്. അതുകൊണ്ട് അജപാലന ശ്രദ്ധ സത്വരമായി പതിയേണ്ട മേഖലകളെ തിരിച്ചറിയുക വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും ഭദ്രത, പാവങ്ങളോടുള്ള കാരുണ്യം, പ്രകൃതിസംരക്ഷണം, കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസ പരിശീലനവും തുടങ്ങി സഭ ശ്രദ്ധകൊടുക്കേണ്ട നിരവധി മേഖലകളുണ്ട്. ഇവയിലേക്കൊക്കെ വെളിച്ചം വീശുന്ന ചർച്ചകളും ക്രിയാത്മകമായ നിർദ്ദേശങ്ങളും നമ്മുടെ അതിരൂപതയുടെ ഭാവിയിലെ കർമ്മപദ്ധതികൾ രൂപീകരിക്കാൻ സഹായകമാകും. അതിനുള്ള ഒരു അവസരമാണ് അതിരൂപതാ അസംബ്ലി.

2017 നവംബർ മാസം 26 മുതൽ 30 വരെ തീയതികളിലാണ് അസംബ്ലി നടത്താൻ ഉദ്ദേശിക്കുന്നത്. അതിനുള്ള ഒരുക്കങ്ങൾ ഒരു വർഷം മുമ്പേ ആരംഭിക്കുകയാണ്. ഇതിനുള്ള ക്രമീകരണങ്ങൾ നടത്താൻ മോൺ. അലക്സ് താരാമംഗലം കൺവീനറായി ഒരു സെൻട്രൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. അസംബ്ലിയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ എല്ലാ അതിരൂപതാംഗങ്ങൾക്കും നിർദ്ദേശിക്കാവുന്നതാണ്. ഇടവകകൾക്ക് പാരീഷ് കൗൺസിലുകളിൽ ചർച്ചചെയ്തും സംഘടനകൾക്കും സന്ന്യാസസമൂഹങ്ങൾക്കും ഫൊറോന വൈദിക സമിതികൾക്കും ഫൊറോന കൗൺസിലിനും വ്യക്തികൾക്ക് നേരിട്ടും വിഷയങ്ങൾ നിർദ്ദേശിക്കാം. നിങ്ങളുടെ നിർദ്ദേശങ്ങൾ 2017 ഫെബ്രുവരി 15നു മുമ്പ് കൺവീനർ, അതിരൂപതായോഗം, പി.ബി. നമ്പർ 70, ആർച്ചുബിഷപ്സ് ഹൗസ്, തലശ്ശേരി - 670101 എന്ന വിലാസത്തിൽ അയച്ചു

തരേണ്ടതാണ്. നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ 'മാറുന്ന കാലത്തെ വിശ്വാസജീവിതം എങ്ങിനെ', എന്ന ആശയവുമായി ബന്ധപ്പെട്ട വിഷയങ്ങളായാൽ നന്നായിരിക്കും.

വിഷയം നിർണ്ണയിച്ചു കഴിഞ്ഞാൽ വിവിധ തലങ്ങളിലെ ചർച്ചകൾക്കായി ഒരു പഠനരേഖ തയ്യാറാക്കി നല്കുന്നതാണ്. പാരീഷ് കൗൺസിലുകൾ, കുടുംബകൂട്ടായ്മകൾ, സംഘടനകൾ, സന്ന്യാസഭവനങ്ങൾ, ഫൊറോന വൈദിക കൂട്ടായ്മകൾ, ഫൊറോന കൗൺസിൽ തുടങ്ങിയ വേദികളിൽ ഈ പഠനരേഖ വിശദമായ ചർച്ചകൾക്ക് വിധേയമാക്കുകയും അതിരൂപതയുടെ എല്ലാ തലങ്ങളിൽനിന്നുമുള്ള അഭിപ്രായങ്ങളെ സമാഹരിക്കുകയും ചെയ്യും. ഇങ്ങനെ ലഭിക്കുന്ന ആശയങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പ്രവർത്തനരേഖയെ അടിസ്ഥാനമാക്കിയായിരിക്കും അസംബ്ലിയിൽ ചർച്ച നടക്കുന്നത്.

അതിരൂപതയിലെ മുഴുവൻ ദൈവജനത്തിന്റെയും പങ്കാളിത്തത്തോടുകൂടിയാണ് ഈ അതിരൂപതായോഗം നാം നടത്തുന്നത്. വിഷയം നിർണ്ണയിക്കുന്നതിലും പഠനരേഖയുടെ ചർച്ചയിലും എല്ലാവരുടെയും സജീവമായ പങ്കാളിത്തം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ അതിരൂപതയിലെ അജപാലന മേഖലയിൽ നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളെന്തെന്ന് കണ്ടെത്താൻ, അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ, സവിശേഷമായ ശ്രദ്ധ കൊടുക്കേണ്ട മേഖലകളെ ചൂണ്ടിക്കാണിക്കാൻ, നാം നടത്തുന്ന കൂട്ടായ പരിശ്രമമാണ് ഈ അതിരൂപതായോഗം. തലശ്ശേരി അതിരൂപതയ്ക്ക് പുതിയ ദിശാബോധവും ഉണർവ്വും നല്കാൻ ഈ അസംബ്ലി സഹായകരമായിത്തീരും എന്ന് പ്രത്യാശിക്കുകയാണ്.

നാം ആരംഭിക്കാൻ പോകുന്ന അതിരൂപതായോഗത്തെ സ്നേഹപിതാവായ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രകാശം നല്കി നമ്മെ ഓരോരുത്തരെയും അവിടുന്ന് പ്രചോദിപ്പിക്കട്ടെ. ഇന്നുമുതൽ അസംബ്ലിയുടെ വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവാലയങ്ങളിലും ഭവനങ്ങളിലും ചൊല്ലാനുള്ള ഒരു പ്രാർത്ഥന അച്ചടിച്ച് താമസിയാതെ ഇടവകകളിൽ എത്തിച്ചുതരുന്നതാണ്.

അതിരൂപതാ അസംബ്ലി നമ്മുടെ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും പ്രകാശനമായിത്തീരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് 2017 നവംബറിൽ തലശ്ശേരി അതിരൂപതായോഗം നടത്താൻ തീരുമാനിച്ച

വിവരം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും അതിരൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്ക് സഹായമാകട്ടെ. എല്ലാവർക്കും പുതുവത്സരാശംസകൾ നേർന്നുകൊണ്ട് പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളോരോരുത്തരെയും ഞാൻ ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

എന്ന്

| | |
|---|---|
| തലശ്ശേരി | **മാർ ജോർജ് ഞറളക്കാട്ട്** |
| 25-12-2016 | തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത |

---

**പ്രത്യേക ശ്രദ്ധയ്ക്ക് :**

1. ഈ ഇടയലേഖനം 2017 ജനുവരി 8-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും വായിക്കേണ്ടതാണ്.
2. അതിരൂപതായോഗത്തിൽ ചർച്ചചെയ്യാനുള്ള വിഷയങ്ങൾ അച്ചന്മാർ വ്യക്തിപരമായും വാർഡുയോഗങ്ങൾ, പാരീഷ് കൗൺസിൽ, മാതൃവേദി, എ.കെ.സി.സി., കെ.സി.വൈ.എം., മതാദ്ധ്യാപകർ, ഇൻഫാം, SFO, മദ്യവിരുദ്ധസമിതി തുടങ്ങി എല്ലാ വിഭാഗത്തിൽപെട്ടവരുടെയും യോഗങ്ങൾ വിളിച്ച് ചർച്ച ചെയ്തും ഫെബ്രുവരി 15നു മുമ്പ് അതിരൂപതാകേന്ദ്രത്തിൽ അറിയിക്കണം.
3. അല്മായരെ വ്യക്തിപരമായും വിഷയങ്ങൾ നിർദ്ദേശിക്കാൻ പ്രോത്സാഹിപ്പിക്കണം.
4. ജനുവരി മാസത്തിൽ ഇടവകകളിൽ എത്തിച്ചുതരുന്ന അച്ചടിച്ച പ്രാർത്ഥന എല്ലാ വീടുകളിലും കൊടുക്കുകയും എല്ലാ ദിവസവും വി. കുർബാനക്കുശേഷവും കുടുംബപ്രാർത്ഥനക്കിടയിലും ഈ പ്രാർത്ഥന ചൊല്ലാൻ പറയുകയും വേണം.

**Prot. No. 642 /16, Circular No: 01/2017**

# വിജ്ഞാപനം

## വൈദികരുടെയും പള്ളിജീവനക്കാരുടെയും അലവൻസ്

ഈശോയിൽ പ്രിയമുള്ളവരെ,

പെട്ടെന്ന് മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തികക്രമങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിതച്ചിലവുകൾ, പള്ളി ജീവനക്കാരുടെയും ബഹു. വൈദികരുടെയും അഭ്യർത്ഥനകൾ ഇവയെല്ലാം പരിഗണിച്ച് ബഹു. വൈദികരുടെ അലവൻസും പള്ളി ജീവനക്കാർക്കുള്ള പ്രതിഫലവും പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ രൂപതാക്കച്ചേരി അംഗങ്ങൾ 2016 സെപ്റ്റംബർ 19ന് തലശ്ശേരി അതിമെത്രാസന മന്ദിരത്തിൽ ഒന്നിച്ചുകൂടി ചർച്ച ചെയ്ത് ശുപാർശകൾ നൽകി. മൂന്നു രൂപതകളിലെയും രൂപതാദ്ധ്യക്ഷന്മാർ ഈ ശുപാർശകൾ പഠിച്ചശേഷം 2017 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം അലവൻസുകൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

1. ബഹു. വൈദികരുടെ പ്രതിമാസ അലവൻസ് 2017 ജനുവരി മാസം മുതൽ 10,500 രൂപയായി നിശ്ചയിക്കുന്നു. തുടർന്നുള്ള ഓരോ സാമ്പത്തിക വർഷത്തിലും (2018 ഏപ്രിൽ മുതൽ) അഞ്ഞൂറുരൂപ വീതം വർദ്ധനവുണ്ടാകുന്നതാണ്. (എല്ലാ നേരവും മഠത്തിൽനിന്നും ഭക്ഷണം കഴിക്കുന്ന വൈദികർ 3750 രൂപ ഭക്ഷണച്ചിലവിലേക്ക് നല്കേണ്ടതാണ്.)

2. ദൈവാലയശുശ്രൂഷികളുടെ പ്രതിഫലം താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ അടിസ്ഥാന വേതനത്തിന് വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 100 രൂപയിൽനിന്നും 125 രൂപയായി ഉയർത്തുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | അടിസ്ഥാനവേതനത്തിലെ വർദ്ധന | ഇൻക്രിമെന്റ് ഉൾപ്പെടെ കൊടുക്കേണ്ടത് |
|---|---|---|
| A | 1000 | നിലവിലുള്ള ശമ്പളം + 1000 + 125 |
| B | 750 | നിലവിലുള്ള ശമ്പളം + 750 + 125 |
| C | 700 | നിലവിലുള്ള ശമ്പളം + 700 + 125 |
| D | 500 | നിലവിലുള്ള ശമ്പളം + 500 + 125 |
| E | 300 | നിലവിലുള്ള ശമ്പളം + 300 + 125 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും വാർഷിക ഇൻക്രിമെന്റും ചേർത്തു കിട്ടുന്ന തുകയായിരിക്കും ദൈവാലയ ശുശ്രൂഷിയുടെ മാസശമ്പളം.

3. പതിവുള്ള കുർബാനയോടനുബന്ധിച്ചല്ലാതെ നടത്തപ്പെടുന്ന മാമ്മോദീസ, വിവാഹം എന്നീ തിരുക്കർമ്മങ്ങൾക്കും പതിവ് വീട് വെഞ്ചരിപ്പ് ഒഴിച്ചുള്ള വെഞ്ചരിപ്പുകൾക്കും ദൈവാലയ ശുശ്രൂഷിക്ക് 100 രൂപയിൽ കുറയാത്ത സംഖ്യ ബന്ധപ്പെട്ട കക്ഷി നൽകേണ്ടതാണ്.

4. ക്രിസ്മസ്സിനും ഈസ്റ്ററിനും പ്രധാനതിരുനാളിനും ദൈവാലയശുശ്രൂഷിക്ക് മാസശമ്പളത്തിന്റെ 20% ഫെസ്റ്റിവെൽ അലവൻസായി നൽകണം.

5. അക്കൗണ്ടന്റിന്റെ പ്രതിഫലം താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ അടിസ്ഥാന ശമ്പളത്തിൽ വർദ്ധന വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 50 രൂപയിൽ നിന്നും 75 രൂപയായി ഉയർത്തിയിരിക്കുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | അടിസ്ഥാനവേതനത്തിലെ വർദ്ധന | ഇൻക്രിമെന്റ് ഉൾപ്പെടെ കൊടുക്കേണ്ടത് |
|---|---|---|
| A | 550 | നിലവിലുള്ള ശമ്പളം + 550 + 75 |
| B | 450 | നിലവിലുള്ള ശമ്പളം + 450 + 75 |
| C | 350 | നിലവിലുള്ള ശമ്പളം + 350 + 75 |
| D | 300 | നിലവിലുള്ള ശമ്പളം + 300 + 75 |
| E | 250 | നിലവിലുള്ള ശമ്പളം + 250 + 75 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാന വേതനത്തിലെ ഇപ്പോൾ വരുത്തിയ വർദ്ധനവും വാർഷിക ഇൻക്രിമെന്റും ചേർത്തു കിട്ടുന്ന തുകയായിരിക്കും അക്കൗണ്ടന്റിന്റെ മാസശമ്പളം.

6. അടുത്ത ഇൻക്രിമെന്റ് നല്കുന്നത് 2018 ഏപ്രിൽ മുതലായിരിക്കും.

7. ദൈവാലയ ശുശ്രൂഷികൾക്കും അക്കൗണ്ടന്റിനും ഇതിനുപുറമേ രൂപതാ നിയമാവലിയിൽ പറയുന്ന മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്.

8. നടത്തുകൈക്കാരന് പള്ളിയാവശ്യത്തിന് ചിലവഴിക്കുന്ന ദിവസങ്ങളിൽ ഭക്ഷണ ആവശ്യത്തിലേയ്ക്ക് ചിലവുവരികയാണെങ്കിൽ

125 രൂപ വീതം ബഹു. വികാരിയുടെ അറിവോടെ എഴുതിയെടു ക്കാവുന്നതാണ്.

9. വി. കുർബാന ഉൾപ്പെടെയുള്ള തിരുക്കർമ്മാദികളുടെ പുതുക്കിയ നിരക്ക് (പടിസാധനം) 2017 ഏപ്രിൽ മാസത്തിൽ പ്രാബല്യത്തിൽ വരത്തക്കവിധം പിന്നീട് അറിയിക്കുന്നതാണ്.

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25.12.2016 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

2017 ജനുവരി 15-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ഇടവകപള്ളികളിലും ഈ സർക്കുലർ വായിച്ച് ഉള്ളടക്കം ജനങ്ങളെ അറിയിക്കേണ്ടതാണ്.

## പ്രത്യേകശ്രദ്ധയ്ക്ക്

പ്രിയമുള്ളവരേ,

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. 2017 ദൈവാനുഗ്രഹപ്രദവും നന്മകൾ നിറഞ്ഞതും ആകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ വർഷം എന്റെ പ്രോഗ്രാമുകളിൽ ചില ക്രമീകര ണങ്ങൾ വരുത്തുവാൻ ആഗ്രഹിക്കുകയാണ്. സാധിക്കുന്നിടത്തോളം എല്ലാ ആഴ്ചകളിലും ബുധനാഴ്ച സന്ദർശകദിവസമായും വ്യാഴാഴ്ച ബഹു. വൈദികർക്കും സിസ്റ്റേഴ്സിനുംവേണ്ടിയും വെള്ളിയാഴ്ച ദിവ സങ്ങൾ ഔദ്യോഗിക ജോലികൾക്കുവേണ്ടിയും മാറ്റിവയ്ക്കണമെന്ന് വിചാരിക്കുന്നു. അതുകൊണ്ട് ഈ ദിവസങ്ങളിൽ മറ്റ് പ്രോഗ്രാമുകൾ എടുക്കുവാൻ സാധിക്കുകയില്ല. എന്റെ സാന്നിധ്യം പ്രതീക്ഷിക്കുന്ന പരിപാടികൾ ഈ ദിവസങ്ങൾ ഒഴിവാക്കി ക്രമീകരിക്കാൻ ശ്രദ്ധിക്കുമ ല്ലോ. നിങ്ങളെല്ലാവരുടെയും സഹകരണം ഉണ്ടെങ്കിൽ മാത്രമേ, കൂടു തൽ ആളുകൾക്ക് ഉപകരിക്കുന്ന വിധത്തിൽ ഇങ്ങനെയൊരു ക്രമീക രണം വരുത്തുവാൻ സാധിക്കുകയുള്ളൂ. മാസത്തിൽ ഒരു ബുധനാഴ്ച സന്ദർശകദിവസത്തിൽ പടന്നക്കാട് വച്ച് ആയിരിക്കും ആളുകളെ കാണുന്നത്. നിങ്ങൾ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചു കൊണ്ടും എല്ലാ നന്മകളും ആശംസിച്ചുകൊണ്ടും,

സ്നേഹപൂർവ്വം,

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

**Prot. No. 1748/2016**

# മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ

2016 ആഗസ്റ്റ് 22 മുതൽ സെപ്റ്റമ്പർ 02 വരെ മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 24-ാമത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കുംവേണ്ടി മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

ആഗോള സഭയ്ക്ക് പ്രത്യേകിച്ചും ഭാരതസഭയ്ക്ക് അഭിമാനകരമായ നിമിഷങ്ങൾ പ്രദാനം ചെയ്ത മദർ തെരേസയുടെ വിശുദ്ധപദ പ്രഖ്യാപനചടങ്ങുകളുടെ പശ്ചാത്തലത്തിലാണ് സീറോ-മലബാർ സിനഡ് ഈ കഴിഞ്ഞ ഓഗസ്റ്റ് മാസം 17 മുതൽ സെപ്റ്റംമ്പർ 02 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയത്. സീറോ- മലബാർ സഭയുടെ 24-ാം സിനഡിന്റെ 2-ാം സമ്മേളനത്തിന് ശേഷം ഞാനും നമ്മുടെ സഭയിലെ പല പിതാക്കന്മാരും റോമിൽ വച്ച് നടന്ന നാമകരണപരിപാടികളിൽ സംബന്ധിക്കുകയുണ്ടായി. ആദ്യമേ തന്നെ മദർ തെരേസയുടെ മാദ്ധ്യസ്ഥ്യം വഴി ഭാരതസഭയ്ക്കും, സീറോ-മലബാർ സഭയ്ക്കും ധാരാളമായി അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യെമനിൽ നിന്ന് കാണാതായ ടോം ഉഴുന്നാലിൽ അച്ചന്റെ തിരോധാനത്തിൽ സിനഡ് ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ തിരിച്ചുവരവിനായി പ്രാർത്ഥിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ തീവ്രവാദികളാൽ കൊലചെയ്യപ്പെട്ട ഫ്രാൻസിലെ ഫാ. ജാക്ക്സ് ഹമേലിന്റെ നിര്യാണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. കഴിഞ്ഞ കുറച്ച് നാളുകളായി വിദേശത്തും സ്വദേശത്തുമായി വിശ്വാസം കാത്തുസൂക്ഷിച്ച് രക്തസാക്ഷികളായ എല്ലാ വിശ്വാസികളെയും അനുസ്മരിച്ച് പ്രാർത്ഥിക്കുകയുണ്ടായി.

ആകെ 49 മെത്രാന്മാർ സംബന്ധിച്ച ഈ സിനഡിൽ ചർച്ച ചെയ്ത പ്രസക്തമായ വിഷയങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കാൻ ആഗ്രഹിക്കുകയാണ്. മുൻ സമ്മേളനത്തിന്റെ (ജനുവരി 2016) ചില സുപ്രധാന തീരുമാനങ്ങൾ വിശകലനം ചെയ്യുകയും അതിനുശേഷം സഭാതലത്തിൽ ഉണ്ടായ പൊതു സ്വഭാവമുള്ള ചില കാര്യങ്ങൾ അനു

സ്മരിക്കുകയും ചെയ്തു. അന്തരിച്ച മാർ ജെയിംസ് പഴയാറ്റിൽ പിതാവിന് ആദരാഞ്ജലികളും പ്രാർത്ഥനയും അർപ്പിക്കുകയും അദ്ദേഹം മെത്രാനായിരുന്ന ഇരിങ്ങാലക്കുട രൂപതയ്ക്ക് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

**കുടുംബ ജീവിത നവീകരണം**

റോമിൽ നടന്ന സാർവ്വത്രിക മെത്രാൻ സിനഡിന്റെ "amoris laetitia" (സ്നേഹത്തിന്റെ ആനന്ദം) എന്ന പ്രബോധനരേഖയുടെ അടിസ്ഥാനത്തിൽ കുടുംബ ജീവിതം നവീകരിക്കുന്നതിനാവശ്യമായ നടപടികൾ രൂപതാതലത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. ക്രൈസ്തവ മൂല്യങ്ങൾ പ്രത്യേകിച്ച് യുവജനങ്ങളെ പരിശീലിപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്ന് amoris laetitia ഉദ്ബോധിപ്പിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലുമുള്ള കുടുംബപ്രശ്നങ്ങളിൽ ജീവിക്കുന്നവരുടെ എണ്ണം ഇന്നത്തെ സമൂഹത്തിൽ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിസ്സാരമായ കാര്യങ്ങളുടെ പേരിൽ പോലും വിവാഹ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ വിവാഹമോചനത്തിന്റെ വക്കിലേക്ക് നീങ്ങുന്ന പ്രവണത ആശങ്കാജനകമാണ്. വിവാഹത്തിന് മുൻപ് കൂടിതാമസിക്കുന്നതും വിവാഹത്തിനുമുൻപുള്ള ലൈംഗിക ബന്ധങ്ങളും ക്രിസ്തീയ പഠനങ്ങൾക്ക് വിരുദ്ധമായ ദാമ്പത്യ സങ്കല്പ്പങ്ങളും ചിലയിടങ്ങളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ ഉത്കണ്ഠാകുലമാണ് ഭ്രൂണഹത്യ, പെൺകുഞ്ഞുങ്ങളെ നശിപ്പിക്കൽ, തുടങ്ങിയവ. അന്യമതത്തിൽനിന്ന് വിവാഹം കഴിക്കുന്നവരുടെയും, മറ്റു ക്രൈസ്തവവിഭാഗത്തിൽനിന്ന് വിവാഹബന്ധത്തിൽ ഏർപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം വളരെ ഗൗരവത്തോടെയാണ് കാണേണ്ടത്.

ദൈവവിളി പരിശീലനകളരിയാണ് കുടുംബം. ദൈവവിളി പ്രോത്സാഹനം ഏറ്റവും ആദ്യമായി നടക്കേണ്ടത് കുടുംബങ്ങളിലാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്വവും (responsible Parenthood), ധാർമ്മികമായ ദൗത്യവും സാക്ഷ്യപ്പെടുത്തി മക്കൾക്ക് മാതൃകയാകുവാൻ ഏവരും ശ്രദ്ധിക്കണം. കുടുംബപ്രശ്നങ്ങൾക്ക് അജപാലനപരമായ പരിഹാരം കാണുവാനുള്ള വേദിയാണല്ലോ ഇടവക. വൈദികരും, സന്യസ്തരും കുടുംബസമാധാനത്തിനും സുസ്ഥിതിയ്ക്കും മുൻതൂക്കം കൊടുത്ത് കുടുംബപ്രേഷിതത്വ ശുശ്രൂഷ സജീവമാക്കു

വാൻ ശ്രദ്ധിക്കേണ്ടതാണ്. വൈദികരുടെ തുടർപരിശീലനപരിപാടിയിൽ (Ongoing formation) ഈ വിഷയം ഉൾപ്പെടുത്തി ആനുകാലികമായ പരിഹാരങ്ങൾ തേടുന്നത് നന്നായിരിക്കും. ഭവനസന്ദർശനം, ഹോം മിഷൻ, കുടുംബയൂണിറ്റുകളുടെ യോഗങ്ങൾ, എന്നിവ ഇടവകയിലെ കുടുംബജീവിത നവീകരണത്തിനും, സുസ്ഥിതിക്കുംവേണ്ടി പ്രവർത്തിക്കേണ്ടതാണ്. ഫാമിലി കൗൺസിലിങ്ങ് പരിപാടികൾ ഇടവകതലത്തിലും ഫൊറോന തലത്തിലും സംഘടിപ്പിക്കുന്നത് കുടുംബജീവിത പ്രതിസന്ധികളിൽ കഴിയുന്നവരെ സഹായിക്കുവാൻ വഴിയൊരുക്കും. "amoris laetitia" എന്ന പ്രബോധന രേഖ കുടുംബയൂണിറ്റുകൾ വഴിയും കുടുംബ പ്രേഷിത വിഭാഗം വഴിയും യുവജനപ്രസ്ഥാനങ്ങൾ വഴിയും പ്രചരിപ്പിക്കേണ്ടതാണ്. കുടുംബ പ്രാർത്ഥന വിശ്വാസ കൈമാറ്റത്തിനുള്ള ഉത്തമ വേദിയാണ്. മതബോധനക്ലാസുകളിൽ കുടുംബജീവിത മൂല്യങ്ങൾക്ക് പ്രധാന്യം കൊടുക്കേണ്ടതാണ്. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതാണെന്ന് മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. കുടുംബ ശിഥിലീകരണം കൂടുതൽ സംഭവിക്കുന്നത് അണുകുടുംബങ്ങളിൽ ആണെന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവാഹകോടതിയുടെ പ്രവർത്തനങ്ങൾ ലളിതവത്കരിച്ചിട്ടുണ്ടെങ്കിലും വിവാഹബന്ധത്തിന്റെ കൗദാശികസ്വഭാവവും ഈ കൂദാശയുടെ ഐക്യവും, അവിഭാജ്യതയും തകിടം മറിച്ചുകൊണ്ടുള്ള ഒരു നടപടിക്രമമല്ല പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ വിഭാവനം ചെയ്യുന്നത് എന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ.

### മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

മാർത്തോമാക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലിരുന്ന "യോഗം" എന്ന് വിളിക്കപ്പെടുന്ന പുരാതന സഭാസംവിധാനത്തിന്റെ പുനരുദ്ധരിച്ചതും നവീകൃതവുമായ രൂപമാണ് സീറോ-മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി. സാധാരണയായി മേജർ ആർച്ച്ബിഷപ്പ് അഞ്ചു വർഷത്തിലൊരിക്കൽ വിളിച്ചുകൂട്ടുകയും സഭാശുശ്രൂഷകളുടെയും സേവനങ്ങളുടെയും വിവിധ മേഖലകൾ പുനരവലോകനം ചെയ്ത് കൂടുതൽ ഫലപ്രദമായ മാർഗങ്ങൾ ആരായുകയും ചെയ്യുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ആനുകാലിക ലോകത്തിൽ കൂടുതൽ ക്രിയാത്മകമായി വർത്തിക്കുന്നതിന് ഉപകരിക്കുന്ന കാര്യങ്ങൾ 2016 ഓഗസ്റ്റ് 25 മുതൽ 28 വരെ ഇരിങ്ങാലക്കുട

രൂപതയുടെ കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജിൽവച്ച് നടന്ന അസംബ്ലിയിൽ ചർച്ച ചെയ്യുകയുണ്ടായി. അതിലേക്കായി സഭാ വിശ്വാസികളിൽനിന്ന് വിഷയങ്ങൾ ക്ഷണിക്കുകയും, രൂപതകൾ, സന്യാസസ്ഥാപനങ്ങൾ, പ്രവാസിസമൂഹങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവിധ വിഷയങ്ങൾ സമാഹരിക്കുകയും ചെയ്തു. അവയിൽ ഏറ്റവും കൂടുതൽ നിർദ്ദേശിക്കപ്പെട്ടവയായ ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം എന്നീ മൂന്ന് ആനുകാലിക പ്രസക്തമായ വിഷയങ്ങളെകുറിച്ച് ചർച്ചയും നടത്തി. ഈ അസംബ്ലിയിൽ നടന്ന ചർച്ചകളെക്കുറിച്ചും തീരുമാനങ്ങളെക്കുറിച്ചും വിശദമായി മറ്റൊരു രേഖയിലൂടെ നിങ്ങളെ ഞാൻ അറിയിക്കുന്നതായിരിക്കും.

## പ്രകൃതിസംരക്ഷണം

പരിസ്ഥിതി സംരക്ഷണത്തിൽ സഭയുടെ സജീവ പങ്കാളിത്തവും ക്രിയാത്മകമായ ഇടപെടലുകളും ആണ് സിനഡ് ചർച്ച ചെയ്ത മറ്റൊരു വിഷയം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ഇടവക പള്ളിയും ചുറ്റുപാടുകളും പ്രകൃതി സംരക്ഷണാത്മകമായി ക്രമീകരിക്കുക, സ്കൂളുകളും സ്ഥാപനങ്ങളും ശുചിയായി പരിപാലിക്കുക എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. പഞ്ചായത്തും, മറ്റു പ്രാദേശിക ഭരണസംവിധാനങ്ങളും ഗവൺമെന്റുമായി സഹകരിച്ച് പരിസ്ഥിതിയെ സംരക്ഷിക്കുവാനുള്ള പദ്ധതികൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. മാലിന്യസംസ്ക്കരണം ശാസ്ത്രീയമായും ലളിതമായും നടത്തുവാനുള്ള അവബോധം എല്ലാവർക്കും നൽകേണ്ടതാണ്. ഭക്ഷണമാലിന്യങ്ങൾ വീടിന്റെ പരിസരത്തും വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും വലിച്ചെറിയാതിരിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്. സംസ്ക്കരിക്കാൻ ബുദ്ധിമുട്ടുള്ള മറ്റു പദാർഥങ്ങളുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്. ഈ അവബോധം രൂപീകരിക്കുവാൻ ഒരു കൈപ്പുസ്തകം (Handbook on Environmental Protection and Civic Sense) തയ്യാറാക്കുവാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പൂർവ്വികർ ഉപയോഗിച്ച് തലമുറകളായി നമുക്ക് കൈമാറിയ നല്ല പ്രകൃതിയെയും ശുദ്ധവായുവിനെയും കുടിവെള്ളത്തെയും ഈ തലമുറയ്ക്കും വരും തലമുറയ്ക്കും അങ്ങനെ തന്നെ കൈമാറേണ്ടതു സാമൂഹ്യനീതിയുടെ ഒരു വശമാണ് എന്നാണ് സഭ പഠിപ്പിക്കുന്നത്.

## പാലിയേറ്റിവ് കെയർ

സഭയുടെ ശ്രദ്ധ പതിയ്ക്കേണ്ട മറ്റൊരു പ്രധാന രംഗമാണ് പാലിയേറ്റിവ് കെയർ. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന കിടപ്പുരോഗികളോടും മരണാസന്നരോടും സ്നേഹത്തോടും സഹാനുഭൂതിയോടുംകൂടെ പെരുമാറേണ്ടതുണ്ട്. അവരെ നല്ല മരണത്തിന് ഒരുക്കേണ്ടത് സഭയുടെ ചുമതലയാണ്. ചിലയിടങ്ങളിലെല്ലാം പാലിയേറ്റിവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത് സന്തോഷകരമായ കാര്യമാണ്. ആവശ്യമായ ഇടങ്ങളിലെല്ലാം ഇത്തരം സംരംഭങ്ങൾ രൂപതാതലത്തിൽ തുടങ്ങുന്നത് നന്നായിരിക്കും. സന്യാസസമൂഹങ്ങളുടെ സഹകരണം ഈ കാര്യത്തിൽ തേടാവുന്നതാണ്.

## വിവിധ കമ്മീഷനുകൾ

നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കുന്നതിനും അതിനു നേതൃത്വം നൽകുന്നതിനും രൂപീകരിച്ചിട്ടുള്ള കമ്മീഷനുകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും ഓഫീസുകളുടെയും പ്രവർത്തനങ്ങൾ സിനഡിൽ വിലയിരുത്തുകയുണ്ടായി. സിനഡൽ സെമിനാരികളായ ആലുവ, കോട്ടയം, കുന്നോത്ത്, സത്നാ സെമിനാരികളിൽ അനേകം വൈദികാർത്ഥികൾ നമ്മുടെ സഭയ്ക്കുവേണ്ടി പൗരോഹിത്യ പരിശീലനം നടത്തുന്നു എന്നത് അഭിമാനകരമാണ്. ഇതിനു പുറമെ സന്യാസസഭകളുടെ സെമിനാരികളും, മൈനർ സെമിനാരികളും ഉണ്ട്. വൈദികപരിശീലനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സഭയുടെ എല്ലാ തലങ്ങളിലും ദൈവവിളി പ്രോത്സാഹനത്തിന് പ്രത്യേകം താല്പര്യം കാണിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും മിഷൻ രൂപതകളിലേയ്ക്കും, മിഷനിൽ പ്രവർത്തിക്കുന്ന സന്യാസസമൂഹങ്ങളുടെ പ്രോവിൻസുകളിലേയ്ക്കും, ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാൻ ഇടവകവികാരിമാർ അവസരമൊരുക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിനായി സിനഡ് തലത്തിൽ ഒരു കമ്മീഷൻ പ്രവർത്തിക്കുന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. സഭയിൽ സന്യസ്തരുടെ ശുശ്രൂഷ വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിൽ സ്ത്രീകൾക്കായുള്ള സന്യാസസമൂഹങ്ങളിലേക്കും സഹോദരർക്കായുള്ള സമർപ്പിതസമൂഹങ്ങളിലേയ്ക്കും (Brotherhood) ദൈവവിളി കുറഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. വൈദികാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ കുറവില്ലെന്നത് ആശാവഹമാണ്. പൗരോഹിത്യജീവിതത്തിലെ സമർപ്പിത ശുശ്രൂഷയ്ക്കായി മുന്നോട്ടുവരുന്ന സെമിനാരിക്കാരെയും, അർത്ഥികളെയും, അഭിനന്ദിക്കുന്നതോടൊപ്പം

അവരെ സഭാസേവനത്തിനയച്ച മാതാപിതാക്കളോട് സഭയ്ക്കുള്ള നന്ദിയും ഞാൻ അറിയിക്കട്ടെ. ദൈവവിളി പ്രോത്സാഹനത്തിന് ബഹു. വികാരിയച്ചന്മാരുടെയും ഇടവകയിൽ പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെയും പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഈ അവസര ത്തിൽ ഞാൻ ഉദ്ബോധിപ്പിക്കുന്നു. വൈദികപരിശീലനത്തിന് സാമ്പ ത്തികമായി സഹായമെത്തിക്കുവാൻ അല്മായ സഹോദരങ്ങളും മുന്നോട്ട് വരേണ്ടതാണ്. അങ്ങനെ വൈദികർ, സന്യസ്തർ, കുടും ബാംഗങ്ങൾ, മതാദ്ധ്യാപകർ എല്ലാവരും ഒത്തൊരുമിച്ച് ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സ്വന്തം രൂപതയിലും സ്വന്തം രൂപതയിലെ സന്യാസസമൂഹങ്ങളിലും എന്നതുപോലെ തന്നെ മിഷനിൽ പ്രവർത്തി ക്കുന്ന രൂപതകളിലേയ്ക്കും, സന്യാസസമൂഹങ്ങളിലേയ്ക്കും ദൈവ വിളി പ്രോത്സാഹിപ്പിക്കണം.

"കുടുംബത്തിനും അല്മായർക്കും വേണ്ടിയുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കമ്മീഷൻ", "കുടുംബത്തിനും, അല്മായർക്കും, ജീവ നുംവേണ്ടിയുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കമ്മീഷൻ" എന്നാക്കി പുനർനാമകരണം ചെയ്തിട്ടുണ്ട്. കുടുംബജീവിതത്തിന്റെ പ്രാധാന്യവും, ജീവിതസാക്ഷ്യവുംപോലെ തന്നെ പ്രധാനപ്പെട്ടതാണ് ജീവന്റെ മൂല്യം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം. കുടുംബ ജീവിത നവീകരണത്തെപ്പറ്റിനേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. മതബോ ധനകമ്മീഷന്റെ പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിലും, കേരള ത്തിനു പുറത്തും ആഗോളതലത്തിലും സീറോ-മലബാർ സഭയുടെ മതബോധന പാഠ്യപദ്ധതി നടപ്പിലാക്കാൻ ഈ കമ്മീഷന്റെ നേതൃത്വ ത്തിലുള്ള പരിശ്രമങ്ങളുമായി എല്ലാവരും സഹകരിക്കുമല്ലോ. മതബോ ധന ക്ലാസ്സുകൾക്കൊപ്പം തന്നെ കുടുംബം, ഇടവക, ആരാധനക്രമം തുടങ്ങിയവയെല്ലാം വിശ്വാസപരിശീലനത്തിനുള്ള വേദികളാകണം. യുവജനങ്ങളുടെ സഭയിലെ പങ്കാളിത്തം എല്ലാ തലത്തിലും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. അതിനായി യുവജനകമ്മീഷൻ തയ്യാറാക്കിയ സീറോ- മലബാർ യൂത്ത് മൂവ്മെന്റിന്റെ നിയമാവലി സിനഡിൽ അംഗീ കരിച്ചു. ഈ അടുത്തകാലത്തു പോളണ്ടിൽ നടന്ന വേൾഡ് യൂത്ത് ഡേയിൽ നമ്മുടെ സഭയിൽനിന്നുണ്ടായ യുവജനപ്രാതിനിധ്യം അഭിന ന്ദനാർഹമാണ്. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ വില യിരുത്തുകയും അതിന്റെ നിയമാവലിക്കു അംഗീകാരം നൽകുകയും ചെയ്തു. സഭയിൽ സന്യസ്തരുടെ ശുശ്രൂഷ വിലപ്പെട്ടതാണ്. രൂപ താതലത്തിലും ഇടവകതലത്തിലും സന്യസ്തരുമായി നല്ല ബന്ധം

പുലർത്തുവാൻ ബന്ധപ്പെട്ടവർ ശ്രമിക്കുമല്ലോ. വിദ്യാഭ്യാസരംഗത്തും ആതുരസേവനരംഗത്തും സന്യാസസമൂഹങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ യേശുവിന്റെ കരുണാർദ്രമായ സ്നേഹത്തിനും സുവിശേഷവത്ക്കരണത്തിനുമുള്ള വേദികളായി മാറേണ്ടതാണ്. സമർപ്പിതർക്കായുള്ള കമ്മീഷനും, സീറോ-മലബാർ കോൺഫറൻസ് ഫോർ റിലീജിയസും ഈ കാര്യത്തിൽ നടത്തുന്ന നേതൃത്വം ശ്ലാഘനീയമാണ്.

കേരളത്തിനു പുറത്തും ഇന്ത്യയിലുമുള്ള സീറോ-മലബാർ മക്കളുടെ അജപാലനകാര്യങ്ങൾക്കായി ഒരു (Apostolic Visitator) നെ നിയമിച്ചിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. നാഗ്പൂർ കേന്ദ്രമാക്കി ഇതിനായി ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഈ വിസ്റ്റേറ്ററായ മാർ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന അസോസിയേഷൻ ഓഫ് സീറോ മലബാർ (ASSM) മിഷൻ സപ്പോർട്ടിന് നിർലോപമായ സഹായസഹകരണങ്ങൾ നൽകണമെന്ന് ഈ അവസരത്തിൽ ഉദ്ബോധിപ്പിക്കുന്നു. ഇതിന്റെ പേര് സീറോ മലബാർ മിഷൻ എന്നാക്കി സിനഡ് പുനർനാമകരണം ചെയ്യുകയുണ്ടായി. പ്രേഷിത പ്രവർത്തനത്തിനും പ്രവാസിഅജപാലന ശുശ്രൂഷയ്ക്കുമായി ഉള്ള കമ്മീഷന്റെ റിപ്പോർട്ട് സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയ്ക്ക് പുറത്ത് യൂറോപ്പിൽ - ഗ്രേറ്റ് ബ്രിട്ടനിലുള്ള വിശ്വാസികൾക്കുവേണ്ടി നമുക്ക് ഒരു രൂപത ലഭിച്ചതും, അതിന്റെ പ്രഥമ മെത്രാനായി മാർ ജോസഫ് സ്രാമ്പിക്കലിനെ നിയമിച്ചതും നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. യൂറോപ്പിലെ ഇതരരാജ്യങ്ങളിലെ അജപാലനശുശ്രൂഷകൾ ക്രോഡീകരിക്കുന്നതിന് Apostolic Visitator ആയി മാർ സ്റ്റീഫൻ ചിറപ്പണത്തിനെയും ഈയിടെ പരി. പിതാവ് നിയമിച്ചിട്ടുണ്ട്. മറ്റിടങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ഊർജിതമായ അജപാലന ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. ഗൾഫിലെ സഭാനേതൃത്വവുമായി ഈയിടെ സിനഡ് പിതാക്കന്മാർ നടത്തിയ ചർച്ചകളുടെ വിശദവിവരങ്ങൾ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി.

ജോലി സംബന്ധിച്ചും പഠനത്തിനുമായി നാട്ടിൽനിന്നും അന്യസ്ഥലങ്ങളിലേക്ക് പോകുന്നവർ സ്വന്തം ഇടവകയിൽനിന്ന് വികാരിയച്ചന്റെ എഴുത്തുകൊണ്ടുപോകുന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. പുതിയ സ്ഥലത്തു ചെന്ന് അവിടുത്തെ ബന്ധപ്പെട്ട അച്ചന് ആ കത്ത് കാണിച്ച രജിസ്റ്റർ ചെയ്യുകയും നമ്മുടെ സഭയുടെ ആത്മീയകാര്യങ്ങൾക്കും നമ്മുടെ സഭയുടെ അജപാലനശുശ്രൂഷയ്ക്കും ഉള്ള സൗകര്യം ഉപ

യോഗപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനായി ഒരു “migrants form” തയ്യാറാക്കിയിട്ടുള്ളത് ഉപയോഗിക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽനിന്നും വിവാഹത്തിനായി നാട്ടിലേയ്ക്ക് വരുമ്പോൾ അവിടെയുള്ള സീറോ-മലബാർ വൈദികനിൽനിന്നുള്ള കത്ത് (കുറി) കൊണ്ടുവരേണ്ടതാണ്.

നമ്മുടെ നാട്ടിൽ മത വിദ്വേഷം, വർദ്ധിച്ചുവരുന്നതും തീവ്രവാദ സംഘടനകളിലേയ്ക്ക് നമ്മുടെ മക്കൾ വഴിതെറ്റിപ്പോകുന്നതും ആശങ്കാജനകമാണ്. ദേശീയതലത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ ബിൽ (national education bill) നൂനപക്ഷങ്ങളെ ഹനിക്കുന്ന രീതിയിലേക്ക് പോകുന്നത് അപലപനീയമാണ്.

സീറോ-മലബാർ സഭയുടെ ഔദ്യോഗിക ആന്തം (Official anthem) അവസരോചിതമായി ഉപയോഗിക്കുവാൻവേണ്ടി സിനഡിന്റെ അവസരത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം സെപ്തംബർ 2-ാം തീയതി ഉച്ചയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിനു നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ് ആലഞ്ചേരി**
സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

*കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് ഡിസംബർ 1-ാം തീയതി നൽകപ്പെട്ടത്.*

---

NB: ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

# സീറോ മലബാർ യൂത്ത് മൂവ്മെന്റ്
## സർക്കുലർ

പ്രിയ യുവജനങ്ങളെ, യുവജന ശുശ്രൂഷകരെ,

മനുഷ്യജീവിതത്തിലെ ഏറ്റവും ചൈതന്യവത്തായ കാലഘട്ടം യുവത്വമാണ്. പ്രസരിപ്പുകൊണ്ടും കർമ്മശേഷികൊണ്ടും സഭയെയും സമൂഹത്തെയും ജീവനുള്ളതാക്കുവാനും നയിക്കുവാനുമുള്ള യുവജനങ്ങളുടെ തീക്ഷ്ണത മിശിഹായുടെ ചൈതന്യത്താലും സഭാധികാരികളോടുള്ള വിധേയത്വത്താലും സ്നേഹത്താലും നയിക്കപ്പെടുന്നുവെങ്കിൽ വളരെയേറെ സത്ഫലങ്ങൾ പുറപ്പെടുമെന്നത് നിസ്തർക്കമായ കാര്യമാണ്. വർത്തമാന കാലഘട്ടത്തിലെ സാമൂഹികവും സംസ്കാരികവുമായ വളർച്ചയുടെ ഭാഗമായി നമ്മുടെ സഭയിലെ യുവജനങ്ങൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും വ്യത്യസ്ത ആവശ്യങ്ങൾക്കായി കുടിയേറി പാർക്കുന്നുണ്ട്. ലോകത്തെവിടെയായിരുന്നാലും അവരുടെ സാന്നിദ്ധ്യം സഭ വിലമതിക്കുകയും അവരെ മാതൃസഭയോട് ചേർത്തുനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അവരുടെ വിശ്വാസ പരിശീലനം അതീവപ്രാധാന്യത്തോടെയാണ് നമ്മുടെ സഭ കാണുന്നത്. “വിശ്വാസികൾ തങ്ങളുടെ റീത്തും ആരാധനാക്രമവും വിട്ടുപോകാൻ ഇടയായാൽ സഭയുടെ ആധ്യാത്മിക ജീവിതത്തെതന്നെ അത് ബാധിക്കും” (പൗരസ്ത്യസഭകൾ 4.C) എന്ന് സഭ നന്നായി മനസ്സിലാക്കുന്നു. ഇക്കാരണങ്ങളാൽ സീറോമലബാർസഭ യുവജനശാക്തീകരണപരിപാടികൾ ഊർജ്ജിതപ്പെടുത്തുവാനായി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങളെ അറിയിക്കാൻ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

1972 മുതൽ ഭാരതകത്തോലിക്കാസഭയിൽ വിവിധ പേരുകളിലാണ് യുവജന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഇവയൊക്കെയും, ഭാരതത്തിലെ മൂന്നു വ്യക്തിസഭകളിലെ യുവജനങ്ങളെയും ഒരുമിച്ചു ചേർത്തുള്ള പൊതു പ്രവർത്തന വേദികളായിരുന്നു. ഓരോ വ്യക്തി സഭയുടെയും പാരമ്പര്യങ്ങൾക്കു ചേർന്ന വിശ്വാസപരിശീലനം അതാത് സഭയിലെ യുവജനങ്ങൾക്ക് നൽകാൻ നിലവിലുള്ള യുവജനപ്രസ്ഥാനങ്ങൾക്ക് അധികം സാധിച്ചിരുന്നില്ല എന്നത് ഒരു പോരായ്മയായിരുന്നു. ഭാരത കത്തോലിക്കാ മെത്രാൻ സമിതി ഇക്കാര്യം ഗൗരവത്തോടെ പരിഗണിക്കുകയും മാതൃസഭകളുടെതായ വിശ്വാസപരിശീലനമാണ് യുവജനങ്ങൾക്ക് നൽകേണ്ടത് എന്ന് ചിന്തിക്കുകയും ചെയ്തു, അതേത്തുടർന്ന് നമ്മുടെ സഭയിലെ യുവജനങ്ങൾക്കുവേണ്ടി സീറോ മലബാർ യൂത്ത് മൂവ്മെന്റ് (S.M.Y.M) എന്ന

യുവജന ശുശ്രൂഷാ സംവിധാനവും സീറോമലബാർ യൂത്ത് കമ്മീഷനും നിലവിൽവന്നു. കേരളത്തിൽനിന്ന് ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിലേക്ക് കുടിയേറി പാർക്കുന്ന യുവജനങ്ങളെ സംഘടിപ്പിക്കുകയും മാതൃസഭയോട് ചേർത്തുനിർത്തി സംരക്ഷിക്കുകയും വിശ്വാസപരിശീലനം നല്കുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് എസ്.എം.വൈ.എം. (S.M.Y.M) രൂപപ്പെടുത്തിയിരിക്കുന്നത്. "പൗരസ്ത്യസഭകൾ വളർന്നു വികസിക്കുവാനും അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലിക ചൈതന്യത്തോടെ പൂർണ്ണമാക്കാനും" (പൗരസ്ത്യ സഭകൾ :1) ആഗ്രഹിക്കുന്ന സഭാപിതാക്കന്മാരുടെ ദീർഘവീക്ഷണം ഈ പുതിയ സംവിധാനത്തിലൂടെ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

സീറോ മലബാർ സിനഡിന്റെ തീരുമാനപ്രകാരം നമ്മുടെ സഭയിലെ യുവജനപ്രസ്ഥാനത്തിന്റെ നിയന്ത്രണവും ഏകോപനവും സീറോമലബാർ യൂത്ത് കമ്മീഷനിൽ നിക്ഷിപ്തമാണ്. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിനെ യൂത്ത് കമ്മീഷൻ ചെയർമാനായും, മാർ എഫ്രേം നരികുളം, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ പിതാക്കന്മാരെ യൂത്ത് കമ്മീഷൻ അംഗങ്ങളായും അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നിയമിച്ചിട്ടുണ്ട്. ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കലിനെ യൂത്ത് കമ്മീഷൻ സെക്രട്ടറിയായും തലശ്ശേരി അതിരൂപതാംഗമായ ശ്രീ. സിജോ അമ്പാട്ടിന്റെ നേതൃത്വത്തിലുള്ള ഒൻപതംഗ സമിതിയെ സീറോമലബാർ യൂത്ത് മൂവ്മെന്റിന്റെ (S.M.Y.M) പ്രവർത്തക സമിതി അംഗങ്ങളായും യൂത്ത് കമ്മീഷൻ നിയമിച്ചിട്ടുണ്ട്.

സീറോ മലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടനയായ സീറോ മലബാർ യൂത്ത്മൂവ്മെന്റിൽ 15നും 30നും ഇടയിൽ പ്രായമുള്ള എല്ലായുവജനങ്ങളും അംഗങ്ങളാകണമെന്നാണ് നമ്മുടെ സഭ ആഗ്രഹിക്കുന്നത്. സീറോ മലബാർ സഭയിലെ എല്ലായുവജനങ്ങളും ഒന്നിച്ചു പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിലെ സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാകയാൽ മറ്റ് പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളായിട്ടുള്ള യുവജനങ്ങൾ പ്രസ്തുത സംവിധാനങ്ങളിലുള്ള അവരുടെ അംഗത്വം നിലനിർത്തിക്കൊണ്ടുതന്നെ എസ്.എം.വൈ.എമ്മിൽ (S.M.Y.M) അംഗങ്ങളായി പ്രവർത്തിക്കാവുന്നതാണ്.

ഇടവകാതലം മുതൽ ആഗോളതലം വരെ എസ്.എം.വൈ.എം. (S.M.Y.M) എന്ന പേരിൽ നമ്മുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം പ്രവർത്തന സജ്ജമാകുന്നതിനുവേണ്ട ക്രമീകരണങ്ങൾ അതിരൂപതകളിലും രൂപതകളിലും എക്സാർക്കേറ്റിലും മിഷൻകേന്ദ്രങ്ങളിലും സമ

യബന്ധിതമായി നടപ്പിലാക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. സിനഡ് അംഗീകരിച്ച എസ്.എം.വൈ.എം. (S.M.Y.M) നിയമാവലി അഭിവന്ദ്യപിതാക്കന്മാർക്കും യുവജന ഓഫീസുകളിലേക്കും ഇതിനോടകം അയച്ചുനൽകിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറികിടക്കുന്ന നമ്മുടെ യുവജനങ്ങളെ ഒന്നിച്ചു നിർത്തേണ്ടത് വർത്തമാനകാലത്തിന്റെ ആവശ്യകതയും ഭാവികാലത്തിന്റെ പ്രത്യാശയുമാണ്. ഇപ്പോൾ നിലവിലുള്ള യുവജനപ്രസ്ഥാനങ്ങളായ K.C.Y.M., I.C.Y.M. എന്നിവ മൂന്നു വ്യക്തിസഭകളുടെയും സംസ്ഥാന, ദേശീയപ്രവർത്തനങ്ങൾക്കുള്ള പൊതുസംഘടനാ സംവിധാനങ്ങളായി തുടർന്നും നിലകൊള്ളുന്നതാണ്.

മറ്റൊരു കാര്യംകൂടി നിങ്ങളെ അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നമ്മുടെ ഇടവകകളിൽനിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്കുവേണ്ടി മൈഗ്രന്റ് ഫോം (Migrant Form)യൂത്ത് കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ഇടവകയിലും നല്കുന്നതിനായി ഈ ഫോമുകൾ രൂപതാകേന്ദ്രത്തിൽ എത്തിക്കുന്നതാണ്. സ്വന്തം ഇടവകയിൽനിന്ന് ലഭിക്കുന്ന മൈഗ്രന്റ് ഫോം പൂർണ്ണമായും പൂരിപ്പിച്ച് എത്തിച്ചേരുന്ന സ്ഥലങ്ങളിലെ സീറോ മലബാർ സഭാസംവിധാനങ്ങളിൽ നല്കി അംഗത്വം സ്വീകരിക്കണമെന്ന് പ്രവാസികളാകുന്ന എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു. സഭാസംവിധാനങ്ങളോട് ബന്ധപ്പെട്ടു നിൽക്കുന്നതിന് ഈ ക്രമീകരണം നമ്മെ സഹായിക്കും. ആരാലും അറിയപ്പെടാതെയുള്ള യുവജനങ്ങളുടെ ജീവിതം ഏറെ ആത്മീയ-ഭൗതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന കാര്യം മാതാപിതാക്കന്മാരും അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരും അതീവ ഗൗരവത്തോടെ മനസ്സിലാക്കുകയും മൈഗ്രന്റ് ഫോമിന്റെ ഉപയോഗം പ്രയോജനപ്പെടുത്തുകയും ചെയ്യുമല്ലോ.

എസ്എംവൈഎം (S.M.Y.M) ന് ക്രിയാത്മകമായ പിന്തുണയും ആവശ്യമായ സഹായസഹകരണവും നല്കി നമ്മുടെ യുവജനങ്ങളെ സുവിശേഷത്തിന്റെ സന്തോഷത്തിലേക്ക് ആനയിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

മാർ ജോസഫ് പണ്ടാരശ്ശേരിൽ, ചെയർമാൻ
മാർ എഫ്രേം നരികുളം, മെമ്പർ
മാർ ജോസ് പുത്തൻവീട്ടിൽ, മെമ്പർ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 ജനുവരി 22-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

# MESSAGE OF HIS HOLINESS POPE FRANCIS FOR THE TWENTY-FIFTH WORLD DAY OF THE SICK (11 FEBRUARY 2017)

## *Amazement at what God has accomplished: "The Almighty has done great things for me…" (Lk 1:49)*

Dear Brothers and Sisters,

On 11 February next, the Twenty-fifth World Day of the Sick will be celebrated throughout the Church and in a special way at Lourdes. The theme of this year's celebration is *"Amazement at what God has accomplished: 'The Almighty has done great things for me….'"* (*Lk* 1:49). Instituted by my predecessor Saint John Paul II in 1992, and first celebrated at Lourdes on 11 February 1993, this Day is an opportunity to reflect in particular on the needs of the sick and, more generally, of all those who suffer. It is also an occasion for those who generously assist the sick, beginning with family members, health workers and volunteers, to give thanks for their God-given vocation of accompanying our infirm brothers and sisters. This celebration likewise gives the Church renewed spiritual energy for carrying out ever more fully that fundamental part of her mission which includes serving the poor, the infirm, the suffering, the outcast and the marginalized (cf. JOHN PAUL II, Motu Proprio *Dolentium Hominum*, 11 February 1985, 1). Surely, the moments of prayer, the Eucharistic liturgies and the celebrations of the Anointing of the Sick, the sharing with the sick and the bioethical and theological-pastoral workshops to be held in Lourdes in those days will make new and significant contributions to that service.

Even now, I am spiritually present at the grotto of Massabielle, before the statue of the Immaculate Virgin, in whom *the Almighty has done great things* for the redemption of mankind. I express my closeness to all of you, our suffering brothers and sisters, and to your families, as well as my appreciation for all those in different roles of service and in healthcare institutions throughout the world who work with professionalism, responsibility and dedication for your care, treatment and daily well-being. I encourage all of you, the sick, the suffering, physicians, nurses, family members and volunteers, to see in Mary, *Health of the Infirm*, the sure sign of God's love for every human being and a model of surrender to his will.

May you always find in faith, nourished by the Word and by the Sacraments, the strength needed to love God, even in the experience of illness.

Like Saint Bernadette, we stand beneath the watchful gaze of Mary. The humble maiden of Lourdes tells us that the Virgin, whom she called “the Lovely Lady”, looked at her as one person looks at another. Those simple words describe the fullness of a relationship. Bernadette, poor, illiterate and ill, felt that Mary was looking at her as a person. The Lovely Lady spoke to her with great respect and without condescension. This reminds us that every person is, and always remains, a human being, and is to be treated as such. The sick and the those who are disabled, even severely, have their own inalienable dignity and mission in life. They never become simply objects. If at times they appear merely passive, in reality that is never the case.

After her visit to the Grotto, thanks to her prayer, Bernadette turned her frailty into support for others. Thanks to her love, she was able to enrich her neighbours and, above all, to offer her life for the salvation of humanity. The fact that the Lovely Lady asked her to pray for sinners reminds us that the infirm and the suffering desire not only to be healed, but also to live a truly Christian life, even to the point of offering it as authentic missionary disciples of Christ. Mary gave Bernadette the vocation of serving the sick and called her to become a Sister of Charity, a mission that she carried out in so exemplary a way as to become a model for every healthcare worker. Let us ask Mary Immaculate for the grace always to relate to the sick as persons who certainly need assistance, at times even for the simplest of things, but who have a gift of their own to share with others.

The gaze of Mary,*Comfort of the Afflicted*, brightens the face of the Church in her daily commitment to the suffering and those in need. The precious fruits of this solicitude for the world of suffering and sickness are a reason for gratitude to the Lord Jesus, who out of obedience to the will of the Father became one of us, even enduring death on the cross for the redemption of humanity. The solidarity shown by Christ, the Son of God born of Mary, is the expression of God’s merciful omnipotence, which is made manifest in our life–above all when that life is frail, pain-filled, humbled, marginalized and suffering–and fills it with the power of hope that can sustain us and enable us to get up again.

This great wealth of humanity and faith must not be dissipated. Instead, it should inspire us to speak openly of our human weaknesses and to address the challenges of present-day healthcare and technology. On this World Day of the Sick, may we find new incentive to work for the growth of a culture of respect for life, health and the environment. May this Day also inspire renewed efforts to defend the integrity and dignity of persons, not least through a correct approach to bioethical issues, the protection of the vulnerable and the protection of the environment.

On this Twenty-fifth World Day of the Sick, I once more offer my prayerful support and encouragement to physicians, nurses, volunteers and all those consecrated men and women committed to serving the sick and those in need. I also embrace the ecclesial and civil institutions working to this end, and the families who take loving care of their sick. I pray that all may be ever joyous signs of the presence of God's love and imitate the luminous testimony of so many friends of God, including Saint John of God and Saint Camillus de' Lellis, the patrons of hospitals and healthcare workers, and Saint Mother Teresa of Calcutta, missionary of God's love.

Dear brothers and sisters – the sick, healthcare workers and volunteers – I ask you to join me in praying to Mary. May her maternal intercession sustain and accompany our faith, and obtain for us from Christ her Son hope along our journey of healing and of health, a sense of fraternity and responsibility, a commitment to integral human development and the joy of feeling gratitude whenever God amazes us by his fidelity and his mercy.

Mary, our Mother,
in Christ you welcome each of us as a son or daughter.
Sustain the trusting expectation of our hearts,
succour us in our infirmities and sufferings,
and guide us to Christ, your Son and our brother.
Help us to entrust ourselves to the Father who accomplishes great things.

With the assurance of a constant remembrance in my prayers, I cordially impart to all of you my Apostolic Blessing.

8 December 2016, Solemnity of the Immaculate Conception.

***Pope Francis***




## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും

1. ഫാ. മാത്യു കിഴക്കേൽ – റിട്ടയർമെന്റ്, ശാന്തിഭവൻ
2. ഫാ. ജോസഫ് മാമ്പള്ളിക്കുന്നേൽ – വികാരി, പുറവയൽ (താല്ക്കാലികം)
3. ഫാ. കുര്യാക്കോസ് ആലവേലിൽ – On Leave
4. ഫാ. ജിന്റോ പള്ളത്തുകുഴിയിൽ HGN – വികാരി, വെമ്പുവ (താല്ക്കാലികം)
5. ഫാ. ജോസഫ് മുല്ലത്തലശ്ശേരിൽ OFM (cap) – അസി. വികാരി, പുറവയൽ
6. ഫാ. ജേക്കബ് പടിഞ്ഞാറെമുറിയിൽ CMF – അസി. വികാരി, നെല്ലിക്കാംപൊയിൽ

## 2. അതിരൂപതായോഗം

തലശ്ശേരി അതിരൂപതായോഗം 2017 നവംബർ 26 മുതൽ 30 വരെ തീയതികളിൽ നടക്കുന്നതാണ്. അതിരൂപതായോഗത്തിനുള്ള ക്രമീകരണങ്ങൾ നടത്തുവാൻ പ്രെസ്ബിറ്ററൽ കൗൺസിൽ തിരഞ്ഞെടുത്ത അംഗങ്ങളുൾപ്പെടെ താഴെപ്പറയുന്ന സെൻട്രൽ കമ്മിറ്റിയെ അഭിവന്ദ്യപിതാവ് നിയമിച്ചു.

1. മോൺ. അലക്സ് താരാമംഗലം – കൺവീനർ
2. റവ. ഡോ. തോമസ് തെങ്ങുംപള്ളിൽ – സെക്രട്ടറി
3. റവ. ഡോ. ജോൺസൺ അന്ത്യാംകുളം
4. റവ. ഡോ. ജോൺസൺ കോവൂർപുത്തൻപുരയിൽ
5. റവ. ഡോ. ജോസഫ് പാംപ്ലാനിയിൽ
6. റവ. ഫാ. ജോസഫ് ചാത്തനാട്ട് സി.എസ്.ടി.
7. റവ. സി. ജ്യോതി ടോം എം.എസ്.എം.ഐ.
8. ശ്രീ. ജെയ്സൺ അട്ടാറിമാക്കൽ, വായാട്ടുപറമ്പ്
9. ഡോ. റോസി ആന്റണി, നിർമ്മലഗിരി

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ വാർഡുപ്രാർത്ഥനായോഗങ്ങളിൽനിന്നും പാരീഷ് കൗൺസിൽ, സംഘടനായോഗങ്ങളിൽനിന്നും വ്യക്തികളിൽനിന്നും സമാഹരിക്കുന്ന അതിരൂപതായോഗം ചർച്ചചെയ്യേണ്ട വിഷയങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ 2017

ഫെബ്രുവരി 15 നു മുമ്പ് കൺവീനറുടെ പേരിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

## 3. ഇടവക അക്കൗണ്ടുകളുടെ കമ്പ്യൂട്ടർവത്ക്കരണം

അതിരൂപതയിലെ മുഴുവൻ പള്ളികളുടെയും അക്കൗണ്ടുകൾ കമ്പ്യൂട്ടർവത്കരിക്കുന്ന പദ്ധതിയിൽ ഇനിയും പങ്കുചേരാനുള്ള എല്ലാ ഇടവകകളും 2017 വർഷത്തിൽത്തന്നെ അക്കൗണ്ടുകൾ കമ്പ്യൂട്ടർവത്കരിക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയിൽ പങ്കുചേരാനുള്ള ഇടവകകൾ ഉടൻതന്നെ അതിരൂപതാ ഇന്റർനെറ്റ് മിഷൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പുതിയ സാമ്പത്തികവർഷം മുതൽ ഇടവകയിൽനിന്നുള്ള മാസ-വാർഷിക കണക്കുകൾ കമ്പ്യൂട്ടർവത്കൃതമായി മാത്രമേ സ്വീകരിക്കുകയുള്ളൂ. അതുകൊണ്ട് ബഹു. വികാരിയച്ചന്മാർ അടിയന്തിരമായി ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 4. സീറോ-മലബാർ മിഷൻ വാരാചരണം

കഴിഞ്ഞ മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിരുന്ന അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ദനഹാത്തിരുനാൾ തുടങ്ങി ഒരാഴ്ചക്കാലം (ജനുവരി 6-12) പ്രേഷിതവാരമായി സീറോ-മലബാർ സഭയിൽ ആഘോഷിക്കുകയാണ്. ഓരോ ഇടവകയിലും സ്ഥാപനത്തിലും പ്രേഷിതവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകകളിലേക്കുള്ള പ്രേഷിതവാര പോസ്റ്റർ, പ്രാർത്ഥന, സംഭാവനസ്വീകരിക്കാനുള്ള കവർ എന്നിവ ഫൊറോനകേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. അത് ഇടവകകൾ എടുത്തുകൊണ്ടുപോവുകയും ഭവനങ്ങളിൽ എത്തിക്കുകയും ചെയ്യണം. ജനുവരി 8-ാം തീയതി ഞായറാഴ്ച സീറോ-മലബാർമിഷനുവേണ്ടിയുള്ള സംഭാവന ഈ കവറുകളിൽ നിക്ഷേപിച്ച് പള്ളിയിൽ തിരിച്ചേല്പിക്കുകയും ലഭിക്കുന്ന തുക ജനുവരി 30ന് മുമ്പ് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 5. നന്ദി, സ്വാഗതം

തലശ്ശേരി അതിരൂപതയിൽ വിവിധ ഇടവകകളിൽ താല്ക്കാലിക സേവനത്തിന് സന്മനസ്സോടെ സമ്മതിച്ച് എത്തിയിരിക്കുന്ന വിവിധ സന്ന്യാസ സമൂഹങ്ങളിൽപെട്ട ഫാ. ജിന്റോ പള്ളത്തുകുഴിയിൽ HGN, ഫാ. ജോസഫ് മുല്ലത്തലശ്ശേരിൽ OFM (cap), ഫാ. ജേക്കബ് പടിഞ്ഞാറേമുറിയിൽ CMF എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

നീണ്ട 47 വർഷക്കാലം അതിരൂപതയിലെ വിവിധ ഇടവകകളിൽ സ്തുത്യർഹമായ സേവനം ചെയ്തശേഷം വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ബഹു. മാത്യു കിഴക്കേലച്ചന് നന്ദിയും ആയുരാരോഗ്യങ്ങളും ആശംസിക്കുന്നു.

## 6. പുതിയ ഫോൺ നമ്പർ

തേർമല പള്ളി - 9400 804 131

ഫാ. മാർട്ടിൻ വരിക്കാനിക്കൽ - 9605 677 200

## 7. സഭൈക്യവാരം

ലോകത്തിലെ എല്ലാ ക്രൈസ്തവവിഭാഗങ്ങളും ഒന്നിച്ച് ആചരിക്കുന്ന സഭൈക്യവാരം ജനുവരി 18 മുതൽ 25 വരെയാണ്. ഈ വർഷത്തെ പ്രാർത്ഥനാവാരത്തിലെ വിചിന്തനവിഷയം 2 കോറി. 5:14-20 അടിസ്ഥാനമാക്കി "ക്രിസ്തുവിന്റെ സ്നേഹം നിർബന്ധമായും ആവശ്യപ്പെടുന്ന അനുരഞ്ജനം" എന്നതാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാവരും ഒരു ഇടയനും ഒരു തൊഴുത്തുമായി തീരാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. സഭൈക്യസംരംഭങ്ങളുടെ വിജയത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ഇടവകജനങ്ങളെ ഓർമ്മിപ്പിക്കുമല്ലോ.

## 8. ജീവകാരുണ്യ ഫണ്ട്

ഇടവകയിൽ നിന്നും ജീവകാരുണ്യഫണ്ടിലേക്ക് അപേക്ഷ അയയ്ക്കുമ്പോൾ അപേക്ഷകന്റെ ബാങ്ക് പാസ്ബുക്കിലെ പേരും അക്കൗണ്ട് നമ്പറും IFSC കോഡും അപേക്ഷാഫോറത്തിൽ എഴുതേണ്ടതാണ്.

## 9. പുതിയ സന്ന്യാസഭവനം

**കാരുണ്യാശ്രമം - പൈതൽമല :** പൊട്ടൻപ്ലാവ് ഇടവകാതിർത്തിയിൽ പൈതൽമലയിലെ മൂന്നാംകൂപ്പ് എന്ന സ്ഥലത്ത് പ്രവർത്തിച്ചുവന്നിരുന്ന അരണ്യാശ്രമം എന്ന സ്ഥാപനം അതിന്റെ ഉടമ ശ്രീ. മാനുവൽ കൊല്ലിച്ചിറ (കുഞ്ഞേട്ടൻ) യിൽനിന്നും ഏറ്റെടുക്കുകയും കാരുണ്യാശ്രമം എന്ന പേരിൽ സന്ന്യാസഭവനവും പ്രകൃതി-ആയുർവ്വേദ ചികിത്സാകേന്ദ്രവും ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ ആശീർവ്വാദകർമ്മം 2016 ഡിസംബർ 20-ാം തീയതി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു.

അഡ്രസ്സ് : ഫാ. ഗ്രേഷ്യസ് ഞറളക്കാട്ട്കുന്നേൽ, കാരുണ്യാശ്രമം
പൊട്ടൻപ്ലാവ് പി.ഒ., നടുവിൽ വഴി - 670582
ഫോൺ : 0460 2809300, 09961528918

## 10. ആദരാഞ്ജലി

**1. സി. ആൻസി ഓണിശ്ശേരിൽ എസ്.എ.ബി.എസ്. :** ദിവ്യകാരുണ്യ ആരാധനസഭയുടെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. ആൻസി ഓണിശ്ശേരിൽ (60) 2016 നവംബർ 30ന് നിര്യാതയായി. ആന്ധ്രാ റീജിയണൽ സുപ്പീരിയർ, പ്രൊവിൻഷ്യൽ കൗൺസിലർ, പ്രൊവിൻഷ്യൽ ഫൈനാൻസ് ഓഫീസർ, മദർ സുപ്പീരിയർ, പ്രൊവിൻഷ്യൽ ഓഡിറ്റർ, ജൂണിയർ സിസ്റ്റേഴ്സിന്റെ ഡിറക്ട്രസ്, അദ്ധ്യാപിക എന്നീ നിലകളിൽ ആന്ധ്രാ, തോമാപുരം, മണിക്കടവ്, താബോർ, ചേറ്റംകുന്ന് തലശ്ശേരി, പാലാവയൽ, കിളിയന്തറ എന്നീ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ 2016 ഡിസംബർ 1 ന് കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്നു. മാർ ജോർജ് വലിയമറ്റത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. പരേതയ്ക്ക് നിത്യശാന്തി നേരുന്നു.



**2. സി. ജോസ് ക്ലയർ എസ്.എ.ബി.എസ്. :** ദിവ്യകാരുണ്യ ആരാധനസഭയുടെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. ജോസ് ക്ലെയർ പാലാംതട്ടേൽ (85) 2016 ഡിസംബർ 2ന് നിര്യാതയായി. തലശ്ശേരി ജോസ്ഗിരി ആശുപത്രിയിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. മദർ സുപ്പീരിയർ, ജൂണിയർ സിസ്റ്റേഴ്സിന്റെ ഡിറക്ട്രസ്, അധ്യാപിക, ഹെഡ്മിസ്ട്രസ്, ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിൽ മുത്തോലപുരം, മരുതോംകര, പയ്യംമ്പള്ളി, തോമാപുരം, മാനന്തവാടി, ബത്തേരി, തവിഞ്ഞാൽ, പേരിയ, മഞ്ഞുവയൽ, പാലാവയൽ, ഗണ്ഡിബാഗ്, മണിക്കടവ്, ചേറ്റംകുന്ന് തലശ്ശേരി, കാസർഗോഡ്, മാലോം, കണിച്ചാർ, ജോസ്ഗിരി ഹോസ്പിറ്റൽ എന്നീ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ 2016 ഡിസംബർ 3ന് കണിച്ചാർ പള്ളിയിൽ മാർ ജോർജ് വലിയമറ്റം പിതാവ്, ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി പിതാവ്, വികാരി ജനറാൾ മോൺ. അബ്രാഹം പോണാട്ട് എന്നിവരുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി നേരുന്നു.



**3. ശ്രീ. അഗസ്റ്റിൻ അരീപ്പറമ്പിൽ :** ബഹു. ജെയിംസ് അരീപ്പറമ്പിലച്ചന്റെ വത്സലപിതാവ് ശ്രീ. അഗസ്റ്റിൻ അരീപറമ്പിൽ 2016 ഡിസംബർ 2 ന് നിര്യാതനായി. ഡിസംബർ 4ന് കണ്ണിവയൽ പള്ളിയിൽ നടന്ന സംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും അഭിവന്ദ്യ ജോർജ് വലിമറ്റം പിതാവും കാർമ്മികത്വം വഹിച്ചു. പരേതന് നിത്യശാന്തിയും സന്തപ്തകുടുംബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

## 11. സ്നേഹസ്മൃതി

1. റവ. ഫാ. തോമസ് പറമ്പേട്ട് – 02-01-2015
2. റവ. ഫാ. ജോസഫ് പരിയാരം – 06-01-1979
3. റവ. ഫാ. ജോബ് മൈലാടിയിൽ CMI – 06-01-2016
4. റവ. ഫാ. മാത്യു വള്ളോംകുന്നേൽ – 09-01-2016
5. റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ – 10-01-1994
6. റവ. ഫാ. ജോസഫ് ആലക്കൽ – 17-01-2014
7. മോൺ. ജോസഫ് കണിയാമറ്റം – 17-01-2014
8. റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ – 18-01-1960
9. റവ. ഫാ. ബർനാർഡിൻ സിഎംഐ – 18-01-1989
10. റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ – 21-01-2007
11. റവ. ഫാ. ജോസഫ് മൈലാടൂർ – 21-01-2016
12. റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ – 23-01-2003
13. റവ. ഫാ. അബ്രാഹം പൊരുന്നോലിൽ – 31-01-1986

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Johnson Thottathil | 1,00,000 |
| 2. | Rev. Fr. Joseph Kumbukkal | 25,000 |
| 3. | Rev. Fr. Joseph Poovatholil | 10,000 |
| 4. | Rev. Fr. Sebastian Ezhuparayil | 8,000 |
| 5. | Rev. Fr. Alex Nirapel | 10,000 |
| 6. | Rev. Fr. Thomas Chakkittamuriyil | 8,000 |
| 7. | Rev. Fr. Zacharias Karikkal | 50,000 |

| | | |
|---|---|---|
| 8. | Rev. Fr. Kuriakose Orathel | 1,00,000 |
| 9. | Rev. Fr. Scaria Chakkananickal | 10,000 |
| 10. | Rev. Fr. Jacob Kuttikkattukunnel | 10,000 |
| 11. | Rev. Fr. Jose Ananickal | 8,500 |

## Institutions’ Contribution

| | | |
|---|---|---|
| 1. | St. Augustian’s Church, Rajagiri | 20,000 |
| 2. | St. George Church, Kanichar | 1,00,000 |
| 3. | St. Thomas Church, Kottoor | 25,000 |
| 4. | St. Sebastian’s Church, Udayapuram | 9,000 |
| 5. | St. Mother Theresa Church, Kodoth | 3,500 |
| 6. | St. Augustian’s Church, Pulikurumba | 75,000 |
| 7. | St. Mary’s, Church, Neeleswaram | 25,000 |
| 8. | Fathima Matha Church, Perumpunna | 10,000 |
| 9. | St. Alphonsa Church, Ettupara | 25,000 |
| 10. | St. Sebastian’s Church, Rayarome | 25,000 |
| 11. | Sacred Heart Church, Angadikkadavu | 1,00,000 |
| 12. | St. Joseph’s Church, Arabi | 5,000 |
| 13. | St. Joseph’s Church, Pottemplavu | 25,000 |
| 14. | St. Antony’s Church, Chundaparamba | 25,000 |
| 15. | St. Joseph’s Church, Thabore | 15,000 |
| 16. | St. Antony’s Church, Cheemeni | 25,000 |
| 17. | St. Sebastian’s Church, Nedumpuramchal | 50,000 |
| 18. | St. Francis Assissi Church, Melechovva | 20,000 |
| 19. | St. Joseph’s Church, Neduvaloor | 12,500 |
| 20. | St. Chavara Kuriakose Church, Keezhpally | 50,000 |

## Other Contribution

| | | |
|---|---|---|
| 1. | K.J. Mathew Kuzhivelil Pattemplave | 6,000 |

# തലശ്ശേരി അതിരൂപതായോഗം 2017

2017-ൽ നടത്താൻ ഉദ്ദേശിക്കുന്ന തലശ്ശേരി അതിരൂപതായോഗം സെൻട്രൽ കമ്മിറ്റിയുടെ പ്രഥമയോഗം 15-12-2016ന് തലശ്ശേരി ആർച്ച് ബിഷപ്പ് ഹൗസിൽ ചേർന്നു. ഈ യോഗത്തിൽ പ്രോട്ടോസിൻഞ്ചെല്ലൂസ് മോൺ. അബ്രാഹം പോണാട്ടും സെൻട്രൽ കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു.

സെൻട്രൽ കമ്മിറ്റി അംഗങ്ങൾ: മോൺ. അലക്സ് താരാമംഗലം (കൺവീനർ), ഫാ. തോമസ് തെങ്ങുംപള്ളിൽ (സെക്രട്ടറി), ഫാ. ജോസഫ് പാംപ്ലാനിൽ, ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, ഫാ. അന്ത്യാംകുളം, ഫാ. ജോസഫ് ചാത്തനാട്ട് സി.എസ്.ടി, സി. ജ്യോതി ടോം എം.എസ്.എം.ഐ, ശ്രീ. ജെയ്സൺ അട്ടാറിമാക്കൽ, ഡോ. റോസി ആന്റണി നിർമ്മലഗിരി.

## തീരുമാനങ്ങൾ

അതിരൂപതായോഗത്തിനുള്ള ഏകദേശ രൂപരേഖ തയ്യാറാക്കി. അതിരൂപതാംഗങ്ങളിൽനിന്ന് വിഷയം സംബന്ധിച്ച നിർദ്ദേശം സ്വീകരിക്കുകയും വിഷയം നിർണ്ണയിച്ചശേഷം ഒരു മാർഗ്ഗരേഖ തയ്യാറാക്കി ചർച്ചകൾക്കായി നല്കുകയും അതിന്റെ വെളിച്ചത്തിൽ പഠനരേഖ തയ്യാറാക്കി അസംബ്ലിയിൽ ചർച്ച ചെയ്യുകയും ചെയ്യുന്ന രീതി അവലംബിക്കാമെന്നും ഇതിന് സഹായകമായി ഒരു മാതൃകാസർവ്വേ നടത്താമെന്നും ധാരണയിലെത്തി. നടപടിക്രമങ്ങളെക്കുറിച്ച് താഴെ പറയുന്ന രീതിയിൽ ഏകദേശ രൂപരേഖ തയ്യാറാക്കി.

- ജനുവരി മാസത്തെ ബുള്ളറ്റിനിൽ അതിരൂപതായോഗം ചേരാനുള്ള അഭിവന്ദ്യ പിതാവിന്റെ വിജ്ഞാപനം നല്കണം. ജനുവരിയിൽ ത്തന്നെ വിഷയങ്ങൾ നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകളയക്കുകയും ഭവനങ്ങളിലും ദൈവാലയങ്ങളിലും ചൊല്ലാനുള്ള പ്രാർത്ഥന തയ്യാറാക്കി എത്തിച്ചുകൊടുക്കുകയും ചെയ്യണം.
- മാർച്ച് മാസം ആരംഭത്തിൽ വിഷയം നിർണ്ണയിക്കുകയും വിദഗ്ദ സമിതികൾക്കു രൂപം കൊടുക്കുകയും ചെയ്യണം.
- ഏപ്രിൽ അവസാനത്തോടെ മാർഗ്ഗരേഖ പൂർത്തിയാക്കുക.

- ജൂലൈ 30 വരെ മാർഗ്ഗരേഖ ചർച്ചയ്ക്ക് സമയം നല്കുക.
- ഓഗസ്റ്റിൽ ഇടവകകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പഠന രേഖ തയ്യാറാക്കുക.
- നവംബർ മാസം 26-30 അതിരൂപതായോഗം ചേരുക.

മുകളിൽ പറഞ്ഞിരിക്കുന്ന വിവിധ ഘട്ടങ്ങളിലായുള്ള ഒരുക്കങ്ങളെക്കുറിച്ച് യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്. ജനുവരി മാസത്തിൽ അതിരൂപതായോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ നിർദ്ദേശിക്കാനുള്ള സമയമാണ്. "മാറുന്ന കാലവും വിശ്വാസ ജീവിതവും" എന്ന പൊതു ആശയത്തെ അവലംബിച്ചുകൊണ്ടുള്ള വിഷയങ്ങൾ നിർദ്ദേശിച്ചാൽ നന്നായിരിക്കും. ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അല്മായർക്കും വ്യക്തിപരമായി വിഷയങ്ങൾ നിർദ്ദേശിക്കാം. കൂടാതെ ജനുവരി മാസത്തിലെ വാർഡ് കൂട്ടായ്മകൾ, പാരീഷ് കൗൺസിൽ, വിവിധ സംഘടനകളുടെ മീറ്റിംഗുകൾ, ഫൊറോന വൈദിക കൂട്ടായ്മകൾ, സന്യാസ സമൂഹങ്ങളുടെ യോഗങ്ങൾ, എന്നിവയിലെല്ലാം ചർച്ച ചെയ്ത് വിഷയങ്ങൾ നിർദ്ദേശിക്കാവുന്നതാണ്. നിർദ്ദേശങ്ങൾ 2017 ഫെബ്രുവരി 15-നു മുമ്പ് കൺവീനർ, തലശ്ശേരി അതിരൂപതായോഗം, ആർച്ച്ബിഷപ്പ് ഹൗസ്, പി. ബി. നമ്പർ 70, തലശ്ശേരി-670101 എന്ന വിലാസത്തിൽ അയയ്ക്കുകയോ അതിരൂപതാക്കച്ചേരിയിൽ നേരിട്ട് എത്തിക്കുകയോcuriaadtly @ gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചുതരികയോ ചെയ്യാവുന്നതാണ്.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
സെക്രട്ടറി

**മോൺ. അലക്സ് താരാമംഗലം**
കൺവീനർ

# പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്
## (29.11.2016)

2015-17 വർഷത്തിലെ അതിരൂപതാ പ്രെസ്ബിറ്ററൽ കൗൺസിലിന്റെ ദ്വിതീയ സമ്മേളനം 2016 നവംബർ 29ന് അഭിവന്ദ്യ മാർ ജോർജ് ഞറള ക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ സന്ദേശഭവനിൽവച്ചുകൂടി. ഫാ. ജോൺസൺ അന്ത്യാംകുളം നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെ യോഗം ആരംഭിച്ചു.

യോഗത്തിന് മോൺ. അബ്രഹാം പോണാട്ട് സ്വാഗതം ആശംസിച്ചു. മുൻ യോഗത്തിന്റെ റിപ്പോർട്ട് ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അവതരിപ്പിച്ചത് യോഗം എതിരില്ലാതെ പാസാക്കി. തുടർന്ന് അഭിവന്ദ്യ മാർ ഞറളക്കാട്ട് പി താവ് വൈദിക സമിതിയോഗം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. കരുണയുടെ വർഷത്തിൽ അതിരൂപത നടത്തിയ പ്രവർത്തന ങ്ങളെ പിതാവ് വിലയിരുത്തുകയും ഇടവകാധ്യാനങ്ങൾക്കും ക്ലാസുകൾക്കും നേതൃത്വം കൊടുത്ത എല്ലാവരേയും അഭിനന്ദിക്കുകയും ചെയ്തു.

തുടർന്നു നടന്ന ചർച്ചയിൽ അവധിയിലായിരിക്കുന്ന ഫാ. തോമസ് എടാട്ടിന് പകരം അതിരൂപതാവൈദികക്ഷേമസമിതിയിലേക്ക് ഫാ. ജോർജ് കളപ്പുരയെ പ്രെസ്ബിറ്ററൽ കൗൺസിൽ തിരഞ്ഞെടുത്തു.

### അതിരൂപതാ അസംബ്ലി

അതിരൂപതാ അസംബ്ലിയെക്കുറിച്ചുള്ള ചർച്ചയിൽ അതിന്റെ ആവ ശ്യകതയെക്കുറിച്ചും നടത്തേണ്ട രീതികളെക്കുറിച്ചും അതിരൂപതാനിയമാ വലിയുടെ വെളിച്ചത്തിൽ ഫാ. തോമസ് തെങ്ങുംപള്ളി സംസാരിച്ചു. പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള ചർച്ചയിൽ അതിരൂപതാഅസംബ്ലി നട ത്തണമെന്ന് പ്രെസ്ബിറ്ററൽ കൗൺസിൽ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. അസംബ്ലി 2017 നവംബർ 20നും 30നും ഇടയിൽ നടത്തുന്നത് ഉചിതമായിരി ക്കുമെന്ന് കൗൺസിൽ നിർദ്ദേശിച്ചു. അതിരൂപതാഅസംബ്ലിയുടെ നടത്തി പ്പിനായി 9 അംഗ സെൻട്രൽ കമ്മിറ്റിയെ നിയമിക്കാൻ തീരുമാനിച്ചു. ജന റൽ കൺവീനറായി മോൺ. അലക്സ് താരാമംഗലത്തിലിനേയും സെക്രട്ട റിയായി ഫാ. തോമസ് തെങ്ങുംപള്ളിയേയും കൗൺസിൽ തിരഞ്ഞെടുത്തു. കൂടാതെ 9 അംഗ കമ്മിറ്റിയിലേക്ക് ഫാ. ജോസഫ് പാംപ്ലാനി, ഫാ. ജോൺസൺ അന്ത്യാംകുളം, ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ എന്നിവരെ പ്രെസ്ബിറ്ററൽ കൗൺസിലിന്റെ പ്രതിനിധികളായി യോഗം തിര ഞ്ഞെടുത്തു. മേൽപറഞ്ഞ 9 അംഗ കമ്മിറ്റിയിൽ ഒരു സന്യാസ വൈദി കനും ഒരു സന്യാസിനിയും ഒരു അൽമായ പുരുഷനും സ്ത്രീയും ഉണ്ടാ യിരിക്കും. സെൻട്രൽ കമ്മിറ്റി വിളിച്ചുകൂട്ടുവാൻ ജനറൽ കൺവീനറെ ചുമ തലപ്പെടുത്തി. അതിരൂപതാ അസംബ്ലിയുടെ വിഷയത്തെ സംബന്ധിച്ചുള്ള

നിർദ്ദേശങ്ങൾ വിശ്വാസികളുടെ സമൂഹത്തിൽ സ്വീകരിച്ച് കമ്മിറ്റി വിഷയം നിശ്ചയിക്കുകയും മാർഗ്ഗരേഖ തയ്യാറാക്കേണ്ടതുമാണ്. വിശ്വാസപരിശീലനം, 25 വർഷത്തെ അതിരൂപതയുടെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള കർമ്മപദ്ധതി, പരിസ്ഥിതി വിഷയങ്ങൾ, മാധ്യമ അവബോധം യുവജന തുടർവിശ്വാസപരിശീലനം തുടങ്ങിയവ അതിരൂപതാ അസംബ്ലിയുടെ വിഷയങ്ങളായി സ്വീകരിക്കാമെന്ന് പ്രെസ്ബിറ്ററൽ കൗൺസിൽ നിർദ്ദേശിച്ചു.

## വൈദികക്ഷേമസമിതി

തുടർന്ന് വൈദികക്ഷേമസമിതിയെക്കുറിച്ച് മോൺ. അലക്സ് താരാമംഗലം സംസാരിക്കുകയും വൈദികക്ഷേമസമിതി കൂടിയ കാര്യം അറിയിക്കുകയും ചെയ്തു. ചർച്ചയിൽ മറ്റു രൂപതകളിലെ വൈദികക്ഷേമസമിതിയുടെ ഉത്തരവാദിത്വങ്ങളെയും പ്രവർത്തനങ്ങളെയുംകുറിച്ച് പഠിച്ച് നമ്മുടെ അതിരൂപതയിൽ എങ്ങിനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ച് കൃത്യമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കാൻ കൺവീനറെ ചുമതലപ്പെടുത്തി.

## പുതിയ ഫൊറോന

തലശ്ശേരി കത്തീഡ്രൽ പള്ളി കേന്ദ്രീകരിച്ച് പുതിയ ഫൊറോന രൂപീകരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ ഫൊറോന രൂപീകരിക്കുക, കത്തീഡ്രൽ പള്ളിക്ക് പ്രത്യേക പദവികൊടുക്കുക എന്നീ വ്യത്യസ്തങ്ങളായ അഭിപ്രായമുണ്ടായി. പുതിയ ഫൊറോനായുടെ കീഴിൽ വരാൻ സാധ്യതയുള്ള വികാരിയച്ചന്മാരുമായി സംസാരിച്ച് തീരുമാനമെടുക്കാൻ കൗൺസിൽ നിർദ്ദേശിച്ചു.

## പുതിയ ഇടവകകൾ

കള്ളാർ (ശാന്തിഗിരി), പറമ്പ എന്നീ സ്റ്റേഷൻ പള്ളികൾ ഇടവകകളായി ഉയർത്തുന്നതിനെ വൈദികസെനറ്റ് അംഗീകരിച്ചു. പ്രസ്തുത ഇടവകകളുടെ അതിർത്തികൾ നിശ്ചയിക്കുക, സാമ്പത്തിക കാര്യങ്ങൾ തുടങ്ങിയവ പഠിക്കുന്നതിനായി ഇടവകകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ഫൊറോനാവികാരിമാരെയും കാസർഗോഡ് റീജൻ വികാരിജനറാൾ മോൺ. ജോർജ് എളുകുന്നേലിനേയും, ഫാ. സെബാസ്റ്റ്യൻ ചേന്നോത്തിനേയും ചുമതലപ്പെടുത്തി. തുടർന്നു നടന്ന ചർച്ചയിൽ പുല്ലടി കുരിശുപള്ളി അടോട്ടുകയം ഇടവകയുടെ കീഴിലും ദർഘാസ് കുരിശുപള്ളി പുഞ്ച ഇടവകയുടെ കീഴിലും ആനമഞ്ഞൾ കുരിശുപള്ളി ചുള്ളി ഇടവകയുടെ കീഴിലാക്കുന്നതും അജപാലന പ്രവർത്തനങ്ങൾക്ക് സൗകര്യപ്രദമായിരിക്കുമെന്ന് സെനറ്റ് അഭിപ്രായപ്പെട്ടു.

തുടർന്ന് അഭിവന്ദ്യപിതാവ് സമാപനസന്ദേശം നല്കി. മോൺ. അലക്സ് താരാമംഗലം എല്ലാവർക്കും നന്ദി പറഞ്ഞു. 02.00 മണിക്ക് എല്ലാവരും ഉച്ചഭക്ഷണത്തിനായി പിരിഞ്ഞതോടെ 16-ാമത് വൈദികസമിതിയുടെ രണ്ടാമത്തെ സമ്മേളനം അവസാനിച്ചു.

സെക്രട്ടറി

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

പുതിയ പ്രതീക്ഷകളുമായി ഒരു പുത്തൻ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരുംതലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

## 1. അതിരൂപതാ മതബോധന കമ്മിറ്റി

2016-17 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2017 മാർച്ച് 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 2. ഡിപ്ലോമ പരീക്ഷ ( ക്ലാസ്സ് XII )

XII -ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. 25ന് ഫൊറോന കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

## 3. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 4. വാർഷികപരീക്ഷ I- XI

അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം ഒരുമിച്ചായിരിക്കും.

## 5. ജനറൽ/മോഡൽ ചോദ്യങ്ങൾ

ജനുവരി 26ന് നടത്തുന്ന XII-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 6. പരീക്ഷ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന വാർഷികപരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ.

## 7. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'കത്തോലിക്കാ സഭ ഇന്നലെയും ഇന്നും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 25ന് തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു.

## 8. വിശ്വാസോത്സവം ഏപ്രിൽ 1-5

വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 5 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതായിരിക്കും. IV-ാം ക്ലാസ്സിലെ കുട്ടികളുടെ വർക്ക്ബുക്കായ 'ജീവന്റെ അപ്പം' (ആദ്യകുർബാന സ്വീകരണത്തിനുള്ള പരിശീലന പുസ്തകം) കാറ്റിക്കിസം ഓഫീസിൽ ലഭ്യമാണ്.

## 9. സീറോ മലബാർ മിഷൻ ഞായർ

സീറോമലബാർ സഭയുടെ മിഷൻ ഞായറായ ജനുവരി 8-ാം തീയതി എല്ലാ സൺഡേസ്കൂളിലും മിഷൻദിനമായിട്ട് ആചരിക്കേണ്ടതാണ്.

## 10. പ്രണയം 2016

നമ്മുടെ അതിരൂപതയിൽ മതബോധനത്തിന് 12-ാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കുമായി ഒരു പഠന ക്ലാസ് വിശ്വാസോത്സവത്തോടനുബന്ധിച്ച് ഫൊറോനാകേന്ദ്രങ്ങളിൽ ക്രമീകരിക്കുന്നു. ഏപ്രിൽ 7-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുമണിവരെയാണ് ക്ലാസ്സ് നടത്തുന്നത്. ലൗജിഹാദ്, അന്യമതപ്രണയബന്ധങ്ങൾ തുടങ്ങിയവ വർദ്ധനമാകുന്ന ആധുനിക സാഹചര്യത്തിൽ നമ്മുടെ യുവജനങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക എന്നതാണ് ഈ ക്ലാസിന്റെ ലക്ഷ്യം. 12-ാം ക്ലാസ് വിദ്യാർത്ഥികൾ തങ്ങളുടെ മാതാപിതാക്കളോടൊപ്പം ഈ ക്ലാസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം കുട്ടികളെ അധ്യാപകർ അറിയിക്കുമല്ലോ.

## 11. സെമിനാർ (ആസ്പെക്ട്)

അധ്യാപർക്കായി ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടാമത്തെ ഏകദിന സെമിനാർ **"ഭാരത കത്തോലിക്ക സഭ ഇന്നലെയും ഇന്നും"** എന്ന സഭാചരിത്രഗ്രന്ഥത്തെക്കുറിച്ചുള്ള പഠനമാണ്. സഭാചരിത്രം വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഫൊറോനയിലെ മുഴുവൻ അധ്യാപകരും സെമിനാറിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. എല്ലാവരുടെയും സൗകര്യാർത്ഥം ക്ലാസ്സുകൾ ഉച്ചകഴിഞ്ഞ് 2 മുതൽ 5.30 വരെയായിരിക്കും. സെമിനാറുള്ള ദിവസം വേദപാഠക്ലാസ്സ് ഒരുമണിക്ക് അവസാനിപ്പിച്ച് പൊതുവായി ഭക്ഷണം കഴിച്ച് എല്ലാവരും ഒരുമിച്ച് സെമിനാറിൽ എത്തുമല്ലോ. ക്ലാസ്സിന് വരുമ്പോൾ നിർബന്ധമായും ടെക്സ്റ്റ് ബുക്ക് കൊണ്ടുവരേണ്ടതാണ്. പുസ്തകം ആവശ്യമുള്ളവർക്ക് ഓഫീസിൽനിന്ന് വാങ്ങാവുന്നതാണ്.

| ജനുവരി മാസത്തെ സെമിനാർ | | | |
|---|---|---|---|
| **തിയതി** | **ഫൊറോന** | **സ്ഥലം** | **സമയം** |
| 01 ഞായർ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് | 2.00 - 5.30 pm |
| 01 ഞായർ | തോമാപുരം | തോമാപുരം | 2.00 - 5.30 pm |
| 08 ഞായർ | പനത്തടി | പനത്തടി | 2.00 - 5.30 pm |
| 08 ഞായർ | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് | 2.00 - 5.30 pm |
| 15 ഞായർ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | 2.00 - 5.30 pm |
| 15 ഞായർ | കുന്നോത്ത് | കുന്നോത്ത് | 2.00 - 5.30 pm |
| 15 ഞായർ | എടൂർ | എടൂർ | 2.00 - 5.30 pm |
| 22 ഞായർ | പേരാവൂർ | പേരാവൂർ | 2.00 - 5.30 pm |
| 22 ഞായർ | മേരിഗിരി | മേരിഗിരി | 2.00 - 5.30 pm |

## 12. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. ഡിപ്ലോമ രജിസ്ട്രേഷൻ ഫോം തരാത്തവർ കുട്ടികളുടെ വിവരങ്ങൾ ചേർത്ത് രണ്ടു കോപ്പികളും എത്രയും പെട്ടെന്ന് ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ. വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2016-2017ന്റെ പ്രിന്റെടുത്ത് അതേ ക്രമത്തിൽ വേണം കുട്ടികളുടെ വിവരങ്ങൾ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ എഴുതി ചേർക്കേണ്ടത്.
2. ഡിപ്ലോമ ഇംപ്രൂവ്മെന്റ് എഴുതുന്നവരുടെയും നോൺ റെഗുലർ സ്റ്റുഡന്റായി പരീക്ഷ എഴുതുന്നവരുടെയും വിവരങ്ങൾ വെബ്സൈറ്റിലും രജിസ്ട്രേഷൻ ഫോമിലും ചേർക്കേണ്ടതില്ല. അവരുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററുടെ ഒപ്പോടുകൂടി രജിസ്ട്രേഷൻ ഫോമിനോടൊപ്പം അയച്ചുതരേണ്ടതാണ്.
3. വിശ്വാസോത്സവത്തിന്റെ വർക്ക്ബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.

4. അധ്യാപകരുടെ പേരുവിവരങ്ങളും മറ്റു കാര്യങ്ങളും ജനുവരി 30നകം നിർബന്ധമായും വെബ്സൈറ്റിൽ ചേർത്ത് സഹകരിക്കുമല്ലോ.

5. ആസ്പെക്ട് പരീക്ഷ എഴുതുന്നവരുടെ എണ്ണം വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഫോമിൽ ചേർക്കേണ്ടതാണ്. ഈ വർഷം ആസ്പെക്ട് പരീക്ഷക്ക് 100 One word Questions ആയിരിക്കും. എല്ലാവരും പരീക്ഷ യാണ് എഴുതേണ്ടത്. പ്രബന്ധം ഉണ്ടായിരിക്കുകയില്ല. പരീക്ഷയെ സംബ ന്ധിച്ചുള്ള കാര്യങ്ങൾ പിന്നീട് അറിയിക്കും.

6. അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം (2011 ജൂൺ14) 65 വയസ്സായ അധ്യാപകർ റിട്ടയർ ചെയ്യുമ്പോൾ ഇടവകാതലത്തിൽ അവരെ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. അതു പോലെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായി നിശ്ചയിച്ചി ട്ടുള്ള കാര്യവും ഓർമ്മപ്പെടുത്തട്ടെ.

## 13. BTh Course (*Lumen Ecclesiae*) പഠനം പൂർത്തിയാക്കാൻ സുവർണ്ണാവസരം

1. പഠനം ഇടയ്ക്കുവച്ച് മുടങ്ങിപ്പോയവർക്കായി ഏപ്രിൽ 18, 19, 20 തിയ തികളിൽ തലശ്ശേരിയിൽവച്ച് റസിഡൻഷ്യൽ ക്ലാസ് (Residential Class) ഉണ്ടായിരിക്കും. തിയോളജിയുടെ എല്ലാ വിഷയങ്ങൾക്കും ക്ലാസ് നല്കു ന്നതായിരിക്കും.

2. പരീക്ഷകൾ മുടങ്ങിപ്പോയവർക്കായി ഫെബ്രുവരി 4, 5, 19, 20 തീയതിക ളിലായി ഇരിട്ടി, തോമാപുരം, ചെമ്പേരി, പനത്തടി, ആലക്കോട്, പടന്ന ക്കാട്, എന്നീ സെന്ററുകളിൽവച്ച് പരീക്ഷ ഉണ്ടായിരിക്കും. പരീക്ഷ എഴു തുന്നവർ ആൽഫാ ഓഫീസിൽ വിളിച്ചുപറയേണ്ടതാണ്.

3. കൂടാതെ തലശ്ശേരിയിൽവച്ച് ഏത് ദിവസവും പരീക്ഷ എഴുതാൻ സാധി ക്കുന്നതാണ്. മുൻകൂട്ടി ആൽഫാ ഓഫിസിൽ വിളിച്ചു പറയുക. ക്ലാസു കൂടാത്തവർക്കും പരീക്ഷ എഴുതാവുന്നതാണ്.

4. ഈ വർഷം BTh (*Lumen Ecclesiae*) Course പൂർത്തിയാക്കുന്നവർ Dissertation എഴുതുന്നതിനെക്കുറിച്ച് ചിന്തിക്കുക. Schema തയ്യാറാക്കി കാണിച്ചാൽ തിരുത്തൽ നല്കുന്നതായിരിക്കും - സഹായം ആവശ്യമു ള്ളവർ ആൽഫാ ഓഫീസുമായി ബന്ധപ്പെടുക. (ഫോൺ നമ്പർ 0490 2344727, 9400509515)

5. BTh (*Lumen Ecclesiae*) Course -ന്റെ ഫീസ് അടക്കാൻ ബാക്കിയു ള്ളവർ ജനുവരി 30 നകം വിശ്വാസപരിശീലന ഓഫീസിൽ അടക്കേണ്ട താണ്.

   എല്ലാ അധ്യാപകരും മേല്പറഞ്ഞ അവസരങ്ങൾ പ്രയോജനപ്പെടുത്തി BTh (*Lumen Ecclesiae*) Course പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 14. ഡിപ്ലോമ പരീക്ഷ നിർദ്ദേശങ്ങൾ

1. പരീക്ഷ 2017 ജനുവരി 26നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.
2. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30നു മുൻപായി എത്തുക.
3. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.
4. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.
5. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ **പേര് എഴുതാൻ പാടില്ല.** പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജി. നമ്പർ, സ്ലിപ്പിൽ രജി. നമ്പർ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജി. നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേ സ്കൂളിൽനിന്ന് പൊതുവായി പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.
6. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കു ചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെകവറിൽ പായ്ക്ക് ചെയ്യണം.
7. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.
8. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Centre Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.
9. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.
10. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 0490 2344430.

പുതുവത്സരാശംസകളോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. സംസ്ഥാന ബൈബിൾ കലോത്സവം

2016 ഡിസംബർ 30,31 തീയതികളിൽ തലശ്ശേരി സന്ദേശഭവൻ സാൻജോസ് സ്കൂളുകളിലായി സംസ്ഥാന ബൈബിൾ കലോത്സവം സുഗമമായി നടന്നു. തലശ്ശേരി അതിരൂപതാ ആതിഥേയത്വം വഹിച്ച സംസ്ഥാന കലോത്സവത്തിൽ എല്ലാ പ്രോത്സാഹനങ്ങളും നൽകിയ അഭിവന്ദ്യ പിതാവ് മാർ ജോർജ്ജ് ഞരളക്കാട്ടിനും മാർ ജോർജ്ജ് വലിയമറ്റം പിതാവിനും പ്രത്യേകം നന്ദി പറയുന്നു. കലോത്സവം വിജയപ്രദമാക്കുവാൻ ഏറെ സഹായിച്ച അതിരൂപതാ കേന്ദ്രത്തിലെ പ്രിയ ബഹു.അച്ചൻമാർക്കും നന്ദി പറയുന്നു. പ്രത്യേകമായി ഫാ.ജോർജ്ജ് കാഞ്ഞിരക്കാട്ട്, ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, ഫാ.ബിജു കരിങ്ങാലിക്കാട്ടിൽ ഫാ. സാബു പുതുശ്ശേരി എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. മത്സാർത്ഥികളെ ക്രമീകരിച്ച സി.ഡോണ എഫ്.സി.സി, സി.സെലിൻഎസ്.എച്ച് എന്നിവർക്ക് ബൈബിൾ അപ്പസ്റ്റൊലേറ്റിന്റെ പ്രത്യകം നന്ദി. വേദിയൊരുക്കി സഹായിച്ച ബഹു. മാത്യു തെക്കേമുറിയിലച്ചനും, ബഹു. ശാസ്താം പടവിലച്ചനും പ്രത്യേകം നന്ദി. ഭക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് എല്ലാം ക്രമീകരിച്ച ബഹു.തോമസ് തയ്യിലച്ചനെയും ബഹു.ബെന്നി നിരപ്പേലച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. സംസ്ഥാന മത്സര ഓർഗനൈസിങ്ങ് കോഡിനേറ്ററായിരുന്ന ടോണി ജോസ്, ബ്ര.ജോയിസ് പാലക്കീൽ എന്നിവർക്ക് പ്രത്യേകാഭിനന്ദനങ്ങൾ. ബൈബിൾ അപ്പസ്റ്റൊലേറ്റ് ഓഫീസ് അംഗങ്ങളായ രഞ്ജിത്, ജഷിത, അനിത എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.അതിരൂപതാതലത്തിൽ വിജയം കരസ്ഥമാക്കിയവർക്ക് പ്രത്യേകാഭിനന്ദനങ്ങൾ. പേരുവിവരങ്ങൾ അടുത്തമാസം രൂപതാ ബുള്ളറ്റിനിൽ നൽകുന്നതായിരിക്കും.

## 2. സമ്പൂർണ്ണ ബൈബിൾ പാരായണ മാസം

കെസി.ബി.സി ബൈബിൾ കമ്മീഷൻ 2017 വർഷം സമ്പൂർണ്ണ ബൈബിൾ പാരായണ വർഷമായി ആചരിക്കുന്നു. ദൈവവചന ഗ്രന്ഥമായ ബൈബിൾ മുഴുവൻ വായിക്കുക എന്നത് മനുഷ്യജീവിതത്തിലെ സമുന്നതമായ തീർത്ഥാടനവും സുശക്തമായ പ്രാർത്ഥനയുമാണ്. രൂപതയിലെ ഓരോ ഭവനങ്ങളിലും, ഉപയോഗിക്കാൻ സഹായകരമായ പ്ലാനറും, കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. ജനുവരി മാസത്തിൽ ഫൊറോനാകേന്ദ്രങ്ങളിൽ കലണ്ടറും പ്ലാനറും എത്തുന്നതായിരിക്കും. ഇടവകകൾ ഫൊറോനാ കേന്ദ്ര

ത്തിൽനിന്നും ഇവ കരസ്ഥമാക്കി ഓരോ ഭവനങ്ങളിലും എത്തിക്കണമെന്ന് താത്പര്യപ്പെടുന്നു.

### 3. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

ഈ മാസം നടക്കുന്ന ദൈവശാസ്ത്ര കോൺടാക്ടുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു. എല്ലാവരും കൃത്യസമയത്തു തന്നെ പങ്കെടുക്കുമല്ലോ.

| തിയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ജനു. 01 | വെള്ളരിക്കുണ്ട്<br>തോമാപുരം | 2.00–5.30 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ജനു. 08 | പനത്തടി<br>കാഞ്ഞങ്ങാട് | 2.00–5.30 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ജനു. 10 | പാലക്കാട് | 9.30–4.30 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ജനു. 15 | നെല്ലിക്കാംപോയിൽ<br>എടൂർ<br>കുന്നോത്ത് | 2.00–5.30 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| ജനു. 21 | തിരുവനന്തപുരം | 9.30–4.30 | തിരുസഭാ ചരിത്രം<br>ഇന്ത്യൻ സഭാചരിത്രം |
| ജനു. 22 | പേരാവൂർ<br>ബാംഗ്ലൂർ<br>മേരിഗിരി | 2.00–5.30<br>9.30–4.30<br>2.00–5.30 | തിരുസഭാ ചരിത്രം<br>ഇന്ത്യൻ സഭാചരിത്രം |
| ജനു. 28 | ലക്നൗ | 2.00–8.00 | ദൈവശാസ്ത്ര പ്രവേശിക<br>ബൈബിൾ വ്യാഖ്യാനശാസ്ത്രം |
| ജനു. 29 | ലക്നൗ | 9.00–5.00 | ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |

### 4. റിസർച്ച് വിദ്യാർത്ഥികളുടെ സമ്മേളനം

ജനുവരി 4,5 തീയതികളിൽ ആൽഫാ ദൈവശാസ്ത്ര ഗവേഷണ വിദ്യാർത്ഥികളുടെ സമ്മേളനം തലശ്ശേരി സന്ദേശഭവനിൽവെച്ച് നടക്കുന്നു. ഗവേഷണ വിഷയങ്ങൾ ഓരോ വിദ്യാർത്ഥിയും അവതരിപ്പിക്കുകയും, അതിനെ അധികരിച്ച് ചർച്ചചെയ്യുകയും ചെയ്യുന്നു.

## 5. റസിഡൻഷ്യൽ കോൺടാക്ട് ക്ലാസ്സ്

ദൈവശാസ്ത്ര പഠനം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ആരംഭിച്ച് ഇടയ്ക്കുവെച്ച് മുടങ്ങിപ്പോയവർക്കുമായി ഏപ്രിൽ 18,19,20 തീയ്യതികളിൽ തലശ്ശേരിയിൽവെച്ച് റസിഡൻഷ്യൽക്ലാസ്സ് (Residential Class) ഉണ്ടായിരിക്കും. തിയോളജിയുടെ ഈ അധ്യേയന വർഷത്തെ വിഷയങ്ങൾക്കും ക്ലാസ്സ് നൽകുന്നതായിരിക്കും. ദൈവശാസ്ത്ര കോഴ്സ് പഠിക്കാൻ ആഗ്രഹിക്കുന്നവർ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ക്ലാസ്സ് ദിവസങ്ങളിൽ താമസം, ഭക്ഷണം തുടങ്ങിയ ക്രമീകരണങ്ങൾ ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കുമല്ലോ. ക്ലാസ്സുകളുടെ ടൈംടേബിൾ അടുത്ത മാസത്തെ ഗിരിദീപത്തിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

## 6. ല്യൂമെൻ എക്ലേസിയ – സപ്ലിമെന്ററി പരീക്ഷ

പരീക്ഷകൾ മുടങ്ങിപ്പോയവർക്കായി ഫെബ്രുവരി 4,5,19,20 തീയതികളിലായി ഇരിട്ടി, തോമാപുരം, ചെമ്പേരി, പനത്തടി, ആലക്കോട്, പടന്നക്കാട് എന്നീ സെന്ററുകളിൽവച്ച് പരീക്ഷ ഉണ്ടായിരിക്കും. പരീക്ഷ എഴുതുന്നവർ ആൽഫാ ഓഫീസിൽ വിളിച്ചു പറയേണ്ടതാണ്. തിങ്കൾമുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ 4 ദിവസം മുൻകൂറായി അറിയിച്ചതിനുശേഷം തലശ്ശേരിയിൽനിന്നും പരീക്ഷകൾ എഴുതാവുന്നതാണ്. ക്ലാസ്സുകൂടാത്തവർക്കും പരീക്ഷ എഴുതാവുന്നതാണ്.

## 7. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| ജനുവരി | | | |
|---|---|---|---|
| വെള്ളി | 6,13,20,27 | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ശനി | 7,14,21,28 | രാത്രി 12.00 | ദൈവശാസ്ത്രബിരുദം(ഗൾഫ്എഡിഷൻ) |
| ഞായർ | 8,15,22,29 | രാത്രി 7.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം |
| ബുധൻ | 4,11,18,25 | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ) |
| **ആവർത്തനം** | | | |
| ബുധൻ ഉച്ച -2.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം | | | |

## 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾ വീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റു ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജനുവരി | 8,15,22,29 (ഞായർ) 21.00 - 22.00 (09.00 10.00 pm) |
| ജനുവരി | 3,10,17,2431 (ചൊവ്വ) 21.00 - 22.00 (09.00 10.00 pm) |
| ജനുവരി | 6,13,20,27 (വെള്ളി) 21.00 - 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട് ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

## 9. സത്യമറിയാൻ

തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റും കെ.സി. വൈ.എം.-ഉം ഗുഡ്നെസ് ടെലിവിഷനുമായി ചേർന്നുനടത്തുന്ന സത്യമറിയാൻ എന്ന ടെലിവിഷൻ പ്രോഗ്രാം സത്യവിശ്വാസത്തിന്റെ ആഴങ്ങൾ മനസ്സിലാക്കാൻ ഏറെ സഹായകമാണ്. ഗുഡ്നെസ്സ് ടി.വി.യിലെ സംപ്രേഷണ സമയങ്ങൾ ചുവടെ ചേർക്കുന്നു. പള്ളിയിൽ അറിയിക്കുന്നത് ഏറെ സഹായകമാണ്.

| | |
|---|---|
| തിങ്കൾ | - 8.30 pm |
| വ്യാഴം | - 12.30 pm |
| ഞായർ | - 03.30 pm |

## 10. സി. ക്യാറ്റ്

തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് മതബോധന കെ.സി.വൈ.എം ഡിപ്പാർട്ടുമെന്റുകളും ശാലോം ടെലിവിഷനും സംയുക്തമായി നടത്തുന്ന സി. ക്യാറ്റ് എന്ന പഠനപരമ്പര ശാലോം ടെലിവിഷനിൽ ജനുവരി മാസം മുതൽ ആരംഭിക്കുന്നു. സഭയുടെ സാർവ്വത്രിക മതബോധനഗ്രന്ഥം ആനുകാലിക പശ്ചാത്തലത്തിൽ സമഗ്രമായി പഠിക്കുന്ന ഈ പഠനപരിപാടി വീക്ഷിക്കുവാനും നിർദ്ദേശങ്ങൾ നൽകുവാനും എല്ലാവരെയും പ്രോത്സാഹിപ്പിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

2016ൽ ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് വീണ്ടുമൊരു പുതുവർഷത്തിലേയ്ക്ക് പുത്തൻ പ്രതീക്ഷകളും നല്ല തീരുമാനങ്ങളുമായി നാം പ്രവേശിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലം ഒരുപാട് അനുഗ്രഹങ്ങളും നന്മകളും നമ്മുടെ ജീവിതത്തിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും വർഷിച്ച് ഒരു പോറൽപോലുമേൽക്കാതെ നമ്മെ പരിപാലിച്ച നല്ല തമ്പുരാന്റെ മുമ്പിൽ നന്ദിയോടെ ശിരസ്സു നമിച്ചുകൊണ്ട് പുതുവർഷത്തെ എതിരേൽക്കാം. 2017ന്റെ ഓരോ ദിനവും കൂട്ടായി കൂടെയുണ്ടാകണമേയെന്ന് പ്രാർത്ഥിക്കാം. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദനഹാതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. സെബസ്റ്റ്യാനോസ്, വി. ചാവറയച്ചൻ |
| പ്രാർത്ഥനാനിയോഗം | : നവ വൈദികർക്കുവേണ്ടി |
| കാരുണ്യപ്രവൃത്തി | : മരിച്ചവരെ അടക്കുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുക |
| സുകൃതജപം | : എന്നെ സ്നേഹിക്കുന്ന എന്റെ ഈശോയെ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു |

## ശാഖകൾ ശ്രദ്ധിക്കാൻ

1 ഞായർ - പുതുവർഷാരംഭം, വി. കുർബാനയിൽ പങ്കെടുത്ത് പുതുവർഷത്തെ വരവേൽക്കുക.

3 ചൊവ്വ - വി. ചാവറയച്ചന്റെ തിരുനാൾ

20 വെള്ളി - വി. സെബസ്റ്റ്യാനോസിന്റെ തിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

മേഖലാ മാനേജിംഗ് കമ്മിറ്റി, എക്സിക്യൂട്ടീവ്, കൗൺസിൽ എന്നിവ നടത്താത്ത മേഖലകൾ പ്രസ്തുത മീറ്റിംഗുകൾ നടത്തി മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ ഭംഗിയായി ക്രമീകരിക്കുകയും ചെയ്യുമല്ലോ.

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ജനുവരി 26-ാം തീയതി

രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി തളിപ്പറമ്പിൽവച്ച് ആരംഭിക്കുന്ന വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ ശാഖാ വൈസ് ഡയറക്ടർ സിസ്റ്റേഴ്സ് എല്ലാവരും പങ്കെടുക്കുമല്ലോ. വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനവും ക്രിസ്മസ് സമ്മാനങ്ങളും ഈ മീറ്റിംഗിൽവച്ച് നൽകുന്നതായിരിക്കും.

## അതിരൂപതാ മാനേജിംഗ് കമ്മിറ്റി

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത മാനേജിംഗ് കമ്മിറ്റിയും 2017-19 വർഷത്തേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഡിസംബർ 12-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച് നടന്നു. തളിപ്പറമ്പ് ഫൊറോന അസി. വികാരി ഫാ. പോൾ കണ്ടത്തിൽ ഉദ്ഘാടനം ചെയ്ത മാനേജിംഗ് കമ്മിറ്റിയിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ജെയ്സൺ മർക്കോസ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത സെക്രട്ടറി ബേബി പ്ലാശ്ശേരി കണക്കും ജോ. സെക്രട്ടറി ഏലിക്കുട്ടി എടാട്ട് റിപ്പോർട്ടും അവതരിപ്പിച്ചു.

തുടർന്ന് കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തനങ്ങൾ സംക്ഷിപ്തമായി വിലയിരുത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബെന്നി മുത്തനാട്ടിന്റെ നേതൃത്വത്തിൽ 2017-19 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് സ്വാഗതവും സെക്രട്ടറി ബേബി പ്ലാശ്ശേരി നന്ദിയും പറഞ്ഞു.

## ഹൃദ്യമായ സ്വാഗതം

**2017-19 പ്രവർത്തന വർഷത്തെ അതിരൂപതാ ഭാരവാഹികൾ**

പ്രസിഡന്റ് - ബേബി പ്ലാശ്ശേരി, വൈ. പ്രസി. - ലില്ലി കുളത്തുംപാട്ട്
സെക്രട്ടറി - സുനിൽ കല്ലിടുക്കിൽ, ജോ. സെക്രട്ടറി - ഷേർളി പാമ്പനാൽ
ജനറൽ ഓർഗനൈർ - ജെയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കൽ

**റീജിയണൽ ഓർഗനൈസേഴ്സ്**

ഷിജോ പുതുപ്പറമ്പിൽ - ആലക്കോട് റീജൻ
ജെറിൻ ചേമ്പാലക്കുന്നേൽ - ചെമ്പേരി റീജൻ
ടോണി ഇരുപ്പക്കാട്ട് - പടന്നക്കാട് റീജൻ
ലിബിൻ കല്ലന്മാരുകുന്നേൽ - ഇരിട്ടി റീജൻ

**സംസ്ഥാന പ്രതിനിധികൾ**

ജെയ്സൺ പുളിച്ചമാക്കൽ, മാണി കണിയാരോലിക്കൽ
മോളി ഇല്ലിക്കൽ, ജെസ്സി വട്ടക്കാട്ട്

**ഓഡിറ്റേഴ്സ്**

ഷിജോ സ്രായിൽ, ഷിജിൻ മഞ്ഞക്കുന്നേൽ

**ഉപരി ഘടകം -** ഏലിക്കുട്ടി എടാട്ട്, ലില്ലി വഴിക്കുടിലിൽ

പുതിയ ഭാരവാഹികൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ദൈവഹിതപ്രകാരം ആത്മാർത്ഥമായി നിർവ്വഹിക്കുവാൻ എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാശംസകളും നേർന്നുകൊണ്ട് അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## ഹൃദയം നിറഞ്ഞ നന്ദി

കഴിഞ്ഞ മൂന്നുവർഷക്കാലം ചെറുപുഷ്പമിഷൻലീഗിനെ വളർച്ചയിലേയ്ക്കും ഉയർച്ചയിലേയ്ക്കും നയിച്ച പ്രസിഡന്റ് ജെയ്സൺ മർക്കോസിന്റെ നേതൃത്വത്തിലുള്ള അതിരൂപതാ ഭാരവാഹികൾക്ക് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

## പരീക്ഷ ഒരുക്കധ്യാനം

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരിയാരം മദർഹോമിൽവച്ച് ഫെബ്രുവരി 10,11,12 തീയതികളിലും പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് ഫെബ്രു. 17,18,19 തീയതികളിലുമായി അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്കധ്യാനം നടക്കുന്നു. ആരംഭം ദിവസം രാവിലെ 10 മണി മുതൽ സമാപനദിവസം ഒരു മണി വരെയായിരിക്കും ധ്യാനം. കൗൺസിലിംഗ്, കുമ്പസാരം, സൗഖ്യശുശ്രൂഷ എന്നിവയും ഉണ്ടായിരിക്കും. 350 രൂപയാണ് ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ താഴെപറയുന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ.

പടന്നക്കാട് : 8182191773, 9447687771, മദർഹോം : 8606603101, 04972800544

**വസ്ത്രസഹായം :** ശാന്തിഗിരി ശാഖയിലെ മിഷൻലീഗ് കുട്ടികളുടെ നേതൃത്വത്തിൽ പാവപ്പെട്ട കുട്ടികൾക്ക് ക്രിസ്മസ് സമ്മാനം നൽകുവാനായി 30 പുത്തനുടുപ്പുകൾ നൽകി. ശാന്തിഗിരി ശാഖയിലെ കുഞ്ഞുമിഷനറിമാർക്ക് അഭിനന്ദനങ്ങൾ...

## സമർപ്പണഫണ്ട്

സാംഗ്ലിമിഷനിലെ എയ്ഡ്സ് രോഗികളായ കുട്ടികളെ സഹായിക്കുവാനായി 25 നോമ്പിൽ കുട്ടികൾ ത്യാഗപൂർവ്വം സമാഹരിച്ച തുകയും ശാഖാവിഹിതവും ചേർത്തുള്ള തുക ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

## മിഷൻ പച്ചക്കറിത്തോട്ടം വിജയികൾ

മിഷൻലീഗിന്റെ നേതൃത്വത്തിൽ ശാഖകളിൽ നടത്തിയ മിഷൻ പച്ചക്കറിത്തോട്ടം മത്സരത്തിൽ വിജയികളായവർ.

I$^{st}$ : - കീഴ്പ്പള്ളി ശാഖ

II$^{nd}$ : - കനകക്കുന്ന് ശാഖ

III$^{rd}$ : - രാജഗിരി ശാഖ

പ്രോത്സാഹനസമ്മാനത്തിനർഹരായവർ.

ശാന്തിഗിരി, ചാവറഗിരി, തളിപ്പറമ്പ്

## സുവർണ്ണ ജൂബിലി സ്മാരക പ്രബന്ധരചനാ മത്സരവിജയികൾ

I<sup>st</sup> : കാതറിൻ മാളിയേക്കൽ - കോഴിച്ചാൽ

II<sup>nd</sup> : റോസ് മേരി വലിയവീട്ടിൽ - പേരാവൂർ

III<sup>rd</sup> : റോസ്ന പുതിയകുന്നേൽ - പരിയാരം

## കാരുണ്യവർഷ ആൽബം - വിജയികൾ

I<sup>st</sup> : ജിതിൻ മരങ്ങ്യാട്ടുമ്യാലിൽ - ആനറ

II<sup>nd</sup> : ദിൽന വെള്ളാരംകുന്നേൽ - പേരാവൂർ

II<sup>nd</sup> : സാന്ദ്രാ വണ്ടാമാക്കൽ - ആനപ്പന്തി

III<sup>rd</sup> : ലിസബത്ത് പൂവ്വത്തിങ്കൽതാഴത്ത് - കൊളക്കാട്

III<sup>rd</sup> : അന്നാ റോസ് കുറ്റിപ്പുറത്ത് - വെള്ളാട്

III<sup>rd</sup> : അൽഫോൻസ പീടികയിൽ - അങ്ങാടിക്കടവ്

അതിരൂപതാ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

## മിഷൻ ബംബർ - വിജയികൾ

I<sup>st</sup> : ഇഷ അൽഫോൻസ മൂലയിൽ - പുളിങ്ങോം

II<sup>nd</sup> : ആൽബിൻ കുന്നുംപുറത്ത് - കണിച്ചാർ

III<sup>rd</sup> : ദിയ എയ്ഞ്ചൽ - പുളിങ്ങോം

III<sup>rd</sup> : എയ്ഞ്ചൽ ആനിത്തോട്ടത്തിൽ - വിമലശ്ശേരി

വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ ജനുവരി 26-ാം തീയതി നടക്കുന്ന വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽവച്ച് നൽകുന്നതായിരിക്കും.

## പൈസക്കരി മേഖലാ കൗൺസിലും വാർഷികവും

പൈസക്കരി മേഖലാ കൗൺസിലും വാർഷികവും ഡിസംബർ 10-ാം തീയതി വെമ്പുവ ശാഖയിൽവച്ച് നടന്നു. രാവിലെ 9 മണിക്ക് പയ്യാവൂർ പള്ളിയിൽനിന്നും ആരംഭിച്ച പ്രേഷിതറാലിയിൽ മേഖലയിലെ എല്ലാ ശാഖകളിൽനിന്നുമുള്ള കുട്ടികളും വൈസ് ഡയറക്ടേഴ്സും ഭാരവാഹികളും പങ്കെടുത്തു. തുടർന്ന് വെമ്പുവ പള്ളിയിൽവച്ച് മേഖല പ്രസിഡന്റ് ശ്രീ. വർഗ്ഗീസ് കുളത്തിങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ഫൊറോന വികാരി റവ. ഫാ. ജോസ് വെട്ടിക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. ജിന്റോ, അതിരൂപത പ്രസിഡന്റ് ശ്രീ. ജെയ്സൺ മർക്കോസ്, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷാജി പിണക്കാട്ട്, അതിരൂപത ജൂണിയർ പ്രസിഡന്റ് ജോസ്ബിൻ വെട്ടിത്താനത്ത്, മേഖലാ ഓർഗനൈസർ ശ്രീ. സിജോ തറപ്പേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മാഗസിൻ പ്രകാശനവും വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനവും മേഖലാ ഓർഗനൈസർ ശ്രീ. ബിജു മണ്ണനാൽ നിർവ്വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോബി നിരപ്പേൽ സ്വാഗതവും വൈസ് ഡയറക്ടർ സി. ദിവ്യ എംഎസ്എംഐ നന്ദിയും പറഞ്ഞു.

## സെമിനാറുകൾ

നവംബർ 27-ാം തീയതി നെല്ലിക്കാംപൊയിൽ മേഖലയിലെ കുട്ടികൾക്കായി മിഷൻ & വിഷൻ സെമിനാർ, ഡിസംബർ 10-ാം തീയതി പേരാവൂർ മേഖലയിലെ കുട്ടികൾക്കായി നടത്തിയ പ്രതിഭാസംഗമം, ഡിസംബർ 11-ാം തീയതി കനകക്കുന്ന് ശാഖയിലെ കുട്ടികൾക്കായി പുഞ്ചിരി ശാഖാ ശാക്തീകരണ സെമിനാർ എന്നിവയ്ക്ക് അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് നേതൃത്വം നൽകി.

## ഓഗസ്റ്റ് - ഡിസംബർ മാസങ്ങളിലെ ടെലിക്വിസ്സ് വിജയികൾ

**ഓഗസ്റ്റ് 13 ശനി**

അനുഷ പാലാക്കുഴി - വിജയഗിരി
ട്രീസ പേരൂക്കുന്നേൽ - പെരിങ്ങാല
അബ്രാഹം പേരൂക്കുന്നേൽ - പെരിങ്ങാല
മരിയ പേരൂക്കുന്നേൽ - പെരിങ്ങാല
അൽന മരിയ തേൻപ്ലാക്കൽ - പുളിങ്ങോം
ജോസഫ് ഉതാളക്കര - മാങ്ങോട്
ജോബിയ തോട്ടുങ്ങൽ - പേരാവൂർ
ബ്രിജീത്ത വട്ടപ്പാറക്കൽ - തേർമല
ജോസിയ തോട്ടുങ്ങൽ - ,,
സ്നേഹ വലിയവീട്ടിൽ - പേരാവൂർ
ജോസഫ് വടക്കേക്കര - ഉളിക്കൽ

**ഓഗസ്റ്റ് 20 ശനി**

ബ്രിജീത്ത വട്ടപ്പാറക്കൽ - തേർമല
ജോബിയ തോട്ടുങ്ങൽ - പേരാവൂർ
ജോസിയ തോട്ടുങ്ങൽ - പേരാവൂർ
സ്നേഹ വലിയവീട്ടിൽ - പേരാവൂർ
സ്റ്റാനിയ മരിയ കിഴക്കയിൽ - പേരാവൂർ
ജോസഫ് വടക്കേക്കര - ഉളിക്കൽ
അനുഷ പാലാക്കുഴിയിൽ - വിജയഗിരി
അനിറ്റ പാലാക്കുഴിയിൽ - വിജയഗിരി
അബ്രാഹം പേരൂക്കുന്നേൽ - പേരിങ്ങാല
ട്രീസ പേരൂക്കുന്നേൽ - പെരിങ്ങാല
മരിയ പേരൂക്കുന്നേൽ - പെരിങ്ങാല

**ഓഗസ്റ്റ് 27 ശനി**

മരിയ വേലിക്കുന്നേൽ - പെരിങ്ങാല
അനുഷ പാലാക്കുഴിയിൽ - വിജയഗിരി
അനിറ്റ പാലാക്കുഴിയിൽ - വിജയഗിരി
ആൻ മേരി താന്നിയക്കാട്ടിൽ - ,,
കാതറിൻ താന്നിയക്കാട്ടിൽ - ,,
അബ്രാഹം വേലികുന്നേൽ - പെരിങ്ങാല
ട്രീസ വേലികുന്നേൽ - പെരിങ്ങാല
ബ്രിജീത്ത വട്ടപ്പാറയ്ക്കൽ - തേർമല
ഡെൽന വെള്ളാരംകുന്നേൽ - പേരാവൂർ
എബിൻ പാലമറ്റത്തിൽ - പേരാവൂർ
ജോസിയ തോട്ടുങ്ങൽ - പേരാവൂർ

**സെപ്റ്റംബർ 3 ശനി**

സെബാസ്റ്റ്യൻ വട്ടമറ്റം - മാങ്ങോട്
സോന പുഴക്കര - പേരാവൂർ
സ്നേഹ വലിയവീട്ടിൽ - പേരാവൂർ
ജോസ്ന കുമ്പളന്താനം - പേരാവൂർ
അമിത സജി - പേരാവൂർ
അമല മുണ്ടുനടയ്ക്കൽ - ,,
സായ മുതിരക്കാലായിൽ - പേരാവൂർ
ആൻമരിയ വട്ടമറ്റത്തിൽ - മാങ്ങോട്

**സെപ്റ്റംബർ 9 ശനി**

ഇമ്മാനുവൽ പേരൂകുന്നേൽ - പെരിങ്ങാല | ട്രീസ മുറിവേലിൽ - തേർമല

ആൻസിലിൻ പുതിയേടത്ത് - പേരാവൂർ | തോമസ് വാഴമറ്റത്തിൽ - ചെടിക്കുളം

റോസ് മേരി വലിയവീട്ടിൽ - ,, | മേരി മുണ്ടുനടയ്ക്കൽ - പേരാവൂർ

എലിസബത്ത് പൗവ്വത്തുപറമ്പിൽ - അൽഫോൻസാഗിരി

എലിസബത്ത് വെള്ളാരംകുന്നേൽ - പേരാവൂർ

**സെപ്റ്റംബർ 24 ശനി**

ജോസഫ് വടക്കേക്കര - ഉളിക്കൽ | അനുഷ പാലാക്കുഴി- പെരിങ്ങാല

ജോയൽ ജോബി പടിഞ്ഞാറെക്കര - പെരിങ്ങാല

**ഒക്ടോബർ 10 ശനി**

അനിറ്റ പാലാക്കുഴിയിൽ - വിജയഗിരി | ജോസഫ് വടക്കേക്കര - ഉളിക്കൽ

മരിയ പേരൂക്കുന്നേൽ - പെരിങ്ങാല

**ഒക്ടോബർ 29 ശനി**

ദിവ്യ വള്ളിയിൽ - പേരാവൂർ | ആൻ റോഷ്നി വെട്ടുകല്ലുങ്കൽ- പേരാവൂർ

**നവംബർ 11 ശനി**

ജീവൻ നെല്ലിക്കുന്നേൽ - അങ്ങാടിക്കടവ് | ജോസഫ് വടക്കേക്കര - ഉളിക്കൽ

ഏയ്ഞ്ചൽ മരിയ - അങ്ങാടിക്കടവ് | അനുഷ പാലാക്കുഴി - വിജയഗിരി

അനിറ്റ പാലാക്കുഴി - വിജയഗിരി

**നവംബർ 26 ശനി :** ജോസഫ് വടക്കേക്കര - ഉളിക്കൽ

ഈ വർഷത്തെ ടെലികിസ് വിജയികൾക്കുള്ള സമ്മാനങ്ങൾ ജനുവരി 26-ാം തീയതി വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽവച്ച് നൽകുന്നതായിരിക്കും.



**ആദരാഞ്ജലികൾ**

വിടരും മുമ്പേ നമ്മിൽനിന്നും പറന്നകന്ന ചെറുപുഷ്പ മിഷൻലീഗ് ചെറുപാറ ശാഖാ ജോ. സെക്രട്ടറി മാർട്ടീന മാർട്ടിൻ നെടുമ്പാറയ്ക്കലിനും

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഡയറക്ടറായിരുന്ന ഫാ. തോമസ് മേൽവെട്ടത്തിലച്ചന്റെ പ്രിയപിതാവ് ശ്രീ. ജോസഫ് മേൽവെട്ടത്തിനും മിഷൻലീഗ് കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒത്തിരി അനുഗ്രഹങ്ങൾ നമുക്കു സമ്മാനിച്ച 2016 നമ്മിൽനിന്നും വിട പറഞ്ഞു. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2017 ലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വരാൻ കുഞ്ഞുങ്ങളായ നിങ്ങളെ ഓരോരുത്തരെയും ഉണ്ണീശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ കൊച്ചു കൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

**'നിങ്ങൾക്കറിയാമോ?' ഒക്ടോബർ മാസത്തിലെ വിജയികൾ**

I ക്രിസ്റ്റോ തറപ്പേൽ - കൊളക്കാട്
II ആൻമരിയ സിബി - കൊളക്കാട്
III തോമസ് തടത്തിമാക്കൽ - കരിക്കോട്ടക്കരി

**'നിറംകൊടുക്കാമോ?' ഒക്ടോബർ മാസത്തിലെ വിജയികൾ**

I എലിസബത്ത് കാട്ടൂർ - കിളിയന്തറ
II മരിയ മറ്റത്തിൽ - ഇടക്കോം
III കുര്യൻ മഞ്ഞക്കുളത്തിൽ - പരിയാരം

ഈശോയുടെ ജീവിതത്തിൽ വിളങ്ങിയിരുന്ന നന്മകളോരൊന്നും നമ്മുടെ ജീവിതത്തിൽ പകർത്തുവാനായി കഴിഞ്ഞ മാസങ്ങളിൽ നാം പരിശ്രമിക്കുകയായിരുന്നു. വിശുദ്ധരുടെ ജീവിതകഥകൾ പഠിച്ചും സുകൃതജപങ്ങൾ ചൊല്ലി പ്രാത്ഥിച്ചും വചനം പഠിച്ചും നന്മകൾ ചെയ്തും നമ്മൾ ഈശോയെപ്പോലെ വളർന്ന് വലുതായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഈശോയുടെ സ്വഭാവഗുണങ്ങൾ നമ്മിൽ തെളിഞ്ഞു നിൽക്കുന്നതുകാണുമ്പോൾ സ്വർഗ്ഗത്തിലിരുന്ന് ഈശോ നമ്മെ നോക്കി പറയും "ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന്. ഈശോയിൽനിന്നും ഈ സർട്ടിഫിക്കറ്റ് നേടാൻ ഉണ്ണീശോയുടെ കൂട്ടുകാരെല്ലാവരും എപ്പോഴും പരിശ്രമിക്കണമെന്ന് അച്ചൻ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്.

## അതിരൂപതാ കലോത്സവം

തിരുബാലസഖ്യം അതിരൂപതാ കലോത്സവം ജനുവരി 2-ാം തീയതി രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടി ചെമ്പേരി നിർമ്മലഹയർസെക്കന്ററി സ്കൂളിൽവച്ച് നടക്കുന്നതാണ്. മേഖലാതല മത്സരവിജയികളെ അതിരൂപതാതലമത്സരത്തിൽ പങ്കെടുപ്പിക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് ജനുവരി 26-ാം തീയതി രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽവച്ച് നടക്കുന്നു. ബഹു. ആനിമേറ്റേഴ്സ് എല്ലാവരും മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

## സമർപ്പണഫണ്ട്

സാംഗ്ലീമിഷനിലെ എയ്ഡ്സ് രോഗികളായ കുട്ടികളെ സഹായിക്കുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച സമർപ്പണ ഫണ്ട് ഈ മാസം തന്നെ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ


### പുതിയ പുസ്തകം

## വചനത്തിന്റെ പൊരുൾ തേടി

**കൂനങ്കിയിൽ ഇമ്മാനുവേലച്ചൻ**

ഞായറാഴ്ച പ്രസംഗങ്ങൾക്കും തിരുനാൾ പ്രസംഗങ്ങൾക്കും ഉപകരിക്കുന്ന വചനവിചിന്തനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. വൈദികർക്ക് ഉത്തമ പ്രസംഗ സഹായിയാണ് ഈ ഗ്രന്ഥം.

**വില : 190 രൂപ**

**കോപ്പികൾക്ക് : ഫാ. ഇമ്മാനവൽ കൂനങ്കിയിൽ**
**വികാർ, സെന്റ് മേരീസ് ചർച്ച്**
**വിമലഗിരി, പരപ്പ - 671533, ഫോൺ : 9447482014**

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

2017-ന്റെ വാതിൽ നമുക്കു മുമ്പിൽ തുറന്നു. പുതുവർഷത്തിലേക്ക് പ്രവേശിക്കുന്നത് എപ്പോഴും ആഹ്ലാദകരമാണ് കാരണം പുതുജീവിതത്തിന്റെയും പുതിയ തുടക്കത്തിന്റെയും പൊൻപുലരി ഒരുക്കുന്നതാണ് പുതുവർഷം. എന്നാൽ പുതിയ വർഷത്തിലേക്ക് നാം കാലെടുത്തുവയ്ക്കുമ്പോൾ കടന്നുപോയ വർഷത്തെ ഒന്ന് ആത്മശോധനചെയ്യുക. ഒരു പക്ഷെ വീണുകിട്ടിയ സുവർണ്ണാവസരങ്ങൾ നഷ്ടപ്പെടുത്തിയ ദുഃഖമാകാം, ഒട്ടേറെ ഓർമ്മിക്കാനും, ഓമനിക്കാനും പറ്റിയവയൊന്നും കഴിഞ്ഞുപോയ വത്സരത്തിൽ ചെയ്തുകാണില്ല. ചെയ്യാമായിരുന്ന പലനന്മകളും ചെയ്യാതെപോയ കഥയാവും പറയാനുണ്ടാവുക, പല തിക്താനുഭവങ്ങളിലൂടെയും കടന്നുപോയ വേദനയാവാം നമ്മിൽ പലരുടെയും, എങ്കിലും എല്ലാം നമുക്ക് നഷ്ടപ്പെട്ടിട്ടില്ല എന്നതിന്റെ സൂചനയാണ് പുതിയൊരുവർഷത്തിലേക്ക് കാലെടുത്തുകുത്തുവാൻ നമുക്ക് അനുഗ്രഹം ലഭിച്ചത്. എന്നാൽ നമ്മൾ ആദ്യം മുതലെ ശ്രദ്ധിക്കുന്നില്ലെങ്കിൽ വർഷാവസാനത്തിൽ കഷ്ടനഷ്ടങ്ങളുടെ കഥയെ വീണ്ടും നമുക്കുപറയാനുള്ളൂ. നാം കണ്ണടച്ചു തുറക്കുന്ന മാത്രയിൽ ഈ വർഷവും കടന്നുപോകും. ഓരോ നിമിഷവും വിലപ്പെട്ടതായി കരുതി നമ്മുടെ ജീവിതത്തിന്റെ നന്മയ്ക്കുപകരിക്കുന്ന രീതിയിൽ വിനിയോഗിക്കുവാൻ നാം ദൃഢപ്രതിജ്ഞ എടുത്തേ മതിയാകൂ. കുറവുകളെ നിറവുകളാക്കാൻ കഴിവുള്ള ദൈവത്തിന്റെ കരത്തിലായിരിക്കട്ടെ നമ്മുടെ ഈ വർഷം. നമുക്കു നമ്മെക്കുറിച്ച് സ്വപ്നങ്ങൾ ഉള്ളതുപോലെ ദൈവത്തിനും നമ്മെക്കുറിച്ച് സ്വപ്നങ്ങൾ ഉണ്ട് എന്ന വസ്തുത നമുക്ക് മറക്കാതിരിക്കാം. ചെയ്യുന്ന പ്രവർത്തികൾ ഉത്സാഹപൂർവ്വം ചെയ്യുവാൻ, ലക്ഷ്യബോധത്തോടെ സമയം ചിലവഴിക്കുവാൻ, നാളയെക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടപ്പെടുത്താതെ, തുറക്കുന്നതുവരെ വാതിലിൽ മുട്ടുവാൻ, പരാജയത്തെ ഭയപ്പെടാതെ മുമ്പോട്ടുപോകുവാൻ, വിജയത്തിൽ പ്രതിബന്ധങ്ങളുണ്ടാകുമെന്ന് ഓർത്തുകൊണ്ട് അവയെ നേരിടുവാൻ, എനിക്കു സ്വന്തമായുള്ളതിൽ സന്തോഷിക്കുവാൻ, കണ്ടുമുട്ടുന്ന എല്ലാവരെയും പുഞ്ചിരിയോടെയും നല്ലവാക്കുകളോടെയും അഭിവാദനം ചെയ്യുവാൻ നമുക്ക് സാധിക്കട്ടെ. പുതുവർഷത്തിന്റെ എല്ലാ നന്മകളും പ്രാർത്ഥനകളും ആശംസിക്കുന്നു.

## 10-ാമത് നാഷണൽ യൂത്ത് കൺവെൻഷൻ

മംഗലാപുരത്തുവച്ച് 2017 ജനുവരി 14-22 വരെ നടത്തപ്പെടുന്ന 10-ാമത് നാഷണൽ യൂത്ത് കൺവൻഷന് തലശ്ശേരി അതിരൂപതയിൽനിന്ന് 23 യുവജനങ്ങൾ പേര് രജിസ്റ്റർ ചെയ്തു. രജിസ്ട്രേഷൻ നടത്തിയവർ നേരത്തെ അറിയിച്ചിരുന്നതുപോലെ 500 രൂപയും വികാരി അച്ചന്റെയും ഫൊറോന ഡയറക്ടറുടേയും കത്തും എത്രയുംവേഗം തലശ്ശേരി കെസിവൈഎം ഓഫീസിൽ എത്തിക്കുക.

## സംസ്ഥാന വാർഷികസെനറ്റ്

2017 ജനു. 13 മുതൽ 15 വരെ എറണാകുളം നിവേദിത പാസ്റ്ററൽ സെന്ററിൽവച്ച് (ചുണങ്ങംവേലി) സംസ്ഥാന വാർഷികസെനറ്റ് നടത്തപ്പെടുന്നു.

## തീരദേശക്യാമ്പ്

കാഞ്ഞങ്ങാട് മേഖലയുടെ ആതിഥേയത്വത്തിൽ 2017 ഫെബ്രുവരി 10,11,12 തീയതികളിൽ കാസർഗോഡ്വച്ച് തീരദേശക്യാമ്പ് നടത്തപ്പെടുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 75 പേർക്കായിരിക്കും അവസരം ലഭിക്കുക. എല്ലാ ഫൊറോനകളുടെയും സാന്നിദ്ധ്യം ഉണ്ടാകണമെന്ന് താത്പര്യപ്പെടുന്നു.

## സ്നേഹവീട്

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ രജത ജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച സ്നേഹവീട് പദ്ധതിയുടെ ആദ്യത്തെ വീടിന്റെ വെഞ്ചരിപ്പ് ശ്രീകണ്ഠാപുരം ഉണ്ണിമിശിഹാപള്ളി ഇടവകയിലെ മറിയാമ്മയുടെ വീട് നവം. 24ന് ഫൊറോന വികാരി അച്ചന്റെ സാന്നിദ്ധ്യത്തിൽ വെഞ്ചരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. നിർമ്മാണത്തിൽ ഊർജ്ജസ്വലമായി സഹകരിച്ച് വിജയിപ്പിച്ച നേതൃത്വങ്ങൾക്ക് നന്ദി.

## എസ്എംവൈഎം നാഷണൽ മീറ്റിംഗ്

സീറോമലബാർ യൂത്ത് മൂവ്മെന്റിന്റെ ദേശീയ തലത്തിലുള്ള പ്രഥമ യോഗം കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് നവം. 25,26,27 തീയതികളിൽ നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. ബിജു കരിങ്ങാലിക്കാട്ടിൽ, സെക്രട്ടറി ജെസ്നി ജോസ്, ട്രഷറർ എബിൻ കുമ്പുക്കൽ എന്നിവർ പങ്കെടുത്തു.

## ഐസിവൈഎം ഡയറക്ടർ അതിരൂപത ഓഫീസ് സന്ദർശിച്ചു

സിബിസിഐ യൂത്ത് കൗൺസിൽ സെക്രട്ടറിയും ഐസിവൈഎം ഡയറക്ടറുമായ റവ. ഫാ. ദീപക് തോമസ് കെ.ജെ. (ഒ.സി.ഡി) തലശ്ശേരി

അതിരൂപത കെസിവൈഎം ഓഫീസ് സന്ദർശിച്ചു. ഐസിവൈഎം പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ടും സന്ദർശനത്തിൽ പങ്കെടുത്തു. അതിരൂപത സമിതി സെക്രട്ടറിയേറ്റ് മീറ്റിങ്ങുകൂടി പ്രവർത്തനങ്ങൾ അറിയിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം തേടുകയും ചെയ്തു.

## സംസ്ഥാന സാഹിത്യമത്സരം നവംബർ 26

കെസിവൈഎം സംസ്ഥാന സാഹിത്യ മത്സരം തലശ്ശേരി, താമരശ്ശേരി, ബത്തേരി, കോഴിക്കോട്, കണ്ണൂർ, മാനന്തവാടി രൂപതകളുടേത് തലശ്ശേരി സന്ദേശഭവനിൽ വച്ച് നവം.26 ശനിയാഴ്ച നടത്തപ്പെട്ടു. വിവിധ രൂപതകളിൽ നിന്നായി 120ഓളം മത്സരാർത്ഥികൾ പങ്കെടുത്തു.

## ഉൽസവ് 2016 സംസ്ഥാന കലോത്സവം – തലശ്ശേരിക്ക് രണ്ടാം സ്ഥാനം

കെസിവൈഎം സംസ്ഥാന കലോത്സവം മൂവാറ്റുപുഴ നിർമ്മല കോളേജിൽ വെച്ച് കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ ഡിസംബർ 10,11 തീയതികളിൽ നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയിൽനിന്നും ഡയറക്ടർ ഫാ. ബിജു കരിങ്ങാലിക്കാട്ടിലിന്റെ നേതൃത്വത്തിൽ 100ഓളം യുവജനങ്ങൾ കലോത്സവത്തിൽ പങ്കെടുത്തു. സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം അതിരൂപത ടീം കരസ്ഥമാക്കി. പങ്കെടുക്കുകയും വിജയികളാവുകയും ചെയ്ത മുഴുവൻ മത്സരാർത്ഥികൾക്കും അതിരൂപത സമിതിയുടെ അഭിനന്ദനങ്ങൾ

### മത്സരവിജയികൾ

**സാഹിത്യമത്സരം**

**കാർട്ടൂൺ :** I st അനീഷ് – മേരിഗിരി

**പോസ്റ്റർ :** I st അനീഷ് – മേരിഗിരി

III rd സാന്ദ്ര – ആലക്കോട്

**കഥാരചന :** III rd ജോമിൻ – ഭീമനടി

**ഉപന്യാസം :** I st ജിജോ – അങ്ങാടിക്കടവ്

### രചനാമത്സരം

**നാടോടിനൃത്തം :** I st തെരേസ – പേരാവൂർ

**ഡിബേറ്റ് :** III rd അമൽ, ആൽബിൻ – നെല്ലിക്കാംപൊയിൽ

**സംഘഗാനം :** III rd ആന്റണി പ്ലാത്തോട്ടത്തിൽ & ടീം – നെല്ലിക്കാംപൊയിൽ

**മാർഗ്ഗംകളി :** III rd അഞ്ചലി & ടീം – നെല്ലിക്കാംപൊയിൽ

**പരിചമുട്ട് :** I st ജെൽബിൻ & ടീം – കുന്നോത്ത്

കൂടാതെ പങ്കെടുത്ത എല്ലാ മത്സരങ്ങൾക്കും ഗ്രേയ്ഡ് ലഭിച്ചു. മത്സരാത്ഥികളെ പറഞ്ഞയച്ച എല്ലാ ഫൊറോനകൾക്കും യൂണിറ്റുകൾക്കും മത്സരാർത്ഥികൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## അർദ്ധവാർഷിക സെനറ്റ്

ചെമ്പേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ 2016 ഡിസംബർ 17ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ഐസിവൈഎം പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ട് ഉദ്ഘാടനം ചെയ്ത സെനറ്റിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. സിജോ നിലയ്ക്കപ്പള്ളി അധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ ആമുഖപ്രഭാഷണവും ചെമ്പേരി ഫൊറോന ഡയറക്ടർ ജോസഫ് വടക്കേപ്പറമ്പിൽ അച്ചനും കാഞ്ഞങ്ങാട് ഫൊറോന ഡയറ്കടർ സെബാസ്റ്റ്യൻ പൊടിമറ്റത്തിൽ അച്ചനും ആശംസകളർപ്പിച്ച് സംസാരിച്ചു. വിവിധ ഫൊറോനകളിൽ നിന്നായി 55-ഓളം സെനറ്റ് അംഗങ്ങൾ പങ്കെടുത്ത് ആറു മാസത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപതയുടെ റിപ്പോർട്ട് ശ്രീ. അബിൻ കുര്യാക്കോസ് (ട്രഷറർ) അവതരിപ്പിച്ച് പാസാക്കി. അതിരൂപതാ അർദ്ധവാർഷികസെനറ്റ് ഭംഗിയായി നടത്തുവാൻ സൗകര്യങ്ങളും ഭക്ഷണവും ഒരുക്കിതന്ന ചെമ്പേരി ഫൊറോന ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പലിനും പ്രസിഡന്റ് ജിസ്മോനും മറ്റ് ഭരണസമിതിക്കും വിമൽജ്യോതി എജിനിയറിംങ്ങ് കോളെജ് അധികാരികൾക്കും അതിരൂപതാ കെസിവൈഎംന്റെ ഹൃദയംഗമമായ നന്ദി.

## പ്രമേയം പാസാക്കി

തലശ്ശേരി അതിരൂപതയുടെ സെനറ്റിൽവച്ച് കേരളത്തിലെ ഇടതുപക്ഷസർക്കാരിന്റെ മദ്യനയത്തിനെതിരെയും കേന്ദ്രഗവൺമെന്റിന്റെ 1000/500 രൂപാ നോട്ടുകളുടെ നിരോധനത്തിലൂടെ പാവപ്പെട്ട സാധാരണ മനുഷ്യരെ ദുരിതത്തിലാഴ്ത്തിയ നടപടിയോടും ഭാഷാപോഷണിയിലൂടെ ക്രൈസ്തവവിശ്വാസികളെ മുറിവേൽപ്പിച്ച മലയാള മനോരമയ്ക്കെതിരായും പ്രമേയം പാസാക്കി.

## പ്രതിഷേധിച്ചു

ക്രൈസ്തവ സമൂഹത്തിന്റെ പ്രതിഛായയ്ക്ക് മങ്ങലേല്പിക്കുന്നവിധത്തിൽ ഈശോയുടെ അന്ത്യഅത്താഴചിത്രത്തെ വളരെ മ്ലേച്ചമായ രീതിയിൽ ഭാഷാപോഷണി എന്ന മാസികയിലൂടെ പ്രസിദ്ധീകരിച്ച മലയാള മനോരമയ്ക്കെതിരെ സെനറ്റംഗങ്ങൾ ഒന്നുചേർന്ന് മനോരമ പത്രം കത്തിച്ച് പ്രതിഷേധിച്ചു.

## മനോരമ ഓഫീസ് മാർച്ച് - കണ്ണൂർ

ഡിസംബർ 18ന് വിവിധ ഫൊറോനകളിൽ നിന്നെത്തിയ യുവജനങ്ങൾ കണ്ണൂർ മനോരമ ഓഫീസിലേക്ക് മാർച്ച് നടത്തുകയും മാധ്യമധർമ്മം

മറന്ന് പ്രവർത്തിക്കുന്ന മനോരമയ്ക്കെതിരെ ശക്തമായി പ്രതികരിക്കുകയും ചെയ്തു.

## അഭിനന്ദനങ്ങൾ

കെസിവൈഎം അതിരൂപതാ, സെക്രട്ടറിയായി ശ്രീ. ജുബിൻ ചിറയിൽ (കാഞ്ഞങ്ങാട്) 2016 അതിരൂപതാ അർദ്ധവാർഷിക സെനറ്റിൽവച്ച് തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ജുബിൻ ചിറയലിന് കെസിവൈഎം അതിരൂപതാ സമിതിയിലേക്ക് സ്വാഗതവും പ്രവർത്തനമേഖലയിൽ വിജയാശംസകളും നേരുന്നു.

## ആദരാഞ്ജലികൾ

അതിരൂപതാ ജനറൽ സെക്രട്ടറി ഇൻചാർജ് എബിൻ കുമ്പുക്കലിന്റെ വല്യമ്മച്ചി മറിയാമ്മയുടെ നിര്യാണത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലും രൂപതാസമിതിയും ഭവനത്തിലെത്തി സംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു.

## വള്ളോപ്പിള്ളി അനുസ്മരണട്രോഫി

സംസ്ഥാന കലോത്സവത്തിൽ 3 തവണ ട്രോഫി കരസ്ഥമാക്കി സംസ്ഥാനത്തിന്റെ ട്രോഫി സ്വന്തമാക്കിയ തലശ്ശേരി അതിരൂപതാ, വള്ളോപ്പിള്ളി പിതാവിന്റെ അനുസ്മരണാർത്ഥം പുതിയ ട്രോഫി വാങ്ങി സംസ്ഥാനത്തിന് കൈമാറി.

## സത്യം അറിയാൻ

ഗുഡ്നസ് ചാനലും തലശ്ശേരി അതിരൂപതാ കെസിവൈഎം സംയുക്തമായി നടത്തുന്ന സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളെക്കുറിച്ചുള്ള ചോദ്യത്തര പരമ്പര സത്യമറിയാൻ 12-12-2016 തിങ്കൾ 8.30ന് പ്രക്ഷേപണം ആരംഭിച്ചു. റവ. ഡോ. ജോസഫ് പാംബ്ലാനി നേതൃത്വം നല്കുന്ന ഈ പരിപാടി ഏവർക്കും ഉപകാരപ്രദമാണ്. എല്ലാ തിങ്കളാഴ്ചയും 8.30ന് പരമ്പര ആരംഭിക്കും.

> *"സമയമാകുന്ന ജീവിതവൃക്ഷത്തിൽനിന്ന് നല്ല ഫലങ്ങൾശേഖരിക്കുന്നവരാണ് നമ്മളെങ്കിൽ നാം തീർച്ചയായും നമ്മുടെ ജീവിതത്തിൽ ഓജസും സംതൃപ്തിയും കണ്ടെത്തും. എന്നാൽ നല്ല ഫലങ്ങൾ ശേഖരിക്കുന്നതിൽ നാം വിമുഖത കാണിച്ചാൽ നമ്മുടെ ജീവിതം നിർജീവമായിത്തീരും"* (ജെ. സ്റ്റൗട്ടൻ ഗ്രന്ഥകാരൻ)

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

**അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പുതുവത്സരാശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.**

## 1. MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| JANUARY | 3 - 5 | 17 - 19 | 24 - 26 |
| FEBRUARY | 7 - 9 | 21 - 23 | Nil |
| MARCH | 7 - 9 | 21 - 23 | Nil |
| APRIL | 4 - 6 | 18 - 20, 25 - 27 | Nil |
| MAY | 2 - 4 | 16 - 18, 23 - 25 | Nil |
| JUNE | Nil | 13 - 15 | 27 - 29 |
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

### പ്രത്യേക ശ്രദ്ധയ്ക്ക്:-

1. 2016 മാർച്ച് മാസം മുതൽ കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.
2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ 400 രൂപ മുൻകൂർ അടച്ച് (മണി ഓർഡർ/സെന്ററുകളിൽ നേരിട്ടുള്ള രജിസ്ട്രേഷൻ) പേര് രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. ബുക്ക് ചെയ്തതിനുശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് വിളിച്ചറിയിക്കുന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ. സീറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം ബുക്ക് ചെയ്താൽ മതിയാവുന്നതാണ്. ബാങ്ക് ട്രാൻസ്ഫറിലൂടെയും ബുക്ക് ചെയ്യാം.

Account No : Director, Family Apostolate
South Indian Bank, Thalassery
A/c No : 0078053000073775
IFSC - SIBL 0000078

For details please contact : Ph: 0490 2343414, Mob:9400206974

**3. വിവാഹ ഒരുക്ക സെമിനാർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 777, 778, 779, 780 എന്നീ എം.ജി.സി കോഴ്സുകൾ തലശ്ശേരി, പേരാവൂർ, പടന്നക്കാട് എന്നീ സെന്ററുകളിൽവച്ച് നവംബർ 22-24, ഡിസംബർ 1-3, 6-8, 13-15 എന്നീ തീയതികളിൽ നടത്തപ്പെട്ടു. ഈ നാല് കോഴ്സുകളിലായി 167 ആൺകുട്ടികളും 225 പെൺകുട്ടികളും കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 4. എം.ജി.സി പേരന്റ്സ് മീറ്റ്

777,778,779,780 എംജിസി കോഴ്സുകളിൽ സംബന്ധിച്ച് വിവാഹത്തിനൊരുങ്ങിയ കുട്ടികളുടെ മാതാപിതാക്കൾക്കായി നവംബർ 22, ഡിസംബർ 3,8,15 എന്നീ തീയതികളിൽ തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദേവാലയം എന്നീ സെന്ററുകളിൽവച്ച് നടന്നു. കോഴ്സിൽ 700 ഓളം മാതാപിതാക്കൾ പങ്കുകൊണ്ടു. ഫാ. അബ്രാഹം പുതുശ്ശേരി, പേരാവൂർ റീജിയണൽ ഡയറക്ടർ ഫാ. മാത്യു ഇടമുളയിൽ എന്നിവർ ക്ലാസെടുത്തു.

## 2. മാതൃവേദി

### 1. മാതൃവേദി മീറ്റിംഗ് - കരിമ്പം, P.M.O.C

സീറോ മലബാർ മാതൃവേദിയുടെ ഗ്ലോബൽ ബിഷപ്പ് ആനിക്കുഴിക്കാട്ടിലിന്റെ സെന്റോഫ് സമ്മേളനം ഇടുക്കി കരിമ്പത്ത്വച്ച് നവംബർ 21ന് നടന്നതിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരിയും ഡിസം. 6ന് കോഴിക്കോട് പി.എം.ഒ.സിയിൽവച്ച് നടന്ന ഗ്ലോബൽ മാതൃവേദി റീജിയണൽ മീറ്റിംഗിൽ ഫാ. അബ്രാഹം പുതുശ്ശേരി, ശ്രീമതി സിസിലി പുഷ്പക്കുന്നേൽ, ശ്രീമതി റെജി പോത്തനാമൂഴിയും സംബന്ധിച്ചു.

**2. ക്ലാസുകൾ, സെമിനാറുകൾ :** കരുണാപുരം ഇടവകയിൽ നടന്ന ജൂബിലി ദമ്പതീ സംഗമത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി ക്ലാസെടുക്കുകയും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും നെല്ലിക്കുറ്റി സീയോൻ ധ്യാനകേന്ദ്രത്തിൽ, ഹോംമിഷൻ സംബന്ധിച്ച് എം.എസ്.എം.ഐ. സിസ്റ്റേഴ്സിന് ക്ലാസെടുക്കുകയും ചെയ്തു.

### 3. മാതൃവേദി എടൂർ മേഖല - വിധവാ സംഗമം

2016 നവംബർ 12 ന് ശനിയാഴ്ച എടൂർ മേഖലാ മാതൃവേദിയുടെ

നേതൃത്വത്തിൽ മേഖലയിലെ വിധവാസംഗമം നടന്നു. വെളിമാനം പള്ളിയിൽവച്ച് നടന്ന സമ്മേളനത്തിൽ വിവിധ ശാഖകളിൽ നിന്നായി 98 അമ്മമാർ പങ്കെടുത്തു. 10 മണിക്ക് പൊതുസമ്മേളനത്തോടെ മീറ്റിംഗ് ആരംഭിച്ചു. മേഖലാ ഡയറക്ടർ ഫാ. നോബിൾ ഓണംകുളം മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് ശ്രീമതി വത്സമ്മ പുത്തൻപുരയ്ക്കൽ സ്വാഗതം ആശംസിക്കുകയും, ഫാ. ബിജു ഇളംപച്ചംവീട്ടിൽ ഒ.എഫ്.എം. ക്ലാസ് നയിക്കുകയും ചെയ്തു. എല്ലാ അമ്മമാർക്കും കൊന്ത സമ്മാനമായി നൽകി. തുടർന്ന് അച്ചൻ വി. കുർബാനയർപ്പിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി. മേഖലാ ആനിമേറ്റർ സി. ഡയാന ഏവർക്കും നന്ദി പറയുകയും ചെയ്തതോടെ ചടങ്ങുകൾക്ക് സമാപനമായി.

### 4. മാതൃവേദി ജനറൽ ബോഡി മീറ്റിംഗ്

അതിരൂപതാ മാതൃവേദിയുടെ 2016 ലെ ജനറൽ ബോഡിയോഗം ഡിസംബർ 10-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. 9.30 ന് ദിവ്യബലിയോടെ ആരംഭിച്ച ചടങ്ങിൽ തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അതിരൂപതാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമുഴി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി സ്വാഗതം ആശംസിച്ചു. തളിപ്പറമ്പ് ഫൊറോനാ വികാരി ഫാ. ജോസഫ് മഞ്ചപ്പള്ളിൽ, ശ്രീമതി സിസിലി പുഷ്പക്കുന്നേൽ, ശ്രീമതി ജാൻസി തെക്കുംതലയ്ക്കൽ എന്നിവർ ആശംസകളർപ്പിച്ചു. അതിരൂപതാധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് അതിരൂപതാ കലാസാഹിത്യ മത്സരങ്ങളിലും ബൈബിൾ ക്വിസിലും വിജയികളായവർക്ക് സമ്മാനവും മെഡലും നൽകുകയും. കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ നെല്ലിക്കാംപൊയിൽ, രണ്ടാം സ്ഥാനം നേടിയ കുന്നോത്ത്, മൂന്നാം സ്ഥാനം നേടിയ തോമാപുരം, പേരാവൂർ എന്നീ മേഖലകൾക്കുള്ള ട്രോഫികൾ സമ്മാനിക്കുകയും ചെയ്തു. തുടർന്ന് അതിരൂപതാ ബൈബിൾ ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തു. അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പായിരുന്നു തുടർന്ന് നടന്നത്. അതിരൂപതാ ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ്. ഏവർക്കും നന്ദിയർപ്പിച്ചു. നെല്ലിക്കാംപൊയിൽ മേഖലയിൽ നിന്നുള്ള മാതൃവേദി അംഗങ്ങൾ ആന്തം ആലപിച്ചു. 2 മണിയോടെ പ്രോഗ്രാം അവസാനിച്ചു. സമ്മാനർഹരായ മേഖലകൾക്കും ഡയറക്ടച്ചൻമാർക്കും ആനിമേറ്റർമാർക്കും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

### 5. അതിരൂപതാ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ

പ്രസിഡണ്ട് - റെജി പോത്തനാമുഴി, വൈസ് പ്രസിഡണ്ട് - ലൈല കൊട്ടാരത്തിൽ, സെക്രട്ടറി - ലില്ലിക്കുട്ടി നെടുംപെട്ടിൽ, ജോ. സെക്രട്ടറി - സീന സുനിൽ നല്ലൂർ, ട്രഷറർ - ഡെയ്സി മച്ചിയാനിയിൽ.

## 6. മാതൃവേദി കലോത്സവം 2016

ഈ വർഷത്തെ തലശ്ശേരി അതിരൂപതാ കലോത്സവം 2016 നവംബർ 26-ാം തീയതി ആലക്കോട് മേരീ മാതാ കോളേജിൽവച്ച് നടന്നു. 15 മേഖലകളിൽ നിന്നായി 200 ഓളം അമ്മമാർ പങ്കെടുത്തു. രാവിലെ 10 മണിക്ക് ഫൊറോനാ വികാരി ഫാ. ആന്റണി ആനക്കല്ലിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കലോത്സവത്തിൽ നെല്ലിക്കാംപൊയിൽ, കുന്നോത്ത്, തോമാപുരം, പേരാവൂർ എന്നീ മേഖലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഈ വർഷത്തെ കലോത്സവത്തിന് എല്ലാവിധ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിയ മേഖല ഡയറക്ടർ അച്ചൻമാർക്കും ആനിമേറ്റർ സിസ്റ്റർമാർക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു. കലോത്സവത്തിൽ വിജയികളായവരുടെ ഫലം ചുവടെ ചേർക്കുന്നു.

**കവിതാരചന ജൂനിയർ**

| | | | |
|---|---|---|---|
| I | ഷൈനി കണയംപ്ലാക്കൽ | തോമാപുരം | കമ്പല്ലൂർ |
| II | മഞ്ജുഷ കണ്ണംകുളം | കുന്നോത്ത് | അങ്ങാടിക്കടവ് |
| III | ബീന തോണക്കര | വെള്ളരിക്കുണ്ട് | ആനമഞ്ഞൾ |

**കവിതാരചന സീനിയർ**

| | | | |
|---|---|---|---|
| I | മോളി പൂഴിക്കുന്നേൽ | ചെമ്പന്തൊട്ടി | കോട്ടൂർവയൽ |
| II | മേഴ്സി ഇടപ്പാടിയിൽ | തോമാപുരം | കടുമേനി |
| III | ആൻസി കുറ്റാരപ്പള്ളി | കുന്നോത്ത് | അങ്ങാടിക്കടവ് |

**പ്രബന്ധ രചന ജൂനിയർ**

| | | | |
|---|---|---|---|
| I | സിനി ചിറയ്ക്കതൊട്ടിയിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| II | മിനി കാട്ടിക്കുളക്കാട്ട് | തോമാപുരം | മണ്ഡപം |
| III | ഷാനി മേലാട്ട് | തളിപ്പറമ്പ | മേലെചൊവ്വ |

**പ്രബന്ധ രചന സീനിയർ**

| | | | |
|---|---|---|---|
| I | ഏലിയാമ്മ കൈപ്പള്ളിൽ | വെള്ളരിക്കുണ്ട് | അട്ടക്കണ്ടം |
| II | തങ്കമ്മ വെട്ടത്ത് | പൈസക്കരി | പൈസക്കരി |
| III | ലിസമ്മ റോയ് തിരുതാളിൽ | കാഞ്ഞങ്ങാട് | നെല്ലിയടുക്കം |

**ചിത്രരചന ജൂനിയർ**

| | | | |
|---|---|---|---|
| I | സിസിലി കുമ്പളാനിക്കൽ | തോമാപുരം | കടുമേനി |
| II | ഷാനി മതിയത്ത് | പേരാവൂർ | മഞ്ഞളാംപുറം |
| III | ത്രേസ്യാമ്മ ആലയ്ക്കൽ | എടൂർ | വെളിമാനം |

**ചിത്രരചന സീനിയർ**

| | | | |
|---|---|---|---|
| I | ലില്ലിക്കുട്ടി കൊടിയംകുന്നേൽ | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് |
| II | മേരി കോക്കാട്ട് | പേരാവൂർ | ഓടൻതോട് |
| III | ചിന്നമ്മ ചീരാംകുഴിയിൽ | ചെമ്പേരി | പൊട്ടംപ്ലാവ് |

**പ്രസംഗം ജൂനിയർ**

| | | | |
|---|---|---|---|
| I | അന്നമ്മ പടിഞ്ഞാറ്റ് | വെള്ളരിക്കുണ്ട് | കനകപ്പള്ളി |
| II | മിനി അറയ്ക്കൽ | വായാട്ടുപറമ്പ | വായാട്ടുപറമ്പ |
| III | ജെസ്സി ചമ്പംകുളം | കുന്നോത്ത് | കിളിയന്തറ |

**പ്രസംഗം സീനിയർ**

| | | | |
|---|---|---|---|
| I | വൽസമ്മ വട്ടക്കുന്നേൽ | പേരാവൂർ | മഞ്ഞളാംപുറം |
| II | വത്സമ്മ മണ്ണാപറമ്പിൽ | കുന്നോത്ത് | അങ്ങാടിക്കടവ് |
| III | ഫിലോമിന കൊല്ലംപറമ്പിൽ | ചെമ്പേരി | പൊന്മല |

**ബൈബിൾ വായന ജൂനിയർ**

| | | | |
|---|---|---|---|
| I | ഷീജ തോട്ടുപുറം | ആലക്കോട് | ഒറ്റത്തൈ |
| II | നിഷ പൂവന്നിക്കുന്നേൽ | ചെമ്പത്തൊട്ടി | ശ്രീകണ്ഠാപുരം |
| III | ഷീജ പൂവന്നിക്കുന്നേൽ | വെള്ളരിക്കുണ്ട് | പുന്നക്കുന്ന് |

**ബൈബിൾവായന സീനിയർ**

| | | | |
|---|---|---|---|
| I | മേരിക്കുട്ടി ഞാമത്തോലിൽ | എടൂർ | വെളിമാനം |
| III | അനിത ചീരംവേലിൽ | പേരാവൂർ | കണിച്ചാർ |
| III | മീന കാവനാടിയിൽ | കുന്നോത്ത് | അങ്ങാടിക്കടവ് |

**മാതൃവേദി ആന്തം ജൂനിയർ**

| | | |
|---|---|---|
| I | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| II | എടൂർ | വെളിമാനം |
| III | വായാട്ടുപറമ്പ് | തേർമല |

**മാതൃവേദി ആന്തം സീനിയർ**

| | | |
|---|---|---|
| I | നെല്ലിക്കാംപൊയിൽ | മണിക്കടവ് |
| II | കുന്നോത്ത് | കച്ചേരിക്കടവ് |
| III | ചെറുപുഴ | കോഴിച്ചാൽ |

## 7. മാതൃവേദി പ്രവർത്തനവർഷം ഉദ്ഘാടനം - 2017

തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജനുവരി 28 ശനിയാഴ്ച പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30ന് ദിവ്യബലിയോടെ ആരംഭിക്കുന്ന പരിപാടി മോൺ. അലക്സ് താരാമംഗലം ക്ലാസ്സ് നയിക്കുകയും മോൺ. ജോർജ് എളൂക്കുന്നേൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്യുന്നതാണ്. തദവസരത്തിൽ തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾ സ്ഥാനമേൽക്കുകയും ചെയ്യും. പ്രസ്തുത പരിപാടിയിൽ കാഞ്ഞങ്ങാട് റീജിയണിൽനിന്നും മേഖലാ ഭാരവാഹികളും ഒരു യൂണിറ്റിൽനിന്ന് 2 പേർ വീതവും, മറ്റിടങ്ങളിൽ നിന്ന് എല്ലാ മേഖലാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജനുവരി 15 ന്

മുമ്പ് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ചറിയിക്കു മല്ലോ. Ph: 0490 2343414, Mob: 9400206974.

## 3. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ് സൈറ്റ്

ഫാമിലി അപ്പൊസ്റ്റൊലേറ്റ് പുതിയ വെബ് സൈറ്റ് നിർമ്മിക്കുന്നതിന്റെ പണിപ്പുരയിലാണ്. ഇനി മുതൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും സേവനങ്ങളും ഓൺ ലൈൻ വഴി ലഭ്യമാകും. പ്രത്യേകിച്ച് എം.ജി.സി വെബ് സൈറ്റ് വഴി രജിസ്റ്റർ ചെയ്യാൻ സാധ്യമാകും. ഏകദേശം 2 മാസത്തിനുള്ളിൽ ഈ സേവനം ലഭ്യ മാകുന്നതാണ്.

## 4. ഡയറക്ടേഴ്സ് മീറ്റ്

നവംബർ മാസം 25-ാം തീയതി എറണാകുളം പിഒസിയിൽവച്ച് നടന്ന ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ തലശ്ശേരി അതി രൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി സംബന്ധിച്ചു.

## 5. ഫാമിലി അപ്പൊസ്റ്റൊലേറ്റ് കലണ്ടർ - 2017

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ 2017 വർഷ ത്തെ കലണ്ടറിന്റെ തുക അടയ്ക്കാത്തവർ ജനുവരി 30 ന് മുമ്പായി അതി രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## 6. കരുണയുടെ കുടുംബവർഷം നന്ദിയോടെ

പരിശുദ്ധ പിതാവ് കാരുണ്യവർഷം പ്രഖ്യാപിച്ചപ്പോൾ തലശ്ശേരി അതി രൂപത അത് ദൈവകരുണയുടെ കുടുംബ വർഷമായി ആഘോഷിക്കുക യായിരുന്നല്ലോ. ദൈവകരുണയുടെ ഈ കുടുംബവർഷത്തിൽ കുടുംബ വിശുദ്ധീകരണവും സഭാംഗങ്ങളുടെ ആത്മീയ ഉൽക്കർഷവും ലക്ഷ്യം വച്ച് അതിരൂപതയിലെ 16 ഫൊറോനകളിലും ഇടവകകൾ തിരിച്ച് കരുണാധ്യാനം നടത്തുകയുണ്ടായി. ധ്യാനത്തിന് നേതൃത്വം നൽകിയ ബഹു.വൈദികരു ടെയും സിസ്റ്റേഴ്സിന്റെയും ത്യാഗനിർഭരവും അർപ്പണബോധത്തോടെയും ഉള്ള പ്രവർത്തനമാണ് ധ്യാനം വിജയകരമാകാൻ കാരണമായത്. പിതാ വിന്റെ ആഹ്വാനപ്രകാരം ധ്യാനത്തിന്റെ ആദ്യാവസാനം നേതൃത്വം നേതൃത്വം നൽകിയ ബഹു.വൈദികർ, സിസ്റ്റേഴ്സ്, ഗായകസംഘം, ഇടവ കകളെ ഒരുക്കിയ ബഹു.വികാരിയച്ചന്മാർ, ഇടവകകളിലെ സമർപ്പിത സമൂ ഹങ്ങൾ, താൽപര്യപൂർവ്വം ധ്യാനത്തിൽ പങ്കുകൊണ്ട ഇടവകാംഗങ്ങൾ എന്നിവർക്ക് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും ദൈവാനുഗ്രഹവും നേരുന്നു.

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**വിജയങ്ങൾ... അഭിനന്ദനങ്ങൾ...**

♦ **വയത്തൂർ യു.പി സ്കൂളിന് ലഭിച്ച നേട്ടങ്ങൾ**

* സൂര്യനന്ദന, സംഗീതസൂര്യ എന്നീ കുട്ടികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ്പ്.

* ഇരിക്കൂർ ഉപജില്ല സാമൂഹ്യശാസ്ത്രമേളയിൽ ഓവറോൾ, എൽ.പി വിഭാഗം രണ്ടാം സ്ഥാനം.

* ഇരിക്കൂർ ഉപജില്ല ശാസ്ത്രമേളയിൽ യു.പി വിഭാഗത്തിൽ രണ്ടാംസ്ഥാനം.

* ഇരിക്കൂർ ഉപജില്ല ഐടി മേളയിൽ രണ്ടാം സ്ഥാനം

* ഇരിക്കൂർ ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ എൽ.പി വിഭാഗത്തിൽ 55–ൽ 55 പോയിന്റും ഒന്നാം സ്ഥാനവും യു.പി വിഭാഗത്തിൽ 80ൽ 78 പോയിന്റോടെ രണ്ടാംസ്ഥാനം കരസ്ഥമാക്കി.

* ഉളിക്കൽ പ്രവിശ്യാ DCL ടാലന്റ് ഫെസ്റ്റിൽ എൽ.പി, യു.പി വിഭാഗങ്ങൾക്ക് ഓവറോൾ ചാമ്പ്യൻഷിപ്പ്

♦ കണ്ണൂർ റവന്യൂജില്ലാ സ്കൂൾ കലോത്സവത്തിൽ യു.പി വിഭാഗം മലയാളം പ്രസംഗത്തിൽ ഒന്നാംസ്ഥാനവും എ ഗ്രേഡും സെന്റ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ വീർപാടിലെ ഡാരിസ് ബെന്നി എന്ന വിദ്യാർത്ഥിക്കാണ്.

♦ ഇരിട്ടി ഉപജില്ല കലോത്സവത്തിൽ ഉറുദു, സംസ്കൃതം ഗ്രൂപ്പ് സോങ്ങിൽ എ ഗ്രേഡും ഒന്നാം സ്ഥാനവും കച്ചേരിക്കടവ് യു.പി സ്കൂളിന് ലഭിച്ചു.

♦ കേരളസംസ്ഥാന ബാഡ്മിന്റൺ മത്സരത്തിൽ വായാട്ടുപറമ്പ ഹയർസെക്കണ്ടറി സ്കൂളിലെ അഞ്ജു തോമസ് രണ്ടാം സ്ഥാനം നേടി.

♦ ഇരിട്ടി ഉപജില്ല സ്കൂൾ കലോത്സവത്തിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂളിലെ കലാപ്രതിഭകൾക്ക് മാനേജ്മെന്റ്, പിടിഎ, ജനപ്രതിനിധികൾ, നാട്ടുകാർ എന്നിവർ ചേർന്ന് ഉജ്ജ്വല വരവേൽപ്പ് നൽകി. ആകെയുള്ള 190 പോയിന്റുകളിൽ 180 പോയിന്റും കരസ്ഥമാക്കി. ജില്ലാ സ്കൂൾ കായികമേളയിൽ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂളിലെ അമൽ മാത്യു, ഹർഷിത്ത് ഗോപി, ആഷിൻ ബിജു, മാർട്ടിൻ ബെന്നി എന്നിവർ വിജയികളായി.

♦ തോമാപുരം ഹയർസെക്കണ്ടറി സ്കൂളിലെ ഡോണ ജോയി സംസ്ഥാന തലത്തിൽ ഷോട്ട്പുട്ട് മത്സരത്തിൽ രണ്ടാം സ്ഥാനം നേടി.

♦ ചിറ്റാരിക്കാൽ ഉപജില്ല കലാമേളയിൽ നിർമ്മലഗിരി എൽ.പി. സ്കൂൾ വെള്ളരിക്കുണ്ട് തുടർച്ചയായി രണ്ടാം തവണയും ഓവറോൾ ചാമ്പ്യൻ ഷിപ്പ് നേടി. ഉപജില്ല കായികമേളയിൽ മൂന്നാംസ്ഥാനം ലഭിച്ചു. ഗണിതം, പ്രവർത്തിപരിചയം, എക്സിബിഷൻ, സാമൂഹ്യശാസ്ത്രം, എന്നീ വിഭാഗങ്ങളിൽ വിജയം നേടി ഓവറോൾ കരസ്ഥമാക്കി. ഉപജില്ല കായികമേളയിൽ തുടർച്ചയായി മൂന്നാംതവണ വ്യക്തിഗത ചാമ്പ്യൻഷിപ്പ് ലഭിച്ചു. ജില്ലാതലത്തിൽ ശാസ്ത്രക്വിസ്, സാമൂഹ്യശാസ്ത്രക്വിസ് എന്നിവയ്ക്കും ജില്ലാതല പ്രവർത്തി പരിചയമേളയിൽ ബാംബുപ്രൊഡക്റ്റ്, ഫാബ്രിക്പെയിന്റിങ്ങ് എന്നീ ഇനങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

♦ തോമാപുരം സെന്റ് തോമസ് യു.പി. സ്കൂൾ ചിറ്റാരിക്കാൽ സബ്ജില്ല പ്രവർത്തിപരിചയമേളയിലും ഗണിതശാസ്ത്രമേളയിലും ഒന്നാം സ്ഥാനം നേടി. കായികമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് ഗോഡ്വിൻ ജെയിംസ്, മിനിബോയ്സ് ചാമ്പ്യൻ അലക്സ് ജെയിംസ്, മിനി ഗേൾസ് ചാമ്പ്യൻ അൽഫോൻസ ജോസഫ്, കെസിയ രാഗേഷ് പങ്കെടുത്ത നാലിനങ്ങളിൽ മൂന്ന് ഒന്നാം സ്ഥാനവും ഒരു രണ്ടാം സ്ഥാനവും നേടി. കലാമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് 55 ൽ 55 പോയിന്റുകളും നേടി.

♦ എടൂർ സെന്റ്മേരീസ് യു.പി. സ്കൂളിന് ഇരിട്ടി ഉപജില്ല ശാസ്ത്രമേളയിൽ എച്ച്.എസ്.എസ്. വിഭാഗത്തിന് ഒന്നാം സ്ഥാനവും, കായികമേള, കലാമേളയിൽ യു.പി. ജനറൽ വിഭാഗം, എച്ച്.എസ്. ജനറൽ വിഭാഗം, എച്ച് എസ് സംസ്കൃതോത്സവം എന്നിവയ്ക്ക് ഒന്നാംസ്ഥാനവും ലഭിച്ചു. കൂടാതെ ജില്ലാ തല സ്റ്റീൽ മോഡൽ മത്സരത്തിൽ എ ഗ്രേഡ് വരുൺരാജ് നേടി, പ്രവർത്തിപരിചയമേളയിൽ പേപ്പർക്രാഫ്റ്റ് ഇനത്തിൽ സൂര്യ വിൻസന്റ്, സീമ വിൻസന്റ് എന്നിവർക്ക് എ ഗ്രേഡ് ലഭിച്ചു.

♦ മേരി ക്യൂൻസ് ഹൈസ്കൂൾ കുടിയാന്മല ഇരിക്കൂർ ഉപജില്ല മത്സരത്തിൽ റണ്ണേഴ്സ് അപ്പായി. ജില്ല മത്സരത്തിൽ വിഷ്ണു ബിജുവിന് 3000 മീറ്ററിൽ ഒന്നാംസ്ഥാനവും, ജോസ്വിൻ ഡൊമിനിക്കിന് 5000 മീറ്റർ മത്സരത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു. വോളിബോൾ ചാമ്പ്യൻഷിപ്പിൽ റണ്ണേഴ്സ് അപ്പായി. എക്സ്പീരിയൻസ് മത്സരത്തിൽ ഉപജില്ല മത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. ജില്ലതല മത്സരത്തിൽ അനിറ്റ സണ്ണി, നവ്യ സന്തോഷ്, അജിൻ ഹരിദാസ്, എയ്ഞ്ചലോ ജെയിംസ് എന്നിവർ സമ്മാനർഹരായി. സബ്ജില്ലാതലത്തിൽ മൂന്നാം സ്ഥാനവും നേടി. ഡിസിഎൽ സോണൽ തലത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.

## വേദപാഠ - സന്മാർഗ്ഗപാഠ പരീക്ഷ

ഈ വർഷത്തെ വേദപാഠ-സന്മാർഗപാഠ പരീക്ഷകൾ 2017 ജനുവരി 13-ാം തീയതി വെള്ളിയാഴ്ച എല്ലാ സ്കൂളിലും നടത്തണം. പരീക്ഷ കൃത്യമായി നടത്താനും ഉത്തരക്കടലാസുകൾ പരിശോധിച്ച് മാർക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്താനും ശ്രദ്ധിക്കണം. ഈ വർഷം മുതൽ പത്താംക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കും വേദപാഠ-സന്മാർഗപാഠ സ്കോളർഷിപ്പ് പരീക്ഷകൾ ഉണ്ടായിരിക്കുന്നതാണ്. വേദപാഠ-സന്മാർഗപാഠ പരീക്ഷകൾക്ക് മുഴുവൻ പാഠഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) പരീക്ഷ തീയതി ജനുവരി 13 വെള്ളിയാഴ്ച
2) വാർഷിക പരീക്ഷയും സ്കോളർഷിപ്പ് പരീക്ഷയും ഒരേദിവസംതന്നെ നടത്തുന്നു.
3) അർദ്ധ വാർഷിക പരീക്ഷയ്ക്ക് ഓരോ ക്ലാസിൽനിന്നും കൂടുതൽ മാർക്ക് വാങ്ങിയ 2 കുട്ടികളെവീതം സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഇരുത്താവുന്നതാണ്.
4) I - X വരെയുള്ള ക്ലാസുകളിലെ കുട്ടികൾ സ്കോളർഷിപ്പു പരീക്ഷയ്ക്കായി അതാതു സെന്ററുകളിലെത്തേണ്ടതാണ്.
5) തീയതി ജനുവരി 13 വെള്ളിയാഴ്ച
6) സ്കോളർഷിപ്പ് പരീക്ഷകളുടെ സമയക്രമം

   Std I to X - സന്മാർഗ്ഗശാസ്ത്രം (10.00 am to 11.30 am)
   വേദപാഠം (11.45am to 1.15pm)
7) സ്കോളർഷിപ്പ് പരീക്ഷ എഴുതിയ X^th Std ലെ കുട്ടികളിൽനിന്നും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികളുടെ ഉത്തരകടലാസുകൾ കോർപ്പറേറ്റിൽനിന്നും കെസിബിസി വിദ്യാഭ്യാസ കമ്മീഷന് അയച്ചുകൊടുക്കുന്നതാണ്.
8) സ്കോളർഷിപ്പ് വാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപത്രങ്ങൾ ജനുവരി 12-ാം തീയതി അതാതു സെന്ററുകളിൽ എത്തിക്കുന്നതാണ്.
9) സ്കോളർഷിപ്പ് പരീക്ഷാ സെന്ററുകൾ : പേരാവൂർ HS, എടൂർ HS, കിളിയന്തറ HS, വയത്തൂർ UP, ചെമ്പേരി HS, വായാട്ടുപറമ്പ് HS, ചെറുപുഴ HS, തോമാപുരം HS, കരിവേടകം UP.

## അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ

ഈ വർഷത്തെ അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷകൾ V to IX വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് 2017 ഫെബ്രുവരി 3-ാം തീയതി നട

ത്തുന്നതാണ്. I to IV വരെ ക്ലാസുകളിലെ കുട്ടികളുടെ അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ സംബന്ധമായ വിവരങ്ങൾ മറ്റൊരു സർക്കുലർ വഴി പിന്നീട് അറിയിക്കുന്നതായിരിക്കും.

സ്കോളർഷിപ്പ് പരീക്ഷ മുൻവർഷങ്ങളിലേതുപോലെ അതാതു സെന്ററുകളെ കേന്ദ്രീകരിച്ചായിരിക്കും.

## കരിയർ ഗൈഡൻസ്

നമ്മുടെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കരിയർ ഗൈഡൻസ് ക്ലാസുകൾ നടത്തുന്നതിന് സന്നദ്ധരായി വിവിധ ഏജൻസികൾ പ്രിൻസിപ്പാൾമാരെയും മാനേജർ അച്ചന്മാരെയും കോർപ്പറേറ്റ് മാനേജരെയും സമീപിക്കാറുണ്ട്. കേരളത്തിന് പുറത്തുള്ള പല കോളേജുകളുടെയും ഏജന്റുമാരായി വരുന്നവർ എല്ലാവരും നല്ല കോളേജുകളിലേയ്ക്കും കോഴ്സുകളിലേക്കുമാണ് വിദ്യാർത്ഥികളെ കൊണ്ടുപോകുന്നത് എന്ന് ഉറപ്പുവരുത്തണം. അധ്യാപകരാണ് വിദ്യാർത്ഥികൾക്ക് ഉചിതമായ കരിയർഗൈഡൻസ് നൽകേണ്ടത്. പ്ലസ് ടു പബ്ലിക്ക് പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ ഒരുക്കുന്ന അതേ പ്രാധാന്യം ഭാവിയിലേക്കുള്ള കോഴ്സുകളും കോളേജുകളും കണ്ടെത്തുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നതിലും ഉണ്ടാകണം.

ഓരോ സ്കൂളുകളിലും കരിയർഗൈഡൻസ് ചാർജ്ജുള്ള അധ്യാപകൻ യഥാസമയം കരിയർ ഗൈഡൻസ് നൽകുന്നതിന് ശ്രദ്ധിക്കണം. കരിയർ ഗൈഡൻസ് മാർഗ നിർദ്ദേശങ്ങൾ നൽകാൻ സ്കൂളുകളിലേയ്ക്ക് ക്ഷണിക്കുന്ന വിദഗ്ധർ ഏതെങ്കിലും ഏജൻസികളുടെ ബിനാമികളാകാതിരിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ പ്ലസ്ടു സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളിൽ എൻജീനിയറിംഗ് പഠിക്കാൻ ആഗ്രഹിക്കുന്നവരെ നമ്മുടെ കോളേജായ വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് അയക്കുന്നതായിരിക്കും അഭികാമ്യം. മികച്ച അക്കാദമിക് അന്തരീക്ഷം, സുരക്ഷിതത്വം, മൂല്യബോധനം, ആത്മീയ വളർച്ചയ്ക്കുതകുന്ന അന്തരീക്ഷം തുടങ്ങി ഒരു വിദ്യാർത്ഥിക്ക് ആവശ്യമായ സമഗ്രപരിശീലനം നൽകുന്നതിന് നമ്മുടെ എഞ്ചിനീയറിംഗ് കോളേജ് പ്രസിദ്ധമാണ്. അതിനാൽ മറ്റ് ഏജൻസികളെ അന്വേഷിച്ചു പോകാതെ കരിയർഗൈഡൻസിനും വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് അഡ്മിനിസ്ട്രേറ്ററെയോ എഞ്ചിനീയറിംഗ് കോളേജ് ചെയർമാനെയോ കോൺടാക്റ്റ് ചെയ്യുക. മറ്റ് ഏജൻസികളെ സ്കൂളുകളിൽ റിക്രൂട്ട്മെന്റിന് അനുവദിക്കാതിരിക്കുകയാണ് ഉചിതം.

## ഓറിയന്റേഷൻ ക്ലാസ്

♦ എടൂർ സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ് ടു വിദ്യാർ

ത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ശ്രീ. മധു ഭാസ്ക്കരൻ ക്ലാസ് നടത്തി. അസി. മാനേജർ ഫാ. സോജൻ ഇളംപുരയിടം ഉദ്ഘാടനം ചെയ്തു.

- കൊളക്കാട് സാന്തോം ഹയർസെക്കണ്ടറി സ്കൂൾ, ഹൈസ്കൂൾ, കാപ്പാട് യു.പി. സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ അധ്യാപക അനധ്യാപകർക്ക് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. ശ്രീ. വി. വേണുഗോപാലാണ് ക്ലാസുകൾക്ക് നയിച്ചത്. ട്രെയിനിംഗ് പ്രോഗ്രാമിന് നേതൃത്വം നൽകിയ ബഹു. സെബാസ്റ്റ്യൻ പാലാക്കുഴിഅച്ചനും, പ്രധാന അധ്യാപകർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ തസ്തികളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് ഏജൻസിയിലെ സ്കൂളുകളിലെ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികകളിൽ വരുന്ന ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ ആഗ്രഹിക്കുന്ന സർക്കാർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ ജനുവരി 20-ാം തീയതിക്ക് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കത്തക്കവിധം അപേക്ഷ അയക്കണം. വിശദവിവരങ്ങൾ സർക്കുലറുകളിലൂടെ സ്കൂളുകളിലേയ്ക്ക് അറിയിക്കുന്നതാണ്.

## ട്രാൻസ്ഫർ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിദ്യാലയങ്ങളിലേക്ക് സ്കൂളുകളിലെ ആവശ്യാനുസൃതം ട്രാൻസ്ഫറുകൾ ഉണ്ടാകും. റിട്ടയർ ചെയ്യുന്നതുവരെ ഒരു സ്കൂളിൽ തന്നെയായിരിക്കും എന്നുള്ള ചിന്ത ഉചിതമല്ല. അനുയോജ്യമായ സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിന് ജനുവരി 31 ന് മുമ്പായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിച്ചതുകൊണ്ട് പ്രസ്തുത സ്കൂളിലേയ്ക്ക് ട്രാൻസ്ഫർ ലഭിക്കണമെന്നില്ല. അപേക്ഷ സമർപ്പിച്ചവർക്കും സമർപ്പിക്കാത്തവർക്കും ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമായി സ്കൂളുകളുടെ ആവശ്യാനുസരണം മാറ്റങ്ങൾ ഉണ്ടാകും.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും നവവത്സരാശംസകൾ!**

## എംടെക് റാങ്കുകൾ വിമൽജ്യോതിയിൽ

കണ്ണൂർ യൂനിവേഴ്സിറ്റിയുടെ 2014-2016 ബാച്ച് ബിടെക് പരീക്ഷയിൽ ആറു റാങ്കുകൾ ചെമ്പേരി വിമൽജ്യോതിക്കു സ്വന്തം. പ്രണോയി എം.റോയി, സിമിഷ സുരേഷ്, നിമിഷ പി, അനുശ്രീ കെ, എന്നിവർ യഥാക്രമം ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ, സിവിൽ എൻജിനിയറിംഗ്, കമ്പ്യൂട്ടർ സയൻസ് എൻജിനിയറിംഗ് എന്നിവയിൽ ഒന്നാംസ്ഥാനവും പാർവ്വതി, അനുപമ ബി, എന്നിവർ യഥാക്രമം ഇലക്ട്രോണിക്സ് ഇൻസ്ട്രുമെന്റേഷനിൽ രണ്ടും മൂന്നും റാങ്കുകളും നേടി. റാങ്കുജേതാക്കൾക്ക് വിമൽജ്യോതിയുടെ അഭിനന്ദനങ്ങളും ആശംസകളും!!



**പ്രണോയി എം. റോയി**
AEI -I st



**സിമിഷ സുരേഷ്**
CE -I st



**നിമിഷ പി.**
CE -I st



**അനുശ്രീ കെ.**
CS -I st



**പാർവ്വതി**
AEI -II nd



**അനുപമ ബി.**
AEI -III rd

**ദേശീയ ശില്പശാല :** വിമൽജ്യോതി എൻജിനിയറിംഗ് കോളേജിലെ IEEE, IAS ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ടുമെന്റ് 5 ദിവസം നീണ്ടുനില്ക്കുന്ന ഒരു ദേശീയശില്പശാല നടത്തി. കൺട്രോൾ, ഇമേജ് ആന്റ് സിഗ്നൽ പ്രോസസിംഗ് മേഖലകളിലെ നൂതന പ്രവണതകളെ പുതിയ തലമുറക്ക് പരിചയപ്പെടുത്തുന്നതിനാണ് ശില്പശാല സംഘടിപ്പിച്ചത്. വിമൽജ്യോതി സ്ഥാപനങ്ങ

ളുടെ ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത് ശില്പശാല ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. ഡിപ്പാർട്ടുമെന്റ് മേധാവി പ്രൊഫ. റീമാ, പബ്ലിക്റിലേഷൻസ് ഓഫീസർ ശ്രീ. സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ പ്രസംഗിച്ചു. കേരളത്തിനകത്തും പുറത്തുനിന്നുമായി ആഗോളം പ്രതിനിധികൾ പങ്കെടുത്തു.

## പ്ലേസ്മെന്റ് സെൽപ്രവർത്തനങ്ങൾ

'FLAG-2017' ചെമ്പേരി വിമൽജ്യോതി എൻജിനിയറിംഗ് കോളേജുകൾ ചെന്നൈ ആസ്ഥനമായി പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി ബിഡ്ജും സംയുക്തമായി 'FLAG-2017' എന്ന പേരിൽ 2017 ജനുവരി 11-ാം തീയതി വിമൽജ്യോതിയിൽവച്ച് ഒരു മെഗാ ക്യാമ്പ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. 2017ൽ പാസ്സ് ഔട്ടാകുന്ന വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന ഈ റിക്രൂട്ടുമെന്റിൽ ഏഴു പ്രമുഖ കമ്പകനികൾ പങ്കെടുക്കുന്നു.

## വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ച്

എം.ബി.എ കോളേജ് മാനേജ്മെന്റ് ഫെസ്റ്റ് കർമ്മാന്ദ 2016 കണ്ണൂർ നോർത്ത് മലബാർ ചേമ്പർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ശ്രീ. സി.വി. ദീപക് ഉദ്ഘാടനം ചെയ്തു. ഫെസ്റ്റിനോടനുബന്ധിച്ച് നടത്തപ്പെട്ട മത്സരങ്ങളിൽ എസ്.ഡി.എം. കോളേജ് മംഗലാപുരം ഒന്നാംസ്ഥാനവും ചിന്റക് ചിന്മയ കണ്ണൂർ രണ്ടാംസ്ഥാനവും കരസ്ഥമാക്കി. സമാപനസമ്മേളനത്തിൽ പ്രിൻസിപ്പാൾ ഡോ. തോമസ് മൈക്കിൾ അദ്ധ്യക്ഷത വഹിച്ചു. ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത് വിജയികൾക്ക് ട്രോഫികളും ക്യാഷ് അവാർഡും വിതരണം ചെയ്തു.

## കരിസ്മാറ്റിക് സുവർണ്ണജൂബിലി കുടുംബസംഗമം

ആഗോള കരിസ്മാറ്റിക് സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി  കണ്ണൂർ സോണിന്റെ ആഭിമുഖ്യത്തിൽ ചെമ്പേരി വിമൽജ്യോതി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച കുടുംബസംഗമം തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞരളക്കാട്ടുപിതാവിന്റെ  മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയോടെ ആരംഭിച്ചു. തുടർന്നു നടന്ന ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യപിതാവ് അധ്യക്ഷതവഹിച്ചു. കണ്ണൂർ രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപതാസഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ കരുത്താണ് പ്രാർത്ഥനാഗ്രൂപ്പുകളെന്നും, അവ വചനമൂല്യങ്ങളിൽ അധിഷ്ഠിത

# നിർമ്മലഗിരി വാർത്തകൾ

## സർവകലാശാല ജേതാക്കൾ

കണ്ണൂർ സർവകലാശാല ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ പുരുഷ-വനിതാവിഭാഗങ്ങളിൽ നിർമ്മലഗിരി കോളേജ് രണ്ടാം സ്ഥാനം നേടി. സർവകലാശാല ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇരുവിഭാഗങ്ങളും മൂന്നാം സ്ഥാനവും നേടി. നിർമ്മലഗിരി കോളേജിൽവച്ച് നടന്ന ടൂർണമെന്റ് പ്രിൻസിപ്പൽ ഡോ. എൻ. ജെ. സെലീന ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ മോൺ. അബ്രാഹം പോണാട്ട് സമ്മാനദാനം നടത്തി. കായികവിഭാഗം മേധാവി ഷിനിൽ കുര്യാക്കോസ്, ഡോ. മരിയ മാർട്ടിൻ ജോസഫ്, ജസ്റ്റിൻ വിൻസെന്റ് എന്നിവർ സംസാരിച്ചു.

## റാങ്ക് നേട്ടം

കണ്ണൂർ യൂണിവേഴ്സിറ്റി എം.എസ്.സി. കെമിസ്ട്രി പരീക്ഷയിൽ നിർമലഗിരി കോളേജ് കെമിസ്ട്രി വിഭാഗത്തിലെ സുധീഷ് മോഹൻ രണ്ടാം റാങ്ക് നേടി.

## മാതൃഭൂമി SEED പുരസ്ക്കാരം

കോളേജിലെ ഇക്കോ ക്ലബിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ലൗവ് പ്ലാസ്റ്റിക് പ്രോഗ്രാമിന് മാതൃഭൂമി SEED പ്രത്യേക പുരസ്ക്കാരം ലഭി

➔ ---------------------------

മായ ജീവിതം നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുമെന്നും അഭിവന്ദ്യ ഞറളക്കാട്ടു പിതാവ് അഭിപ്രായപ്പെട്ടു. വ്യക്തികളിലും കുടുംബങ്ങളിലും ദൈവികമായ സദ്ഫലങ്ങൾ ഉളവാക്കാൻ വഴിയൊരുക്കിയ കത്തോലിക്ക കരിസ്മാറ്റിക് മുന്നേറ്റം ഇനി പൊതുസമൂഹത്തിലും ഗുണപരമായ സ്വാധീനം ചെലുത്താൻ കഴിയുന്നതായിരിക്കണമെന്ന് കണ്ണൂർ രൂപതാദ്ധ്യക്ഷൻ ഉൽബോധിപ്പിച്ചു. പരിശുദ്ധാത്മ പ്രചോദിതമായ പ്രവർത്തനങ്ങളാൽ സഭയെ വളർത്തുക എന്ന ദൈവിക പദ്ധതിയുടെ ഭാഗമാണ് കത്തോലിക്ക കരിസ്മാറ്റിക് കൂട്ടായ്മകളെന്ന് കോട്ടയം രൂപതാദ്ധ്യക്ഷനും സൂചിപ്പിച്ചു. ആയിരത്തി അഞ്ചൂറോളം പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

ച്ചു. പ്രോഗ്രാം കൺവീനർ ഡോ. റോസി ആന്റണി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷിൽനിന്നും പുരസ്ക്കാരം ഏറ്റുവാങ്ങി. ഈ പുരസ്ക്കാരം ലഭിക്കുന്ന കേരളത്തിലെ ആദ്യത്തെ കോളേജായി നിർമ്മ ലഗിരി.

## KSCSTE ഫെല്ലോഷിപ്പ്

ഗവേഷണ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കായി Kerala State Council for Science Technilogy and Environment ഏർപ്പെടുത്തിയ ഫെല്ലോഷിപ്പ് നിർമ ലഗിരി കോളേജിലെ 6 വിദ്യാർത്ഥികൾക്കു ലഭിച്ചു. മൂന്ന് വിദ്യാർത്ഥികൾ സുവോളജി ഡിപ്പാർട്ടുമെന്റിൽനിന്ന് ഉള്ളവരും മൂന്നുപേർ ബോട്ടണി ഡിപ്പാർമെന്റിൽ നിന്നുമാണ്.

## പൂർവ്വവിദ്യാർത്ഥി സംഗമം

കോളേജ് അലുംനി ഡിസംബർ 4-ാം തീയതി കോളേജ് മിനി ഓഡി റ്റോറിയത്തിൽവച്ച് നടന്നു. ശ്രീ മമ്പറം ദിവാകരനെ കോളേജ് അലുംനി പ്രസിഡന്റായി തിരഞ്ഞെടുത്തു. ഇംഗ്ലീഷ് വിഭാഗത്തിലെ സി. മെർലിനെ സെക്രട്ടറിയായും മാത്സ് വിഭാഗത്തിലെ ഡോ സാബു സെബാസ്റ്റ്യനെ ട്രഷ റർ ആയും തിരഞ്ഞെടുത്തു.

## Spring Board - 2016

കരിയർ ഗൈഡൻസ് പ്ലെയിസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അവ സാനവർഷ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി 'സ്പ്രിങ്ങ് ബോർഡ് - 2016' എന്ന പേരിൽ തൊഴിൽ മാർഗ്ഗനിർദ്ദേശക പരിശീലന പരിപാടി സംഘ ടിപ്പിച്ചു. ഡിസംബർ 1 മുതൽ 6 വരെ നടന്ന ക്യാമ്പിൽ കാമ്പസ് റിക്രൂട്ട്മെന്റി ന്റെയും മറ്റ് തൊഴിലഭിമുഖങ്ങളെയും അഭിമുഖീകരിക്കാൻ സഹായമാകുന്ന സംഘചർച്ചകളും അഭിമുഖപരിശീലനവും സംഘടിപ്പിച്ചു. തിരുവനന്തപുരം ഇൻസൈറ്റ് ജോബ് ഗുരുവിലെ ട്രെയിനർമാർ നേതൃത്വം നല്കി.

**PRO നിർമ്മലഗിരി കോളെജ്**

# കരിസ്മാറ്റിക് നവീകരണരംഗം

## തലശ്ശേരി സോൺ

### കരിസ്മാറ്റിക് നവീകരണ ജൂബിലി അസംബ്ലി

2016 നവംബർ 21-23 വരെ 'കരിസ്മാറ്റിക് നവീകരണം ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയത്തെ അധികരിച്ച് പിഒസിയിൽ വെച്ചു നടന്ന ജൂബിലി അസംബ്ലിയിൽ സോണിൽനിന്നും 5 പേർ പങ്കെടുത്തു.

### കൊയ്നോണിയ 2016

അനുരഞ്ജനവും കൂട്ടായ്മയും അനുദിന വിശുദ്ധി, ആത്മാഭിഷേകവും സുവിശേഷവൽക്കരണവും, എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി എല്ലാ ഇടവകകളിലും 'കൊയ്നോണിയ 2016' എന്ന പേരിൽ ഏകദിന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു. 15ഓളം ഇടവകകളിൽ സെമിനാർ പൂർത്തിയായി.

### അനൗദ്യോഗിക കൂട്ടായ്മ

നവീകരണത്തിൽ ആദ്യകാല നേതൃത്വനിരയിലുണ്ടായിരുന്നവരെ ആദരിക്കുകയും അവരുടെ അനുഭവം പങ്കുവയ്ക്കുകയും ചെയ്ത അനൗദ്യോഗിക കൂട്ടായ്മ 2016 നവംബർ 26-ാം തീയതി ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വെച്ചു നടന്നു. 70ഓളം പേർ പങ്കെടുത്തു. പരിപാടികൾക്ക് റവ. ഫാ. വിൻസെന്റ് കുരിശുംമൂട്ടിൽ OFM നേതൃത്വം നല്കി.

### സോണൽ കൺവെൻഷൻ

2017 ജനുവരി 1 മുതൽ 4 വരെ ഇരിട്ടി സെന്റ് ജോസഫ്സ് ദേവാലയത്തിൽവെച്ചു നടക്കുന്ന സോണൽ കൺവെൻഷന് റവ. ഫാ. ജോർജ് വണ്ടർകുന്നേലച്ചന്റെ നേതൃത്വത്തിൽ വിവിധങ്ങളായ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

### ചെമ്പേരി കരിസ്മാറ്റിക് ബൈബിൾ കൺവെൻഷൻ

കത്തോലിക്ക കരിസ്മാറ്റിക് പ്രസ്ഥാനം കണ്ണൂർ സോണിന്റെയും ചെമ്പേരി ലൂർദ്ദ്മാതാ ഫൊറോന ദേവാലയത്തിന്റെയും നേതൃത്വത്തിൽ ചെമ്പേരി മദർ തെരേസ നഗറിൽവച്ച് ജനുവരി 25 മുതൽ 29-വരെ വൈകിട്ട് 4മുതൽ 9.30വരെ "മഹത്വത്തിൻ സാന്നിദ്ധ്യം" കരിസ്മാറ്റിക് ബൈബിൾ കൺവൻഷൻ നടത്തുന്നു. ബ്രദർ സന്തോഷ് കരുമാത്രയുടെയും മാർ റാഫേൽ തട്ടിൽ പിതാവിന്റെയും നേതൃത്വത്തിൽ നടക്കുന്ന ബൈബിൾ കൺവെൻഷനിലേയ്ക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. കണ്ണൂർ സോണിന്റെ വിവിധ ഫൊറോനകളിൽ ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നുണ്ട്. പിലാത്തറ, മടമ്പം ആലക്കോട് ചെമ്പേരി കൺവൻഷനുകളുടെ വിജയത്തിനായി പ്രാർത്ഥിക്കാം.

## വൈദിക-സന്ന്യസ്ത സംഗമം ജനുവരി 4ന് തളിപ്പറമ്പിൽ

കരിസ്മാറ്റിക് മലബാർ സബ്-റീജിയന്റെ നേതൃത്വത്തിൽ ജനുവരി 4ന് രാവിലെ 10 മണിമുതൽ 2 മണിവരെ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും നേതൃത്വത്തിൽ വൈദികരുടെയും സന്യസ്തരുടെയും സംഗമം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽവച്ച് നടത്തപ്പെടുന്നു. തലശ്ശേരി അതിരൂപതയിലെ എല്ലാ വൈദികരെയും സന്യസ്തരെയും സ്നേഹപൂർവ്വം സംഗമത്തിലേയ്ക്ക് സ്വാഗതംചെയ്യുന്നു.

## കരിസ്മാറ്റിക് നവീകരണം : ജൂബിലി ആഘോഷം

ആഗോളകരിസ്മാറ്റിക് സുവർണ്ണ ജൂബിലിയാഘോഷത്തിന്റെ ഭാഗമായി കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കണ്ണൂർ സോണിന്റെ ആഭിമുഖ്യത്തിൽ 2017 ഡിസംബർ 12ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംങ്ങ് കോളെജ് ഓഡിറ്റോറിയത്തിൽവച്ച് കുടുംബസംഗമം നടത്തി. തലശ്ശേരി ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷത വഹിച്ച സമ്മേളനം കണ്ണൂർ രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. ജോസ് മഞ്ചപ്പള്ളി, ഫാ. തോമസ് കൂട്ടിയാനി, സജി കാക്കനാട്ട് എന്നിവർ പ്രസംഗിച്ചു. ജീവകാരുണ്യ സ്ഥാപനങ്ങൾ നടത്തുന്ന ബേബി പാലക്കാട്ട് (തിരുരക്താശ്രമം ആശാൻകവല), സജി തുരുത്തിയിൽ (തെരേസ് ഭവൻ വെമ്പുവ), ബേബി ഞള്ളിമാക്കൽ (ചെമ്പന്തൊട്ടി ഗുരുകുലം ആശ്രമം) സി. പാർവ്വളാമ്മ (ദിവ്യകാരുണ്യ തപോവനം, നെല്ലിപ്പാറ) എന്നിവരെ ആദരിച്ചു.

രാവിലെ സംഗമത്തിന് തുടക്കംകുറിച്ചു നടന്ന ജപമാല, സ്തുതി, ആരാധന എന്നിവയ്ക്കുശേഷം നടന്ന കൃതജ്ഞതാസ്തോത്രസമൂഹബലിയിൽ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. ഉദ്ഘാടനസമ്മേളനത്തിനുശേഷം പ്രമുഖ സുവിശേഷ പ്രഘോഷകരായ ഫാ. ഷാജി വൈക്കത്തുപറമ്പിൽ, റവ. ഡോ. അലോഷ്യസ് കുളങ്ങര എന്നിവർ ക്ലാസ്സുകൾ എടുത്തു. സ്നേഹവിരുന്ന്, വീഡിയോ പ്രദർശനം, ഗാനശുശ്രൂഷ, ദിവ്യകാരുണ്യആരാധന, ജൂബിലി മധുരം പങ്കുവയ്ക്കൽ എന്നിവയും ഉണ്ടായിരുന്നു.

**ഫാ. ജോസ് മഞ്ചപ്പള്ളി**<br>
കരിസ്മാറ്റിക് പ്രസ്ഥാനം, തലശ്ശേരി<br>
അതിരൂപതാഡയറക്ടർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

അഭിവന്ദ്യരായ വൈദികരേ, ആദരണീയരായ സന്യസ്തരേ, സ്നേഹമുള്ള അല്മായ പ്രേഷിതരേ,

പുതുവർഷത്തിന്റെ പുലരൊളി കാണാൻ ഭാഗ്യംതന്ന ദൈവത്തിന് നന്ദിപറഞ്ഞുകൊണ്ട് നിങ്ങളേവർക്കും പുതുവർഷത്തിന്റെ മംഗളാശംസകൾ നേരുന്നു. ഈ വർഷത്തിലുടനീളം നിങ്ങൾക്ക് **സമാധാനവും സൗഭാഗ്യവും** കരഗതമാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### അറിയുക സ്നേഹിക്കുക

"ദൈവമേ ! നിന്നെ അറിയാതെ എങ്ങിനെ സ്നേഹിക്കും? സ്നേഹിക്കാതെ എങ്ങിനെ അറിയും?" വി. അഗസ്റ്റിന്റെ ഈ വാക്കുകൾ ദൈവത്തിനു മാത്രമല്ല വ്യക്തികളെ സംബന്ധിച്ചും സത്യമാണ്. 2017 വർഷത്തിൽ നമുക്കും ഈ യാഥാർത്ഥ്യം ഒരു ആപ്തവാക്യമായെടുക്കാം രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന ഫ്രാൻസിസിനോടൊപ്പം ക്രിസ്തുവിനെ അടുത്തനുഗമിക്കുവാൻ വ്രതം ചെയ്തിരിക്കുന്ന നമുക്കും ഫ്രാൻസീസിനെ കൂടുതലായി അറിയേണ്ടിയിരിക്കുന്നു; സ്നേഹിക്കേണ്ടിയിരിക്കുന്നു. 2016-ൽ കാരുണ്യപ്രവർത്തികൾക്ക് ഊന്നൽ കൊടുത്ത നമുക്ക് ഈ വർഷം ഫ്രാൻസിസ്ക്കൻ ആത്മീയ വളർച്ചക്ക് ഊന്നൽ കൊടുക്കാം.

ആദ്യമായിത്തന്നെ സഭാംഗങ്ങൾ എല്ലാവരും ഫ്രാൻസിസിനെക്കുറിച്ചുള്ള ഒരു പുസ്തകമെങ്കിലും ആദ്യത്തെ രണ്ട് മാസത്തിനുള്ളിൽതന്നെ വായിക്കുവാൻ പരിശ്രമിക്കുക.

അത്മായ ഫ്രാൻസിസ്കൻ സഭയുടെ നിയമാവലി, പ്രാർത്ഥനാപുസ്തകം എന്നിവ എല്ലാവർക്കും ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഭ്രാതൃത്വപ്രസിഡന്റുമാർ പ്രത്യേകം ശ്രദ്ധിക്കുക. മേൽപ്പറഞ്ഞ പുസ്തകങ്ങളിലെ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് പ്രാദേശിക-റീജൻ-അതിരൂപതാ തലങ്ങളിൽ ക്വിസ്സ് മത്സരങ്ങളും മറ്റ് പരീക്ഷകളും സംഘടിപ്പിക്കുന്നതായിരിക്കും. ഒപ്പംതന്നെ ഫ്രാൻസിസ്കൻ അല്മായ ആത്മീയതയെക്കുറിച്ചുള്ള പഠനക്കുറിപ്പുകളും ഈ വർഷത്തിൽ പല പ്രാവശ്യം പുറത്തിറക്കുന്നതായിരിക്കും. വർഷാവസാനം പ്രസിദ്ധനായ ഒരു ഫ്രാൻസിസ്കൻ ആത്മീയ ഗുരുവിന്റെ ധ്യാനവും സംഘടിപ്പിക്കുന്നതായിരിക്കും. ഇപ്രകാരം ഫ്രാൻസീസിനെ അറിയാനും അതുവഴി സ്നേഹിക്കാനും തന്മൂലം അനുകരിക്കാനും നമുക്ക് പ്രാപ്തി ലഭിക്കും.

### വിലയിരുത്തൽ

അതിരൂപതാകമ്മിറ്റിയുടെ തീരുമാനപ്രകാരം ഓരോ ഭ്രാതൃത്വത്തിനും ചോദ്യാവലി രൂപത്തിൽ അവലോകന റിപ്പോർട്ടിനുള്ള ഒരു ഫോറം തരുവാൻ റീജിയനെ ചുമതലപ്പെടുത്തിയിരുന്നു. ഓരോ ഭ്രാതൃത്വവും മൂന്ന്

കോപ്പികൾ വീതം ഏറ്റവും സത്യസന്ധമായി പൂരിപ്പിച്ച് ഒരെണ്ണം ഭ്രാതൃത്വത്തിൽ സൂക്ഷിക്കുകയും മറ്റ് രണ്ടെണ്ണം റീജിയനെ ഏല്പിക്കുകയും വേണം. ഓരോ ഭ്രാതൃത്വങ്ങളെയുംക്കുറിച്ചുള്ള ഒരു ഫയൽ റീജൻ - അതിരൂപതാ ഓഫീസുകളിൽ സൂക്ഷിച്ചുവയ്ക്കുവാനും കമ്മിറ്റി തീരുമാനിച്ചു.

## റീജിയൻ മീറ്റിംഗുകൾ

പട്ടാരം, ചെമ്പേരി, ചെറുപുഴ റീജിയനുകളുടെ കൗൺസിൽ മീറ്റിംഗുകൾ കൃത്യമായ രീതിയിൽ നടത്തുകയും ഗുണപരമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഓരോ റീജിയനുകളും അവരുടെ ഭരണപരിധിയിലുള്ള സ്ഥലങ്ങളിൽ പുതിയ ഭ്രാതൃത്വങ്ങൾ സ്ഥാപിക്കുകയും അവയെ പരിശീലിപ്പിക്കുകയും ചെയ്യുന്നതിന് കൂടുതൽ ശുഷ്കാന്തി കാണിക്കുമെന്ന് തീരുമാനിച്ചു. റീജിയൻ ഭാരവാഹികളുടെ ഭ്രാതൃത്വസന്ദർശനം ഔദ്യോഗികവും അനൗദ്യോഗികവും - കൂടുതൽ പ്രോത്സാഹിപ്പിക്കുപ്പെടണമെന്ന് നിർദ്ദേശിക്കപ്പെട്ടു. ഫ്രാൻസീസിനെ അറിയാനും സ്നേഹിക്കാനുമായി കൂടുതൽ കർമ്മപദ്ധതികൾ ഈ വർഷത്തിൽ നടപ്പാക്കുവാൻ തീരുമാനമായി. എല്ലാ മാസത്തിലും നടക്കുന്ന പരിശീലകരുടെ പ്രാർത്ഥനാ കൂട്ടായ്മ ഓരോ ഭ്രാതൃത്വത്തിലും മാറിമാറി സംഘടിപ്പിക്കുന്നതും ആ ദിവസം ഭ്രാതൃത്വം മുഴുവൻ അവരോട് ചേരുന്നതും ഉചിതമായ രീതിയാണെന്ന് കൗൺസിലുകൾ വിലയിരുത്തി.

## ഭ്രാതൃത്വസ്ഥാപനം - സന്ദർശനം

ശാന്തിഗിരി, ഒറ്റത്തൈ, കുട്ടാപറമ്പ്, തടിക്കടവ്, ചെറിയ അരീക്കമല, നെല്ലിക്കുറ്റി, ഏറ്റുപാറ എന്നീ ഇടവകകളിൽ ബഹു. സണ്ണി തോട്ടപ്പള്ളിയച്ചനും ചെമ്പേരി റീജനൽ ഭാരവാഹികളും സന്ദർശനം നടത്തുകയും അല്മായ സഭയുടെ വിത്തുപാകുകയും ചെയ്തു. ബഹു. വികാരിയച്ചന്മാരുടെ താല്പര്യത്തിനും സഹകരണത്തിനും നന്ദി പറയുന്നു. അവിടെയുള്ള ഭ്രാതൃത്വങ്ങൾ വളർന്നുഫലം ചൂടുവാൻവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ചെറുപുഴ, മുളപ്ര, പാടിയോട്ടുചാൽ, ഒറ്റത്തൈ, മണ്ടളം, അങ്ങാടിക്കടവ്, പട്ടാരം ഭ്രാതൃത്വങ്ങളിൽ അതിരൂപതാ ആത്മീയ സഹായി ഫാ. ബിജു എളമ്പച്ചംവീട്ടിൽ സന്ദർശനം നടത്തുകയും ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. പട്ടാരം റീജനൽ മിനിസ്റ്റർ ബ്ര. ജോസ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽ റീജനിലെ ഒട്ടുമിക്ക ഭ്രാതൃത്വങ്ങളിലും ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പ്രാർത്ഥനാരൂപി വളർത്തുകയും ചെയ്തു. എല്ലാ ഭ്രാതൃത്വങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും സഭാത്മകശുശ്രൂഷകളും ഉന്മേഷത്തോടുകൂടി നടത്തുവാൻ പരിശ്രമിക്കുന്നു എന്നറിയുന്നതിൽ ദൈവത്തിന് നന്ദി പറയുന്നു.

**വാർഷികം :** ചെമ്പേരി റീജൽ വാർഷികം കുടിയാന്മലയിൽ വച്ച് ആഘോഷമായി കൊണ്ടാടി. ഇടവക സഹവികാരി ഫാ. ജോസഫ് കുരിശുംമൂട്ടിൽ വാർഷികാഘോഷങ്ങൾക്ക് തിരിതെളിച്ചു. ഫ്രാൻസിസ്കൻ പ്രാർത്ഥനയ്ക്കു

ശേഷം ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. അതിരൂപതാ ആത്മീയ സഹായി ഫാ. ബിജു എളമ്പച്ചംവീട്ടിൽ ദിവ്യബലിയർപ്പിക്കുകയും ഫാ. സണ്ണി തോട്ടപ്പള്ളിൽ സന്ദേശം നല്കുകയും ചെയ്തു. ഉച്ചയ്ക്കുള്ള സ്നേഹവിരുന്നിനുശേഷം ആരംഭിച്ച പൊതുസമ്മേളനത്തിന് ബ്ര. ജോണി വാഴൂപ്പടിക്കൽ അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ്കൻ ആത്മീയതയുടെ അടിസ്ഥാനം ദൈവൈക്യജീവിതമാണെന്ന് പറഞ്ഞ ഉദ്ഘാടകൻ, ബ്ര. മാത്യു പൂത്തോട്ടാൽ (അതിരൂപതാ മിനിസ്റ്റർ) സഭാംഗങ്ങളെ അഭിനന്ദിക്കുകയും കൂടുതൽ തീക്ഷ്ണതയോടെ ഇടവകപ്രവർത്തനങ്ങളിൽ ഇടപെടാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. ബ്ര. മാത്യു പുല്ലാട്ട് റീജയന്റെ ആത്മീയജീവിതം വിലയിരുത്തുകയും സെക്രട്ടറി ബ്ര. കുര്യാക്കോസ് പുതിയേടത്തുപറമ്പിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സി. മിനി വേട്ടർകുടി നന്ദിപ്രകാശനം നടത്തി. സഭാംഗങ്ങളുടെ കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളും ഹൃദ്യമായിരുന്നു. സമ്മേളനം വൈകുന്നേരം 4 മണിയോടെ സമാപിച്ചു.

## പുതിയ ഭാരവാഹികൾ

ചെറുപുഴ റീജിയൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. ജോയി മൂങ്ങാമാക്കലിനു പകരമായി സി. മോളി മൂലേമുറിയിലിനെ പ്രസിഡന്റായി തെരഞ്ഞെടുത്തു. ജോസുകുട്ടി കൂട്ടമാക്കൽ വൈസ് പ്രസിഡന്റായും ബ്ര. അബ്രാഹം ചെമ്പനാംതടം ഫോർമേറ്ററായും ബ്ര. തോമസ് വാലിയിൽപുത്തൻപുരയെ ഖജാൻജിയായും സി. ഷൈനി കൊച്ചാങ്കൽ കൗൺസിലറായും തെരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരവാഹികളുടെ നേതൃത്വത്തിൽ ഭ്രാതൃത്വം പുഷ്ടിപ്രാപിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

തോമാപുരം ഭ്രാതൃത്വാംഗങ്ങളായിരുന്ന ബ്ര. കുര്യാക്കോസ് തട്ടുങ്കൽ (92), ബ്ര. ജോസഫ് മച്ചിയാനിക്കൽ (94) എന്നിവർ തങ്ങളുടെ ജീവിതദൗത്യം പൂർത്തിയാക്കി കർത്താവിങ്കലേക്ക് യാത്രയായിരിക്കുന്നു. അവർക്കുവേണ്ടിയും മരിച്ചുപോയ നമ്മുടെ എല്ലാ ഫ്രാൻസിസ്കൻ സഹോദരങ്ങൾക്കുവേണ്ടിയും നമുക്ക് നിത്യപിതാവിനോട് നിരന്തരം പ്രാർത്ഥിക്കാം. രോഗികളായി കഴിയുന്നവരും വൃദ്ധരായവരുമായ ധാരാളം സഭാംഗങ്ങൾ പല ഭ്രാതൃത്വങ്ങളിലായുണ്ട് എന്ന് ഓർമ്മിക്കുകയും സാധിക്കുമ്പോഴെല്ലാം അവരെ സന്ദർശിക്കുകയും ചെയ്യാം.

അസ്സിസ്സിയിലെ ഫ്രാൻസിസ് വിജാതിയരുടെ ഇടയിലുള്ള തന്റെ മിഷൻപ്രവർത്തനവും സുവിശേഷപ്രഘോഷണവും ആരംഭിച്ചതിന്റെ 800-ാം വർഷമാണിതെന്ന് നമുക്കോർക്കുകയും കൂടുതൽ മിഷൻചൈതന്യത്തോടെ ഈ വർഷത്തെ കർമ്മങ്ങൾ ക്രമീകരിക്കുകയും ചെയ്യാം. എല്ലാവർക്കും ദൈവാനുഗ്രഹസമ്പന്നമായ ഒരു നല്ല വർഷം ആശംസിച്ചുകൊണ്ട് സാഹോദര്യപൂർവ്വം,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"......... നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്, എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനെക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു"* (റോമ 13: 11-12).

സ്നേഹമുള്ളവരെ,

നല്ല തമ്പുരാൻ നമുക്ക് അനുവദിച്ചു നല്കിയ 2016 വർഷംകൂടി നമ്മെ കടന്നുപോയിരിക്കുന്നു. 2017 വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിലേയ്ക്ക് പിന്തിരിഞ്ഞ് നോക്കിയിട്ട് നമുക്ക് പറ്റിയ തെറ്റുകളും കുറവുകളും തിരുത്തിയും പരിഹരിച്ചും കർമ്മോത്സുകരാകുവാൻ, വെളിച്ചത്തിന്റെ മക്കളായി, ദൈവമക്കളായി വർത്തിക്കുവാൻ വി. പൗലോസ് ശ്ലീഹാ റോമാലേഖനത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുകയാണ്. ആകയാൽ ഉറക്കച്ചടവ് മാറ്റി, ആലസ്യത്തിൽനിന്ന് ഉണർന്നെണീറ്റ്, പകലിന് യോജിച്ച വിധം പെരുമാറിക്കൊണ്ട് പുതുവർഷം ധന്യമാക്കാം. ഒരു വർഷംകൂടി നമ്മുക്ക് നല്കിയ പൊന്നുതമ്പുരാന് നന്ദിപറഞ്ഞുകൊണ്ട് സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കർമ്മനിരതരാകാം. സുഖലോലുപതയും ആർഭാടവും ഒഴിവാക്കികൊണ്ട് കരുണയുടെ മനസ്സോടെ ശുശ്രൂഷചെയ്യുവാൻ നമുക്ക് പ്രതിജ്ഞാബന്ധരാകാം. ഏവർക്കും പുതുവർഷത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ ആശംസിച്ചുകൊള്ളുന്നു.

### പെരുമ്പടവ് എ.സി. സെമിനാർ

പെരുമ്പടവ് ഏരിയാകൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2016-17 വർഷത്തെ രണ്ടാമത്തെ ആദ്ധ്യാത്മിക സെമിനാർ ഡിസംബർ 12ന് തിങ്കളാഴ്ച റയറോം സെന്റ് സെബാസ്റ്റ്യൻസ് ആസ്ഥാനത്ത്വച്ചു നടത്തപ്പെടുകയുണ്ടായി.

രാവിലെ 9.30ന് റവ. ഫാദർ മാത്യു മുല്ലപ്പള്ളിയുടെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ട ആഘോഷമായ ദിവ്യബലിയോടെ സെമിനാർ ആരംഭിച്ചു. എ.സി. പ്രസിഡന്റ് ബ്ര. ജോസ് പുതുപ്പള്ളി യോഗത്തിൽ അധ്യക്ഷത വഹിച്ചു. സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി റവ. ഫാദർ മാത്യു കായംമാക്കൽ സെമിനാർ ഉദ്ഘാടനകർമ്മം നിർവഹിച്ചു. പിലാത്തറ ഫൊറോന പള്ളി വികാരി റവ. ഫാദർ ജോയി പൈനാടത്ത് ക്ലാസ്സ് നയിച്ചു.

സെമിനാറിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് സി.സി.യുടെ ജോയിന്റ് സെക്രട്ടറി ബ്ര. പൗലോസ് പറയിടം. എ.സി. വനിതാ പ്രതിനിധി സി. വൽസമ്മ പൈനാടത്ത് എന്നിവർ സംസാരിച്ചു. റയറോം കോൺഫറൻസ് പ്രസിഡന്റ് ബ്ര. വർക്കി കുരുവിക്കൽ സ്വാഗതവും എ.സി. സെക്രട്ടറി ബ്ര. ജോസ് പുന്നോത്ത് നന്ദിയും അർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ സെമിനാർ അവസാനിച്ചു.

## നെല്ലിക്കാംപൊയിൽ എ.സി. സെമിനാർ

നെല്ലിക്കാംപൊയിൽ എ.സിയുടെ 2016-17 വർഷത്തെ രണ്ടാമത് ആദ്ധ്യാത്മിക സെമിനാർ 17-12-2016ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പുറവയൽ പള്ളിയിൽവച്ചു നടത്തപ്പെട്ടു. സെമിനാറിൽ എ.സി. പ്രസിഡന്റ് ബ്ര. ലൂക്കോസ് കണിപ്പള്ളി അധ്യക്ഷത വഹിച്ചു. റവ. ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു.

സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സി.സി. സെക്രട്ടറി ബ്ര. ബേബി കളരിക്കൽ സൊസൈറ്റിയുടെ നിയമാവലിയും പ്രവർത്തനരീതികളും വളരെ വിശദമായി പ്രതിപാദിച്ചു.

2015-16 സാമ്പത്തികവർഷത്തിൽ എ.സി.യിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച ഇരിട്ടി ഇടവകയിലെ സെന്റ് ജോസഫ് കോൺഫ്രൻസിന് സി.സി പ്രസിഡന്റ് അവാർഡ് നല്കി.

സി. ക്ലാരമ്മ പെരുന്തോട്ടം പ്രാരംഭപ്രാർത്ഥനയും സി. മേരി പുന്നാപ്പള്ളിയിൽ ജ്ഞാനവായനയും നടത്തി. പുറവയൽ സെന്റ് മേരീസ് കോൺഫറൻസ് പ്രസിഡന്റ് ബ്ര. വർഗ്ഗീസ് പള്ളൂരത്തിൽ സ്വാഗതവും എ.സി. സെക്രട്ടറി ബ്ര. തങ്കച്ചൻ കുഴിയംപ്ലാവിൽ എല്ലാവർക്കും നന്ദിയും അറിയിച്ചു. എസി ട്രഷറർ ബ്ര. മാത്യു മാനാമ്പുറത്തിന്റെ സമാപന പ്രാർത്ഥനയോടെ സെമിനാർ 4 മണിക്ക് സമാപിച്ചു.

## ചെമ്പേരി എസി 'പ്രകൃതിജീവനം' - സെമിനാറും പുസ്തകപ്രകാശനവും

17-12-2016 ശനിയാഴ്ച രാവിലെ 10 മണിക്ക് സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി ചെമ്പേരി ഏരിയാകൗൺസിലിന്റെ ആഭിമുഖ്യത്തിൽ മദർ തെരേസാഹാളിൽ എ.സി. പ്രസിഡന്റ് ബ്ര. ജോസ് ചിറ്റേട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സെമിനാറിൽവച്ച് ശ്രീ. കിസാൻ ജോസ് പൊൻമല രചിച്ച 'രോഗമുക്തിയും രോഗപ്രതിരോധവും പ്രകൃതി ജീവനത്തിലൂടെ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം എരുവേശി പഞ്ചായത്ത് മെമ്പർ ശ്രീമതി ഡെയ്സി

കവുങ്ങുകാട്ടിൽ മുൻ സി.സി. പ്രസിഡന്റ് ബ്ര. കെ.എ. യോഹന്നാന് കോപ്പി നല്കി പ്രകാശനം ചെയ്തു.

'രോഗമുക്തിയും രോഗപ്രതിരോധവും പ്രകൃതി ജീവനത്തിലൂടെ' എന്ന വിഷയത്തിൽ ശ്രീ കിസാൻ ജോസ് പൊൻമല ക്ലാസ്സെടുത്തു. എ. സി. സെക്രട്ടറി ബ്ര. സുനിൽ കെ. പീറ്റർ സ്വാഗതവും ചെമ്പേരി കോൺഫറൻസ് പ്രസിഡന്റ് ബ്ര. തോമസ് മുതുകുളത്തിൽ നന്ദിയും പറഞ്ഞു.

## വായാട്ടുപറമ്പ് എ.സി.

വായാട്ടുപറമ്പ് ഏരിയാ കൗൺസിലിന്റെ നേതൃത്വത്തിൽ വിൻസെൻഷ്യൻ ക്രിസ്മസ് സംഗമം നല്ലോംപുഴ വിൻസെൻഷ്യൻ ഭവനിൽവച്ച് നടത്തപ്പെട്ടു.

യോഗത്തിൽ വായാട്ടുപറമ്പ് എ.സി. പ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ അധ്യക്ഷത വഹിച്ചു. എ.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. തോമസ് പുത്തൻപുര വിൻസെൻഷ്യൻ ഭവൻ തുടങ്ങുവാനുള്ള കാരണവും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു. യോഗത്തിൽ എല്ലാ കോൺഫറൻസ് പ്രസിഡന്റുമാരും ബോർഡ് അംഗങ്ങളും പങ്കെടുത്തു. വിൻസെൻഷ്യൻ കുടുംബത്തിലെ അംഗങ്ങളോടൊപ്പം സ്നേഹവിരുന്നിൽ പങ്കെടുക്കുകയും കേക്ക് മുറിച്ച് ആശംസ നേരുകയും ചെയ്തു. ഭവനത്തിൽ എത്തിയ എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും ബ്ര. റോയി തെങ്ങുംപള്ളി നന്ദി അർപ്പിച്ചു.

## തലശ്ശേരി സിസിതല യുവജനകലാമത്സരങ്ങൾ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ തലശ്ശേരി സിസി തല യുവജന കലാമത്സരങ്ങൾ 10-12-2016ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലെ പാരീഷ് ഹാളിൽവച്ചു നടത്തപ്പെട്ടു. രാവിലെ 10.30ന് സിസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര. ജോസഫ് കാരികുന്നേലിന്റെ അധ്യക്ഷതയിൽ സിസി പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. പിന്നീട് വിവിധ വേദികളിൽ മത്സരങ്ങൾ നടക്കുകയുണ്ടായി. മത്സരങ്ങൾക്ക് ബ്ര. ബേബി കളരിക്കൽ (സിസി സെക്രട്ടറി), ബ്ര. പൗലോസ് പറയിടം (സിസി ജോയിന്റ് സെക്രട്ടറി), സി. ജോളി സെബാസ്റ്റ്യൻ (സിസി വനിത പ്രതിനിധി), എസി പ്രസിഡന്റുമാർ എന്നിവർ നേതൃത്വം നൽകി. മുൻ സിസി പ്രസിഡന്റുമാർ ബ്ര. കെ.എ. യോഹന്നാൻ, ബ്ര. കെ.റ്റി. ജോസഫ് കാരികുന്നേൽ, ബ്ര. ബേബി ഉള്ളാട്ട് എന്നിവരുടെ സാന്നിദ്ധ്യം ഏറെ സന്തോഷം ഉളവാക്കി. മത്സരങ്ങൾക്കുശേഷം ചേർന്ന സമാപനസമ്മേളനത്തിൽ **അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട്** പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി വിജയികളെ അനുമോദിച്ചു.

## മത്സരവിജയികൾ

### ജൂണിയേഴ്സ്

**1. പ്രസംഗം**

I ആദർശ് ജോസഫ് അടയ്ക്കാപാറ, ദേവമാതാ കോൺഫറൻസ് പൈസക്കരി, പൈസക്കരി എസി

II ഐശ്വര്യ കുറുമുട്ടത്ത്, സെന്റ് അൽഫോൻസാ കോൺഫറൻസ് പെരിങ്കരി, കുന്നോത്ത് എസി

**2. ക്വിസ്**

I ആൻമേരി ഊതാളക്കര, സെന്റ് മേരീസ് കോൺഫറൻസ് മാങ്ങോട്, എടൂർ എസി

II മേരി സേവ്യർ എലക്കാട്ടുപറമ്പിൽ, സെന്റ് മേരീസ് കോൺഫറൻസ് വായാട്ടുപറമ്പ്, വായാട്ടുപറമ്പ് എസി

**3. ക്രിസ്തീയ ഭക്തിഗാനം**

I അഭിഷേക് ജോസഫ്, സെന്റ് മേരീസ് കോൺഫറൻസ് നീലേശ്വരം, കാഞ്ഞങ്ങാട് എസി

II ജിബിൻ ജോഷി പനംന്താനത്ത്, സെന്റ് മേരീസ് കോൺഫറൻസ് കിളിയന്തറ, കുന്നോത്ത് എസി

### യുവജനങ്ങൾ (അംഗങ്ങളല്ലാത്തവർ)

**1. ക്രിസ്തീയ ഭക്തിഗാനം**

I ജിപ്സ പുറപ്പോക്കര, സെന്റ് മേരീസ് കോൺഫറൻസ് ചെറുപുഴ, ചെറുപുഴ എസി.

II അരുണിമ ജോയി പുളിക്കൽ, സെന്റ് അൽഫോൻസ കോൺഫറൻസ് വെള്ളാട്, വായാട്ടുപറമ്പ് എസി

**2. പ്രസംഗം**

I നവ്യ സിബി പടിഞ്ഞാറ്റിൻക്കര, സെന്റ് തോമസ് കോൺഫറൻസ് വിജയഗിരി

II ട്രീസ ജോസ് പുതുപറമ്പിൽ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പടിയോട്ടു ചാൽ, ചെറുപുഴ എസി

**3. ക്വിസ്**

I അഖില ബാബു കുന്നുംപുറത്ത്, സെന്റ് മേരീസ് കോൺഫറൻസ് ചെറുപുഴ, ചെറുപുഴ എസി

II സൗമ്യ പെരുമാലിൽ, സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് വെളിമാനം, എടൂർ എസി

**4. ഉപന്യാസം**

I നവ്യ സിബി പടിഞ്ഞാറ്റിൻകര, സെന്റ് തോമസ് കോൺഫറൻസ് വിജയപുരം, വായാട്ടുപറമ്പ് എസി

II സൗമ്യ പെരുമാലിൽ, സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് വെളിമാനം, എടൂർ എസി

## യുവജനങ്ങൾ (അംഗങ്ങൾ)

**1. പ്രസംഗം**

**പ്രോത്സാഹനസമ്മാനം:** കരോൾ വെണ്ണായപ്പള്ളിൽ സെന്റ് തോമസ് കോൺഫറൻസ് ദീപഗിരി, ചെമ്പേരി എസി

മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## ചെമ്പന്തൊട്ടി എസി

### ജൂണിയർ കോൺഫറൻസ് ഉദ്ഘാടനം

ചെമ്പന്തൊട്ടി ഫൊറോനാ വികാരി റവ. ഫാ. ഇമ്മാനുവേൽ പൂവത്തിങ്കലിന്റെ പൂർണ്ണ പിന്തുണയോടും അംഗീകാരത്തോടുംകൂടി ചെമ്പന്തൊട്ടി സെന്റ് ജോർജ് ഇടവകയിൽ വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ ജൂണിയർ കോൺഫറൻസ് ചെമ്പന്തൊട്ടി ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. ജോൺസൺ കൂട്ടിയാനിയിൽ 26.11.2016 ശനിയാഴ്ച ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ ചെമ്പന്തൊട്ടി കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജോസഫ് പുരയിടം അധ്യക്ഷത വഹിച്ചു. ബ്ര. അഗസ്റ്റിൻ കരിമ്പുമാക്കൽ സ്വാഗതവും ബ്ര. ജോയി തടത്തിൽ ആശംസയും ബ്ര. ആന്റോ തണേൽ നന്ദിയും പറഞ്ഞു.

പുതിയ ജൂണിയർ കോൺഫറൻസ് ഭാരവാഹികൾ ചുമതലയേറ്റു. പ്രസിഡന്റ് : ജേക്കബ് പെരുമ്പുഴക്കടവിൽ, സെക്രട്ടറി : ജിൻസ് ചിറമാട്ടേൽ, ട്രഷറർ : അമൽ ജോ.

ഭാരവാഹികൾക്കും അംഗങ്ങൾക്കും തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം

തലശ്ശേരി **ബ്രദർ ബാബു ജോസഫ് കൊട്ടാരത്തിൽ**
01.01.2017 സി.സി. പ്രസിഡന്റ്

# എ.കെ.സി.സി.

## കത്തോലിക്കാ കോൺഗ്രസ് ദേശീയ നേതൃക്യാമ്പ് ചരൽകുന്ന്

കത്തോലിക്കാ കോൺഗ്രസ് ദേശീയ നേതൃക്യാമ്പ് ചരൽകുന്നിൽവച്ച് ഡിസംബർ 11,12 തീയതികളിൽ നടന്നു. തലശ്ശേരി അതിരൂപതയിൽനിന്നു ദേവസ്യ കൊങ്ങോല (പ്രസിഡന്റ്), അഡ്വ. ടോണി പുഞ്ചകുന്നേൽ (ദേശീയ വൈസ് പ്രസിഡന്റ്), ജോണി തോമസ് വടക്കേക്കര (ജനറൽ സെക്രട്ടറി) ഡേവീസ് ആലങ്ങാടൻ (ട്രഷറർ), ബേബി നെട്ടനാനി (സെക്രട്ടറി), ജോർജ് ജോസഫ് വലിയമുറത്താങ്കൽ (ചെമ്പന്തൊട്ടി - ഫൊറോന പ്രസിഡന്റ്), അഡ്വ. ജോസ് ആന്റണി മേച്ചേരിക്കുന്നേൽ, സജി കേഴപ്ലാക്കൽ (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ), എന്നിവർ പങ്കെടുത്തു. ക്യാമ്പ് കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് മാർ റെമീയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളെപ്പറ്റി ഷെവലിയർ ഡോ. മോഹൻ തോമസ്, റ്റി.കെ. ജോസഫ് ഐ.എ.എസ്., ഡോ. കുര്യാക്കോസ് കുമ്പളക്കുഴി, പ്രൊഫ. സാംസൺ തോമസ് വട്ടക്കുന്നേൽ, അഡ്വ. റ്റി.എ. ജോസഫ് തലത്തിൽ, റിനോ ചാണ്ടി എന്നിവർ ക്ലാസ്സുകളെടുത്തു. സമാപനസമ്മേളനം കെ.സി.ബി.സി. ഉപാദ്ധ്യക്ഷനും പത്തനംതിട്ട ബിഷപ്പുമായ യൂഹാനോൻ മാർ ക്രിസ്റ്റോം ഉദ്ഘാടനം ചെയ്ത് ആശംസകൾ അർപ്പിച്ചു. ക്യാമ്പിന് ദേശീയ ഡയറക്ടർ റവ. ഫാ. ജിയോ കടവി, പ്രസിഡന്റ് വി.വി. അഗസ്റ്റ്യൻ, അഡ്വ. ബിജു പറനിലം എന്നിവർ നേതൃത്വം നൽകി.

## കത്തോലിക്കാ കോൺഗ്രസ് കാഞ്ഞങ്ങാട് ഫൊറോനാ കമ്മിറ്റി രൂപീകരണം

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞങ്ങാട് ഫൊറോനാ കമ്മിറ്റി രൂപീകണം 17.12.2016 ശനിയാഴ്ച രാവിലെ 10 മണിക്ക് പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ നടന്നു. സമ്മേളനം വികാരി ജനറാൾ മോൺ. ജോർജ് എളൂക്കുന്നേൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് ആമുഖ പ്രസംഗം നടത്തി. അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ മുഖ്യപ്രഭാഷണം നടത്തി.

ഫൊറോനാ ഭാരവാഹികളായി പ്രസിഡന്റ്: ജോസ് താഴത്തുവീട്ടിൽ (ബദിയടുക്ക), വൈസ് പ്രസിഡന്റ്: സാജു കല്ലുവേലിൽ (പടന്നക്കാട്), സെക്രട്ടറി : ജോയി മുറിഞ്ഞകല്ലേൽ (മുള്ളേരിയ), ജോ. സെക്രട്ടറി :

ജയിനമ്മ പാറക്കൽ (കാസർഗോഡ്), ട്രഷറർ : വിനു തെക്കേമുറിയിൽ (പടന്നക്കാട്), എക്സിക്യൂട്ടീവ് അംഗം : ജോസ് ഈശോപറമ്പിൽ (കാഞ്ഞിരടുക്കം). എന്നിവരെ തിരഞ്ഞെടുത്തു. പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ഷിന്റോ ആലപ്പാട്ട് ആശംസ നേർന്നു. കാഞ്ഞങ്ങാട് ഫൊറോന ഡയറക്ടർ റവ. ഫാ. മാണി മേൽവെട്ടം സ്വാഗതവും ജോസ് താഴത്തുവീട്ടിൽ നന്ദിയും പറഞ്ഞു. മദ്യശാലകളുടെ ദൂരപരിധി സംബന്ധിച്ചുള്ള സുപ്രീം കോടതി വിധി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ കൂടുതൽ ആർജ്ജവം കാണിക്കണമെന്ന് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

## സൗഹൃദം 2016

കത്തോലിക്കാ കോൺഗ്രസ് പേരാവൂർ ഫൊറോന നേതൃസമ്മേളനം – 'സൗഹൃദം 2016'.

കത്തോലിക്കാ കോൺഗ്രസ് പേരാവൂർ ഫൊറോന നേതൃസംഗമം 'സൗഹൃദം 2016'. ഡിസംബർ 17ന് 2 മണിക്ക് തൊണ്ടിയിൽ പാരീഷ് ഹാളിൽ നടന്നു. നേതൃസമ്മേളനം പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോന വികാരി റവ. ഡോ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോസഫ് കാക്കരമറ്റം (ആൽഫാ തലശ്ശേരി) മുഖ്യസന്ദേശം നൽകി. ഫൊറോന ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ അദ്ധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് വിഷയാവതരണം നടത്തി. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല കർമ്മപദ്ധതികൾ വിവരിച്ചു. ശ്രീ. ജോണി തോമസ് വടക്കേക്കര, ബെന്നി പുതിയാംപുറം, ഒ. മാത്യു ഒറ്റപ്ലാക്കൽ, ജയ്സൺ മർക്കോസ് എന്നിവർ പ്രസംഗിച്ചു. ഫൊറോന പ്രസിഡന്റ് തോമസ് പാറക്കൽ സ്വാഗതം പറഞ്ഞു. ഫൊറോന കമ്മിറ്റി പുനഃസംഘടിപ്പിച്ചു.

പുതിയ ഭാരവാഹികളായി പ്രസിഡന്റ്: തോമസ് പാറയ്ക്കൽ (ഓടംതോട്), വൈസ് പ്രസിഡന്റ്: തോമസ് കണയാംഞാലിൽ (ചെട്ടിയാംപറമ്പ്), സെക്രട്ടറി : ജയ്സൺ മർക്കോസ് (തൊണ്ടിയിൽ), ജോ. സെക്രട്ടറി : ഷിജോ ജോൺ പാറയിൽ (മഞ്ഞളാംപുറം), ട്രഷറർ : അഡ്വ. സ്റ്റാനി സെബാസ്റ്റ്യൻ (മഞ്ഞളാംപുറം) എന്നിവരെ തിരഞ്ഞെടുത്തു.

## റബ്ബറിന് അന്താരാഷ്ടമാർക്കറ്റ് വില ലഭ്യമാക്കണം : തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ്

**കൂത്തുപറമ്പ് :** അന്തരാഷ്ടമാർക്കറ്റിൽ റബ്ബർ വില ഉയർന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകർക്ക് വിദേശമാർക്കറ്റ് വില ലഭ്യ

മാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് തലശ്ശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു.

നോട്ടുറദ്ദാക്കൽ, റേഷൻ മേഖലയിലെ പ്രശ്നങ്ങൾ എന്നിവമൂലം നട്ടം തിരിയുന്ന കർഷകർക്ക് കൂടുതൽ ദുരിതങ്ങൾ വരുത്തിവയ്ക്കുന്നതാണ് റബ്ബർ മേഖലയിലെ അവഗണന. ഇത്തരം നിരുത്തരവാദിത്വപരമായ നിലപാടുകൾ തിരുത്തി റബ്ബർ കർഷകർക്ക് അനുകൂലമായ നിലപാടുകൾ നാം സ്വീകരിച്ചില്ലെങ്കിൽ മറ്റ് സംഘടനകളുമായി ചേർന്ന് പ്രക്ഷോഭപരിപാടികൾ സംഘടിപ്പിക്കുവാൻ കത്തോലിക്കാ കോൺഗ്രസ് നിർബന്ധിതരാകുമെന്ന് തൊക്കിലങ്ങാടി പാലപ്പറമ്പ് സ്നേഹനികേതനിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി മുന്നറിയിപ്പു നൽകി.

## ക്രിസ്മസ് ആഘോഷം പാലാപറമ്പ് സ്നേഹനികേതനിൽ

2016ലെ ക്രിസ്മസ് കരുണയുടെ മുഖം ജനഹൃദയങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പാലപ്പറമ്പ് സ്നേഹനികേതനിൽ അഗതികളായ അമ്മമാരോടൊപ്പം കേക്കു മുറിച്ചും സമ്മാനങ്ങൾ നൽകിയും ആഘോഷിച്ചു. പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് ക്രിസ്മസ് സന്ദേശം നൽകി. അതിരൂപത ജനറൽ സെക്രട്ടറി ജോണി തോമസ് വടക്കേക്കര, ഐ.സി.വൈ.എം. ദേശീയ പ്രസിഡന്റ് സിജോ അമ്പാട്ട്, കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ഷിജോ നിലക്കപ്പള്ളി എന്നിവർ പ്രത്യേക സന്ദേശം നൽകി. അഡ്വ. ജോസ് ആന്റണി, ചാക്കോച്ചൻ കാരാമയിൽ, ഡേവിസ് ആലങ്ങാടൻ, അൽഫോൻസ് കളപ്പുര, ജോസ് പുഷ്പക്കുന്നേൽ, ജെയ്സൺ മർക്കോസ്, ദേവസ്യ മുണ്ടപ്പള്ളി എന്നിവർ പ്രസംഗിച്ചു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ലഹരിവിരുദ്ധബോധവത്ക്കരണം

നെല്ലിക്കാംപൊയിൽ ഫൊറോനപള്ളിയിൽ 20.11.2016 ഞായറാഴ്ച രാവിലെ ഫാ. തോമസ് തൈത്തോട്ടം ദിവ്യബലി അർപ്പിക്കുകയും ലഹരി വിരുദ്ധ സന്ദേശം നല്കുകയും നവംബർ 25ന് സർക്കാരിന്റെ തെറ്റായ മദ്യ നയത്തിനെതിരെ സംഘടിപ്പിക്കുന്ന കണ്ണൂർ കളക്ടറേറ്റ് മാർച്ചിനെപ്പറ്റിയും ധർണയെപ്പറ്റിയും ജനങ്ങളെ ബോധവത്ക്കരിച്ചു. തുടർന്നു നടന്ന യോഗത്തിൽ മാർച്ചിലും ധർണയിലും കഴിയുന്നിടത്തോളം ആളുകൾ പങ്കെടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. യോഗത്തിൽ ബ.വികാരിയച്ചൻ അധ്യക്ഷം വഹിച്ചു.

## കണ്ണൂർ കളക്ട്രേറ്റ് മാർച്ചും ധർണയും

ഗവൺമെന്റിന്റെ മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന മദ്യവർജനനയം പിൻവലിച്ച് മദ്യത്തിന്റെ ലഭ്യത ഇല്ലായ്മ ചെയ്യുന്ന മദ്യനിരോധനനയം നടപ്പാക്കണമെന്നാവശ്യപ്പെട്ട് തലശ്ശേരി അതിരൂപതയുടെയും കണ്ണൂർ രൂപതയുടെയും കോട്ടയം അതിരൂപത മലബാർ റീജിയന്റെയും നേതൃത്വത്തിൽ കെസിബിസി മദ്യവിരുദ്ധ സമിതിയുടെ ബാനറിൽ നവംബർ 25ന് കണ്ണൂർ കളക്ടറേറ്റിലേക്ക് മാർച്ചും ധർണയും നടത്തി. കണ്ണൂർ പ്ലാസാ ജംഗ്ഷനിൽനിന്നും വൈദികരും സിസ്റ്റേഴ്സും ഉൾപ്പെടെ നൂറുകണക്കിന് ആളുകളുടെ ആവേശകരമായ പ്രതിഷേധമാർച്ച് കളക്ടറേറ്റ് നടയിൽ എത്തിയതിനെ തുടർന്ന് ധർണാസമരം ആരംഭിച്ചു. തലശ്ശേരി അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ധർണാസമരം ഉദ്ഘാടനം ചെയ്തു. കണ്ണൂർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല അധ്യക്ഷതവഹിച്ചുകൊണ്ട് സംസാരിച്ചു. ഡോ. ജോസ്‌ലറ്റ് മാത്യു, റ്റി.പി. ആർ നാഥ്, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജെയിംസ് എൻ. പോൾ എന്നിവർ സമരത്തെ അഭിവാദ്യം ചെയ്തതുകൊണ്ട് പ്രസംഗിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖ പ്രഭാഷണം നടത്തി.

മാർച്ചിനും ധർണ്ണയ്ക്കും കെസിബിസി മദ്യവിരുദ്ധസമിതി മേഖലാ ഡയറക്ടർമാർ ഫാ. തോമസ് പുളേളാലിൽ, ഫാ. ജോമി തൊട്ടിയിൽ, ഫാ. നോബിൾ ഓണംകുളം, ഫാ. മാത്യു കോണിക്കൻ, ഫാ. ജോസഫ് ചാത്തനാട്ട് സിഎസ്ടി., സണ്ണി പായിക്കാട്ട്, മാത്യു കണ്ടത്തിൽ, എബ്രാഹം പാരിക്കാപ്പള്ളി, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, ജയ്സൻ മർക്കോസ്, ബേബി കോഴിക്കോടൻ, ഐസി മേരി, ആനി റോബർട്ട്, സി. ലീമാ സിഎംസി, സി. ജിൻസ എസ്കെഡി എന്നിവർ നേതൃത്വം നല്കി.

## കാഞ്ഞങ്ങാട് (ആർഡിഒ) ഓഫീസ് മാർച്ചും ധർണയും

സർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ചുകൊണ്ട് കാസർഗോഡ്

റീജിയനിലെ വെള്ളരിക്കുണ്ട്, തോമാപുരം, കാഞ്ഞങ്ങാട്, പനത്തടി എന്നീ ഫൊറോനകളിലെ വൈദികരും സിസ്റ്റേഴ്സും ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ ഡിസംബർ 1ന് കാഞ്ഞങ്ങാട് ആർഡിഒ ഓഫീസിലേയ്ക്ക് പ്രതിഷേധമാർച്ചും ധർണയും നടത്തി. ആർച്ചുബിഷപ്പ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം ധർണ ഉദ്ഘാടനം ചെയ്തു. കണ്ണൂർ രൂപത വികാരി ജനറാൾ മോൺ. ക്ലാരസ് പാലിയത്ത് അധ്യക്ഷത വഹിച്ച് സംസാരിച്ചു. വികാരി ജനറാൾ മോൺ. ജോർജ് എളുക്കുന്നേൽ, അബ്ദു റശീദ് സഅദി, ഫാ. ഷാജി വടക്കേത്തൊട്ടി, ശിവഗിരി മഠം സ്വാമി പ്രേമാനന്ദ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണവും മദ്യവിരുദ്ധസമിതി റീജനൽ ഡയറക്ടർ ഫാ. ജോർജ് വള്ളിമല സ്വാഗതവും ശ്രീ. മത്തായി എലിത്തടത്തിൽ നന്ദിയും പ്രകാശിപ്പിച്ചു.

തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ജോർജ് എളുക്കുന്നേൽ, സണ്ണി കൊക്കാവള്ളിൽ, ഫാ. ബോസ്കോ പുറത്തേമുതുകാട്ടിൽ, ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. മാത്യു വളവനാൽ തുടങ്ങിയവർ മാർച്ചിനും ധർണയ്ക്കും നേതൃത്വം കൊടുത്തു.

## കെസിബിസി മദ്യവിരുദ്ധസമിതി എക്സിക്യൂട്ടീവ് കമ്മിറ്റി

മദ്യവിരുദ്ധസമിതി അതിരൂപതാഡയറക്ടർ ഫാ. തോമസ് തൈത്തോട്ടത്തിന്റെ അധ്യക്ഷതയിൽ 16.16.2016ന് സന്ദേശഭവനിൽ ചേർന്ന യോഗം സർക്കാർ മദ്യനയത്തിനെതിരായി കണ്ണൂർ കളക്ട്രേറ്റിലേക്കും കാഞ്ഞങ്ങാട് ആർഡിഒ ഓഫീസിലേക്കും മാർച്ചും ധർണയും നടത്താൻ തീരുമാനിച്ചു. തലശ്ശേരി അതിരൂപതയുടെയും കണ്ണൂർ രൂപതയുടെയും കോട്ടയം അതിരൂപത മലബാർ റീജിയന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്താനും ഓരോ രൂപതയിലെ മെത്രാന്മാരെ സന്ദർശിച്ച് അഭിപ്രായം ആരാഞ്ഞ് പ്രതിഷേധമാർച്ചും ധർണയും നടത്താനും തീരുമാനിച്ചു. കാസർഗോഡ്ജില്ലയിലെ പ്രതിഷേധ സമരം കാഞ്ഞങ്ങാട് ആർഡിഒ ഓഫീസിലേക്ക് നടത്താനും തീരുമാനമുണ്ടായി.

അതിരൂപത മദ്യവർജന പ്രസ്ഥാനത്തിന്റെ 39-ാം വാർഷികവും ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക അവാർഡു സമർപ്പണവും 2017 ജനുവരി 1ന് കരുവഞ്ചാലിൽ വച്ചു നടത്താനും അവാർഡിന് അഖിലേന്ത്യാ ഗാന്ധി സ്മാരകനിധി ചെയർമാൻ പത്മശ്രീ പി. ഗോപിനാഥൻ നായരെ തെരഞ്ഞെടുക്കാനും യോഗം തീരുമാനിച്ചു. മദ്യവിരുദ്ധസമിതി വാർഷികവും ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക അവാർഡ് സമർപ്പണവും വൻ വിജയമാകുവാൻ ബ. വികാരിയച്ചന്മാരുടെ സഹകരണവും തേടുവാനും കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ജീപ്പിനുള്ള ആളുകളെ പ്രത്യേകമായി സമ്മേളനത്തിൽ എത്തിക്കാനും തീരുമാനിച്ചു.

## എഡിഎസ്‌യു 14-ാമത് നവദർശൻ ക്യാമ്പ് ചെമ്പന്തൊട്ടി യുപി സ്കൂളിൽ

എഡിഎസ്‌യുവിന്റെ 14-ാം ചതുർദിനനേതൃത്വ പരിശീലന പഠന ക്യാമ്പ് 2016 ഡിസംബർ 26ന് വൈകുന്നേരം 5 മണിക്കാരംഭിച്ച് 30ന് രാവിലെ

അവസാനിക്കുന്നു. ശ്രീകണ്ഠാപുരം മുൻസിപ്പൽ ചെയർമാൻ നവദർശൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ഡോ. ജോസ്‌ലറ്റ് മാത്യു, തലശ്ശേരി ഡിവൈ എസ്പി പ്രിൻസ് എബ്രാഹം, കണ്ണൂർ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. വി.വി. സുരേന്ദ്രൻ തുടങ്ങിയവർ ക്ലാസുകൾ നയിക്കും. അഡ്വ. മനോജ് എം.കണ്ടത്തിൽ, ബേബി നെട്ടനാനി, ആൽബിൻ മാസ്റ്റർ, സി. ലീമാ സി. എം.സി., സി. ജിൻസ എസ്.കെ.ഡി., സി. ടെർസിറ്റ എൻ.എസ്., സി. എൽസി അലക്സ് എസ്.എച്ച്. എന്നിവർ നേതൃത്വം കൊടുക്കും. 15ൽപരം എഡി എസ്‌യു അംഗങ്ങൾ ക്യാമ്പിൽ അണിനിരക്കും.

**സ്വാഗതസംഘരൂപീകരണം :** മദ്യവിരുദ്ധസമിതി 39-ാം വാർഷിക ത്തിന്റെയും ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക അവാർഡ് സമർപ്പണ സമ്മേ ളനത്തിന്റെയും വിജയകരമായ നടത്തിപ്പിനുവേണ്ടി 18.12.2016ന് രാവിലെ 9 മണിക്ക് കരുവഞ്ചാൽ ഇടവക വികാരി ബഹു. മാത്യു പാലമറ്റം അച്ചന്റെ അധ്യക്ഷതയിൽ പാരീഷ്ഹാളിൽ പൊതുയോഗം ചേർന്നു. ബഹു. മാത്യു പാലമറ്റം അച്ചൻ ചെയർമാനും ബഹു. സെബാസ്റ്റ്യൻ മുട്ടത്തുപാറ അച്ചൻ വൈസ് ചെയർമാനും ശ്രീ. ബെന്നി പീടികയിൽ ജനറൽ കൺവീനറുമായി സ്വാഗതസംഘം രൂപീകരിച്ചു. വായാട്ടുപറമ്പ് ഫൊറോനായിലെ വിവിധ പള്ളികളിൽനിന്നും രണ്ടുപ്രതിനിധികളെ വീതം കോപ്റ്റ് ചെയ്ത് സ്വാഗത സംഘം വിപുലപ്പെടുത്താനും തീരുമാനിച്ചു. പൂർണ്ണതയിലുള്ള സ്വാഗതസം ഘത്തിന്റെ യോഗം ഡിസംബർ 27ന് ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് കരുവഞ്ചാലിൽ ചേരാനും തീരുമാനിച്ച് യോഗം അവസാനിച്ചു.

## 39-ാമത് വാർഷികവും ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക അവാർഡ് സമർപ്പണവും

2017 ജനുവരി 1ന് ഉച്ചയ്ക്കുശേഷം 2.30ന് കരുവഞ്ചാൽ പാരീഷ് ഹാളിൽ വച്ച് നടക്കും. ശ്രീ. കെ.സി. ജോസഫ് എം.എൽ.എയുടെ അധ്യക്ഷതയിൽ ചേരുന്നസമ്മേളനം കേരള തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ. രാമ ചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ബിഷപ്പ് വള്ളോപ്പള്ളി സ്മാരകഅ വാർജ് പത്മശ്രീ പി. ഗോപിനാഥൻ നായർക്ക് ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് സമ്മാനിക്കും. 25,000/ രൂപ ക്യാഷും പ്രശ്സ്തി പത്രവും അട ങ്ങുന്നതാണ് പുരസ്കാരം. സമ്മേളനത്തിൽ ഡോ. ജോസ്‌ലറ്റ് മാത്യു, പ്രൊ. ബി. മുഹമ്മദ് അഹമ്മദ്, ഡോ. കെ.വി. ഫിലോമിന, ടി.പി. ആർ നാഥ്, അഡ്വ. മനോജ് എം കണ്ടത്തിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ പ്രസംഗി ക്കും. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണവും ഫാ. മാത്യു പാല മറ്റം സ്വാഗതവും ജെയിംസ് എൻ.പോൾ നന്ദിയും പ്രകാശിപ്പിക്കും.

സമ്മേളനത്തിലേയ്ക്ക് അതിരൂപതയിലെ മുഴുവൻ വൈദികരെയും സന്യസ്തരെയും ദൈവജനത്തെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

ക്രിസ്മസ് ആശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## ഭരണഘടനാദിനം അനുസ്മരണം

കേന്ദ്രഗവൺമെന്റിന്റെ സാമൂഹ്യനീതി വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് നവം. 26ന് പ്രതീക്ഷ NGO യുടെ നേതൃത്വത്തിൽ പ്രത്യേക സമ്മേളനം നടത്തപ്പെട്ടു. യോഗത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. സി. സിസിലി ഭരണഘടനയുടെ ആമുഖം വായിച്ചു. അനിറ്റ ബാബു ആശംസയർപ്പിച്ചു. അനുസ്മരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട ഇന്ത്യൻ ജനറൽ നോളജ് ക്വസിൽ ബ്രദർ ഓസ്റ്റിൻ ചക്കാംകുന്നേൽ, ജിൻസി ജോർജ്, ബെന്നി പൊന്നാട്ട് എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## പ്രതീക്ഷാ വാർഷികം ആഘോഷിച്ചു

പ്രതീക്ഷയുടെ 34–ാം വാർഷിക ആഘോഷങ്ങൾ പ്രതീക്ഷയിലെ മാർ വള്ളോപ്പിള്ളി ജന്മശതാബ്ദി ഹാളിൽവച്ച് നടത്തപ്പെട്ടു. ചികിത്സാർഥികളുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ആർച്ച് ബിഷപ് മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷത വഹിച്ചു. തലശ്ശേരി MLA അഡ്വ. എ.എൻ. ഷംസീർ വാർഷികം ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.കെ. രമ്യ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ഫാ. ജോൺ നൂറമ്മാക്കൽ എന്നിവർ ആശംസകളർപ്പിച്ചു.

സ്റ്റാഫ് അംഗങ്ങളുടെയും ചികിത്സാർഥികളുടെയും സംയുക്തശ്രമമായി 'ചിരാത്' എന്ന് പേരിട്ട കൈയെഴുത്തു പ്രസിദ്ധീകരണം പ്രകാശനം ചെയ്യപ്പെട്ടു. രണ്ടു വർഷം മുതൽ 32 വർഷംവരെ ചികിത്സയ്ക്കുശേഷം ലഹരിരഹിതരായി ജീവിക്കുന്നവരെ പ്രത്യേകം മെഡലുകൾ അണിയിച്ച് ആദരിച്ചു. മാത്യു എം. കണ്ടത്തിൽ, ജോയി പെരുമ്പുഴ, സണ്ണി പായ്ക്കാട്ട്, അബ്രാഹം പാരിയ്ക്കാപ്പള്ളിൽ, ഗോപിനാഥൻ മാസ്റ്റർ എന്നിവർ ആദരിക്കലിന് നേതൃത്വം വഹിച്ചു. നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് ജിൻസി ജോർജ് വായിച്ചു. സമ്മേളനത്തിന് ഫാ. ജോൺസൺ അന്ത്യാംകുളം സ്വാഗതവും സണ്ണി പായ്ക്കാട്ട് നന്ദിയും പറഞ്ഞു.

## എ.എ.സമ്മേളനം

ഡിസംബർ മൂന്നിന് പ്രതീക്ഷാ സെന്ററിൽവച്ച് എ.എ. സമ്മേളനം നടത്തി. ലഹരി തകർക്കുന്ന കുടുംബ–സാമൂഹിക ബന്ധങ്ങളെക്കുറിച്ച് എക്സൈസ് പ്രിവന്റീവ് ഓഫീസർ മോഹൻദാസ് സെമിനാർ നയിച്ചു. റ്റി. സി. തോമസ് സാർ നേതൃത്വം നൽകിയ അനുഭവം പങ്കുവയ്ക്കലും നടത്ത

പ്പെട്ടു. ബ്രദർ ഓസ്റ്റിൻ ചക്കാംകുന്നേൽ, വിനോജ് വയലിൽ എന്നിവർ പ്രസം ഗിച്ചു. ഫാ. ഡയറക്ടർ സ്വാഗതവും സി. സിസിലി നന്ദിയും പറഞ്ഞു.

## പ്രതീക്ഷ-ലഹരി വിമുക്ത ക്യാമ്പിന് നേതൃത്വം നൽകുന്നു

പ്രതീക്ഷ സ്ഥിതിചെയ്യുന്ന എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റി സ്റ്റാഫംഗങ്ങളും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും സംയുക്തമായി ലഹരി വിമുക്ത ക്യാമ്പയിന് തുടക്കം കുറിക്കു ന്നു. പെരുന്താറ്റ് പഞ്ചായത്ത് ആസ്ഥാനത്ത്വച്ച് നടത്തപ്പെട്ട സംഘാടകസ മിതി രൂപീകരണത്തിൽ ജെയിംസ് എൻ. പോൾ, സണ്ണി പായ്ക്കാട്ട്, ടി. പി. ആർ നാഥ്, മാത്യു എം. കണ്ടത്തിൽ, ഫാ. ജോൺസൺ അന്ത്യംകുളം എന്നി വർ സംബന്ധിച്ചു. പരിപാടികൾ വിശദീകരിച്ച് സംഘാടകസമിതി രൂപീക രിച്ചു. രണ്ടുവർഷം നീണ്ടുനില്ക്കുന്ന ക്യാമ്പയിന്റെ സംഘാടക സമിതി ചെയർമാനായി ആർച്ച് ബിഷപ് മാർ ജോർജ് ഞറളക്കാട്ടും എ. എൻ. ഷംസീർ (MLA) യും ചെയർ പേഴ്സണായി പഞ്ചായത്ത് പ്രസിഡണ്ടും ജനറൽ കൺവീനറായി ഫാ. ജോൺസൺ അന്ത്യാംകുളവും അടങ്ങുന്ന വിവിധ കമ്മിറ്റികൾ രൂപീകൃതമായി.

## സംസ്ഥാനതല കോൺഫറൻസ്

ഡിസംബർ 14-ന് തിരുവനന്തപുരത്തുവച്ച് state level conference on orientation on alcohol & substance abuse policy interventions for leaders of registered Umbrella Organizations എന്ന പേരിൽ സംഘടിപ്പി ക്കപ്പെട്ട വിവിധ NGO കളുടെ നേതൃസംഗമത്തിൽ കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ ലഹരി വ്യാപനത്തെയും ദുരുപയോഗത്തെയുംകുറിച്ച് ഫാ. ജോൺസൺ അന്ത്യാംകുളം റിപ്പോർട്ട് അവതരിപ്പിച്ചു.

## ഒന്ന് ശ്രദ്ധിക്കണേ

നമ്മുടെ ശ്രദ്ധയിൽപ്പെടുന്ന ലഹരി ആസക്തി രോഗികളെ സുഖപ്പെ ടുത്താൻ നമുക്കാകും-പ്രധാനമായും മദ്യം, പുകയില ഉൽപ്പന്നങ്ങളുടെ ഉപ യോഗം എന്നിവയിൽനിന്നും അവരെ രക്ഷിക്കാൻ പ്രതീക്ഷയിലേക്ക് പറ ഞ്ഞുവിടാൻ ഒന്ന് ശ്രദ്ധിക്കണേ.

പുതുവത്സരാശംസകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
(ടി.എസ്.എസ്.എസ്.)

## സമഗ്ര കാൻസർ നിയന്ത്രിത പരിപാടി

ബളാൽ പഞ്ചായത്തും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ കാൻസർ സെന്റർ തലശ്ശേരിയും സംയുക്തമായി ഒരുക്കുന്ന കാൻസർ നിയന്ത്രിത പരിപാടിയുടെ ഉദ്ഘാടനകർമ്മം 2016 ഡിസംബർ 3-ാം തീയതി ബളാൽ പഞ്ചായത്ത് ഓഫീസിൽവച്ച് നടത്തപ്പെട്ടു. ബോർഡ് മീറ്റീംഗിലും സർവ്വകക്ഷിയോഗത്തിലും TSSS ഡയറക്ടർ ഫാ. തോമസ് തയ്യിലും അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും പങ്കെടുത്തു.

## സൗഹൃദം സൗഖ്യം ട്രെയിനിംഗ് പരിപാടി

'സൗഹൃദം സൗഖ്യം' എന്ന ആശയത്തെ ലക്ഷ്യംവച്ചുകൊണ്ട് ബളാൽ പഞ്ചായത്ത് സമ്പൂർണ്ണ കാൻസർ രഹിത പഞ്ചായത്താക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 280 പേർക്ക് House to House സർവ്വേ നടത്താനുള്ള ട്രെയിനിംഗും ബോധവൽക്കരണ ക്ലാസ്സും 12-12-16 ന് ബളാൽ പഞ്ചായത്ത് ഓഫീസിൽവച്ച് നടത്തപ്പെട്ടു. ഈ പരിപാടിക്ക് അധ്യക്ഷപദം അലങ്കരിച്ചത് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും ഉദ്ഘാടന കർമ്മം നിർവഹിച്ചത് ബളാൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി എം. രാധാമണിയുമാണ്. ബളാൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. രാജു കട്ടക്കയം സ്വാഗതം പറഞ്ഞു. യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയത് പരപ്പ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി. ജി. ദേവാണ്. ബളാൽ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ ശ്രീമതി റൂബി ജോസഫ് ഏവർക്കും നന്ദി പറഞ്ഞു.

## ഓഡിറ്റേഴ്സ് ട്രെയിനിംഗ്

11- RCC കേന്ദ്രങ്ങളിലെയും ഓഡിറ്റ് സമയ ബന്ധിതമായി പൂർത്തിയാക്കുവാനായി RCC കേന്ദ്രങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 42 പേർക്കായി ഒരു ട്രെയിനിംഗ് പരിപാടി കരുവൻചാൽ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽവച്ച് 2016 ഡിസംബർ 15-ാം തീയതി നടത്തപ്പെട്ടു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിലും അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും പരിപാടിക്ക് വേണ്ട നേതൃത്വവും നിർദ്ദേശങ്ങളും നല്കി. ഓഡിറ്റ് സംബന്ധമായ കാര്യങ്ങളെക്കുറിച്ച് ക്ലാസ് ശ്രീ. സണ്ണി മഞ്ഞക്കുന്നേൽ നല്കി.

## ആശാകിരണം എടൂർ മേഖലാതല ഉദ്ഘാടനവും പച്ചക്കറി തൈ വിതരണവും ജൈവവള വിതരണവും

2016 ഡിസംബർ 14-ാം തീയതി എടൂർ RCC യുടെ നേതൃത്വത്തിൽ എടൂർ പാരീഷ് ഹാളിൽവച്ച് കാരിത്താസ് ഇന്ത്യയുടെ സോണൽ മാനേജർ ഡോ. ഹരിദാസിന്റെ നേതൃത്വത്തിൽ കാൻസർ പ്രതിരോധ ബോധവൽക്കരണ ക്ലാസ് നടത്തപ്പെട്ടു. എടൂർ RCC ഡയറക്ടർ റവ. ഫാ. ആന്റണി

മുതുകുന്നേലിന്റെ അധ്യക്ഷതയിൽ നടന്ന യോഗം ജില്ലാ പഞ്ചായത്ത് മെമ്പർ തോമസ് വർഗീസ് ഉദ്ഘാടനം ചെയ്തു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ ആമുഖ പ്രഭാഷണം നടത്തി. 256 പേർ പങ്കെടുത്ത ഈ പരിപാടിക്ക് കുന്നോത്ത് CU പ്രസിഡണ്ട് ശ്രീ. സ്ക്കറിയ കളപ്പുരയ്ക്കൽ സ്വാഗതവും RCC പ്രസിഡണ്ട് ശ്രീ. വർക്കി വടക്കേമുറി നന്ദിയും പറഞ്ഞു. 2550 പച്ചക്കറി തൈകളും ജൈവവളവും സൗജന്യമായി വിതരണം ചെയ്തു.

## നെൽകൃഷി ഉദ്ഘാടനം

എടൂർ RCC യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കർഷകഗ്രൂപ്പിലെ 10 മെമ്പർമാർ ചേർന്ന് 4.5 ഏക്കർ സ്ഥലത്ത് 2016 ഡിസംബർ 10-ാം തീയതി നെൽകൃഷി ചെയ്തു. ആറളം കൃഷി ഓഫീസർ ശ്രീമതി ജോസ്ന ഞാറ് നട്ട് ഇതിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. അസി. കൃഷി ഓഫീസർമാരായ ശ്രീ. ബിജോയിയും ശ്രീ. സുരേഷും പരിപാടിയിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. കർഷക കൺവീനർ ശ്രീ. സിജു എടത്തിനാൽ സ്വാഗതവും RCC പ്രസിഡണ്ട് വർക്കി നന്ദിയും പറഞ്ഞു.

## ആശാകിരണം നെല്ലിക്കാംപൊയിൽ മേഖലാതല ഉദ്ഘാടനവും മേഖലാ കുടുംബ സംഗമവും

14-12-2016 ന് മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് ആനിത്താനത്തിന്റെ അധ്യക്ഷതയിൽ ആശാകിരണം നെല്ലിക്കാംപോയിൽ മേഖലാതല ഉദ്ഘാടനവും ബോധവൽക്കരണ ക്ലാസും നെല്ലിക്കാംപൊയിൽ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഉദ്ഘാടനം നിർവഹിച്ചു. ബോധവൽക്കരണ ക്ലാസിന് കാരിത്താസ് ഇന്ത്യയുടെ സോണൽ മാനേജർ ഡോ. ഹരിദാസ് നേതൃത്വം വഹിച്ചു. നെല്ലിക്കാംപൊയിൽ വാർഡ് മെമ്പർ ശ്രീമതി ലിസി പൈതുങ്കൽ ആശംസ നേർന്ന് സംസാരിച്ചു. 146 പേർ സംബന്ധിച്ചു.

ഉച്ചയ്ക്ക് ശേഷം നടന്ന TSSS സുവർണ്ണ ജൂബിലി മേഖലാതല ആഘോഷവും മേഖലാ കുടുംബ സംഗമവും മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് ആനിത്താനത്തിന്റെ അധ്യക്ഷതയിൽ നടന്നു. ഉളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഷേർളി അലക്സാണ്ടർ ഉദ്ഘാടനവും TSSS അസി. ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ അനുഗ്രഹ പ്രഭാഷണവും നടത്തി. TSSS പ്രോഗ്രാം മാനേജർ ശ്രീമതി കുസുമം ബേബി, മേഖലാ കോ-ഓർഡിനേറ്റർ സി. ഇമ്മാക്കുലേറ്റ് എന്നിവർ ആശംസകളർപ്പിച്ചു.

15 വർഷത്തിലധികം TSSS ന്റെ നേതൃത്വ നിരയിൽ സേവനം അനുഷ്ഠിച്ചിരുന്നവരും നിലവിൽ നേതൃത്വം വഹിക്കുന്നവരുമായ 9 സാരഥികളെ മെമന്റോ നൽകി ആദരിച്ചു. കൂടാതെ മേഖലയിലെ ബെസ്റ്റ് ക്ഷീര കർഷകനെയും ബെസ്റ്റ് കോഴി കർഷകനെയും ബെസ്റ്റ് ജൈവ കർഷകനെയും പ്രസ്തുതയോഗത്തിൽ ആദരിച്ചു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിവിധ കലാ സാഹിത്യ മത്സരങ്ങൾ നടത്തി. മത്സര വിജയികൾക്ക് സമ്മാന

ദാനവും എ ഗ്രേഡ് ലഭിച്ച യൂണിറ്റുകൾക്ക് സർട്ടിഫിക്കറ്റ് വിതരണവും നല്കി. 182 പേർ ഈ പരിപാടിയിൽ പങ്കെടുത്തു.

- 2016 ഡിസംബർ 13-ാം തീയതി സെൻട്രൽ ഗവൺമെന്റ് കേരളത്തിലെ കുടുംബശ്രീയിലൂടെ ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനവുമായി ബന്ധപ്പെട്ട് നടപ്പാക്കാനിരുന്ന പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുവാൻ തിരുവനന്തപുരം MSS-ൽ വിളിച്ചു ചേർത്ത മീറ്റീംഗിൽ TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു.
- പൈസക്കരി മേഖലയിലെ ജോസ് മൗണ്ട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഗ്രാമിക അംഗങ്ങൾക്കുവേണ്ടി നിയമ സാക്ഷരത ക്ലാസ് അഡ്വ. ലിനറ്റ് നല്കി. 65 പേർ പങ്കെടുത്തു. അബ്രാഹം മരങ്ങാട്ടുമ്യാലിൽ അധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടന കർമ്മം യൂണറ്റ് ഡയറക്ടർ ഫാ. പീറ്റർ കൊച്ചുവീട്ടിൽ നിർവഹിച്ചു. ജോസഫ് കപ്പേകുഴി സ്വാഗതവും മേരി മരങ്ങാട്ടുമ്യാലിൽ നന്ദിയും അർപ്പിച്ചു.
- മാങ്കോട് CU-ലെ ഒരു മെമ്പറിന് ചികിത്സ സഹായമായി 10,000/- രൂപ മാങ്കോട് CU നല്കി.

## SAFP റീജിയണൽ മീറ്റ്

SAFP യുടെ വെള്ളരിക്കുണ്ട് റീജിയണൽ മീറ്റീംഗ് 2016 നവം. 24-ാം തീയ്യതി വെള്ളരിക്കുണ്ട് പാരീഷ്ഹാളിൽവച്ച് നടത്തപ്പെട്ടു. 50 പേർ പങ്കെടുത്ത യോഗം TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം ചെയ്തു. വെള്ളരിക്കുണ്ട് RCC പ്രസിഡണ്ട് ശ്രീ. ബിജു മേലേമുറി അധ്യക്ഷത വഹിച്ച യോഗത്തിന് SAFP യുടെ വെള്ളരിക്കുണ്ട് റീജിയണൽ ആനിമേറ്റർ ബീന ബേബി സ്വാഗതം ആശംസിച്ചു.

## സ്വാഭിമാൻ ബദൽ ജീവിത പരിശീലനം

വെള്ളരിക്കുണ്ട് TSSS മേഖലാ ഓഫീസിൽവച്ച് ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക്വേണ്ടി 10 ഇനം സ്വാഭിമാൻ ഉൽപ്പന്നങ്ങളുടെ ഒരു പരിശീന പരിപാടി TSSS ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. വെള്ളരിക്കുണ്ട് RCC ഡയറക്ടർ ഫാ. ആന്റണി തെക്കേമുറി ഈ പരിശീലനപരിപാടിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ബദൽ ജീവിത പരിശീലന സെമിനാറിന് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും നിത്യോപയോഗ ഉൽപ്പന്നങ്ങളുടെ പരിശീലനത്തിന് ശ്രീമതി മോളി ജോഷ്വയും നേതൃത്വം നൽകി. പ്രോഗ്രാം മാനേജർ വത്സമ്മ ടോമിയും RCC പ്രസിഡണ്ട് ശ്രീ. ബിജു മേലേമുറിയും ആശംസകൾ നേർന്നു സംസാരിച്ചു. CHAI പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. ലിസ OSL ആണ് പരിപാടി സംഘടിപ്പിച്ചത്.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | | |
|---|---|---|---|
| 2017 ജനുവരി | 06-08 | : | തപസ്സ് ധ്യാനം (10 am ആരംഭം, ഫാ. സഖറിയാസ് തടത്തിൽ) |
| ,, | 08-13 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| ,, | 12 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, | 14 | : | ഏകദിന കൺവെൻഷൻ |
| ,, | 22-27 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | | |
|---|---|---|---|
| ജനുവരി | 01-05 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 12 | : | ആർമണ്ടച്ചന്റെ അനുസ്മരണം |
| ,, | 13 | : | ജാഗരണ പ്രാർത്ഥന |
| ,, | 14 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, | 15-19 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 29 ഫെബ്രു. 2 | : | ആന്തരിക സൗഖ്യധ്യാനം |

**3. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602, 9846452511**

| | | | |
|---|---|---|---|
| ജനുവരി | 05 | : | രോഗശാന്തി ആരാധന (ആദ്യ വ്യാഴം) |
| ,, | 09-13 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |
| ,, | 20-23 | : | കുടുംബ നവീകരണ ധ്യാനം (400 രൂപ) (മാതാപിതാക്കൾ, ജോലിക്കാർ, ടീച്ചേഴ്സ്, നേഴ്സുമാർ) |
| ,, | 23-27 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | | |
|---|---|---|---|
| ജനുവരി | 03-05 | : | MGC |
| ,, | 14 | : | ഏകദിന ധ്യാനം |
| ,, | 15-17 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം |
| ,, | 27-29 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | | |
|---|---|---|---|
| ജനുവരി | 02-06 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 07 | : | ഏകദിന കൺവെൻഷൻ |
| ,, | 13 | : | ജാഗരണ പ്രാർത്ഥന |
| ,, | 14 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, | 15-19 | : | ആന്തരിക ശാരീരിക സൗഖ്യധ്യാനം |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
# മാർ ജോർജ് ഞറളക്കാട്ട്

## 2016 നവംബർ

21 രാവിലെ യു.കെയിൽനിന്ന് തിരിച്ചെത്തി ഉച്ചകഴിഞ്ഞ് ചുണ്ടപ്പറമ്പിലെത്തി ബഹു. തോമസ് മേൽവെട്ടത്തിൽ അച്ചന്റെ വത്സലപിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽവച്ച് പൗരോഹിത്യത്തിന്റെ രജത-സുവർണ്ണ ജൂബിലികൾ ആഘോഷിക്കുന്ന വൈദികരുടെ കൂട്ടായ്മയിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

22 രാവിലെ 6.30ന് കത്തീഡ്രൽ പള്ളിയിൽ വച്ച് ജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം ദിവ്യബലി അർപ്പിച്ചു.

10 മണിക്ക് അതിരൂപതാകേന്ദ്രത്തിൽവച്ച് നടന്ന വൈദിക പരിശീലകരുടെ യോഗത്തിൽ പങ്കെടുത്തു.

23 അതിരൂപതാകേന്ദ്രത്തിൽവച്ച് സന്ദർശകരെ സ്വീകരിച്ചു.

24 കാഞ്ഞിരപ്പള്ളിയിലെത്തി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

25 രാവിലെ 10 മണിക്ക് കണ്ണൂരിലെത്തി കെസിബിസി മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകുന്നേരം ധർമ്മശാലയിലെത്തി നവീകരിച്ച ഉണ്ണിമിശിഹാ പള്ളി കൂദാശചെയ്തു.

26 രാവിലെ തളിപ്പറമ്പിലെത്തി കരുണയുടെ വർഷത്തോടനുബന്ധിച്ച് ഇടവകസമൂഹം പണികഴിപ്പിക്കുന്ന ഭവനങ്ങൾ കണ്ട് വിലയിരുത്തി. പിന്നീട് കരുവഞ്ചാൽ ശാന്തഭവനിലെത്തി വൈദികരെ സന്ദർശിച്ചു. ഉച്ചക്ക് ഉദയപുരം ഇടവക സന്ദർശിക്കുകയും കോടോത്ത് പണിതുകൊണ്ടിരിക്കുന്ന വൈദിക മന്ദിരം സന്ദർശിക്കുകയും ചെയ്തു. വൈകുന്നേരം പാണത്തൂർ കല്ലപ്പള്ളി എത്തി പുതുതായി പണിയാൻ പോകുന്ന പള്ളിക്ക് തറക്കല്ലിട്ടു. പിന്നീട് പാണത്തൂർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

27 പാണത്തൂർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

28 രാവിലെ സന്ദേശഭവനിൽ വച്ച് നടന്ന വൈദികസമിതി യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു.

30 രാവിലെ കത്തീഡ്രൽ പള്ളിയിൽ ദിവ്യബലി അർപ്പിക്കുകയും മൂന്നാം വർഷ വൈദികവിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരം 7 മണിക്ക് പുഷ്പഗിരി ആശ്രമത്തിന്റെ ജൂബിലിയോടനുബന്ധിച്ച് നടന്ന പ്രാർത്ഥനകളിൽ പങ്കെടുത്ത് സന്ദേശം നല്കി.

## 2016 ഡിസംബർ

1 സന്ദേശഭവനിൽവച്ച് നടന്ന ജൂണിയർ വൈദികരുടെ മീറ്റിംഗിനോടനുബന്ധിച്ച് വൈദികരോടൊപ്പം ദിവ്യബലി അർപ്പിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരം കിളിയന്തറയിലെത്തി നിര്യാതയായ സി. ആൻസി ഓണിശ്ശേരി എസ്എബിഎസിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. പിന്നീട് കുന്നോത്ത് എത്തി ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

2 കുന്നോത്ത് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിലും ആ ഫൊറോനയിലെ സന്യാസസഭകളിലെ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കണിച്ചാർ കോൺവെന്റിൽ എത്തി നിര്യാതയായ സി. ക്ലെയർ എസ്എബിഎസിന് അന്ത്യോപചാരം അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. വൈകുന്നേരം നാല് മണിക്ക് കല്ലുമുതിരക്കുന്നിലെത്തി കരുണയുടെ വർഷത്തോടനുബന്ധിച്ച് പണിത വീട് വെഞ്ചരിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

3 രാവിലെ പൊന്ന്യത്ത് വച്ച് നടന്ന പ്രതീക്ഷയുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കമ്പല്ലൂർ ഇടവകയിലെത്തി ഇടയസന്ദർശനം ആരംഭിച്ചു.

4 കമ്പല്ലൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകിട്ട് 4 മണിക്ക് കണ്ണിവയൽ ഇടവകയിലെത്തി ബഹു. ജെയിംസ് അരീപറമ്പിൽ അച്ചന്റെ വത്സല പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

5–7 സെന്റ് തോമസ് മൗണ്ടിൽ വച്ചുനടന്ന കെസിബിസി മീറ്റിംഗിൽ പങ്കെടുത്തു.

8 വൈകുന്നേരം ചെമ്പേരിയിലെത്തി വൈദികരുടെ ഫൊറോന മാസധ്യാനത്തിൽ പങ്കെടുത്തു.

9 ചെമ്പേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അരീക്കമലയിലെത്തി സജി കാക്കനാടിന്റെ വത്സലപിതാ

വിന് അന്ത്യോപചാരം അർപ്പിച്ചു. പിന്നീട് ചെമ്പേരി വിമൽജ്യോതി കോളേജ്, കരുണാലയം എന്നിവ സന്ദർശിച്ചു.

10 തളിപ്പറമ്പിൽവച്ച് നടന്ന മാതൃവേദി ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

11 മുടയരഞ്ഞി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

12 ചെമ്പേരി വിമൽജ്യോതി കോളേജിൽ വച്ച് കരിസ്മാറ്റിക് നവീകരണത്തിന്റെ ജൂബിലിയോടനുബന്ധിച്ച് നടന്ന പ്രോഗ്രാമിൽ ദിവ്യബലി അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

13 തൃശൂരിൽവച്ച് നടന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ തിരുപ്പട്ടത്തിന്റെ അറുപതാം വാർഷികത്തിൽ പങ്കെടുത്തു.

14–15 കുന്നോത്ത് സെമിനാരിയിൽ ക്ലാസ്സെടുത്തു.

15 വൈകുന്നേരം കിളിയന്തറയിലെത്തി വത്സല മകന്റെ വിയോഗത്തിൽ ഖേദിക്കുന്ന ചെമ്പംകുളത്തിൽ ജോർജിന്റെ കുടുംബത്തെ സന്ദർശിച്ചു. പിന്നീട് പേരാവൂരെത്തി ഫൊറോനാ മാസധ്യാനത്തിൽ പങ്കെടുത്തു.

16 പേരാവൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. അതിനോടനുബന്ധിച്ച് നടന്ന സന്ന്യാസ സഭകളുടെ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിലും പങ്കെടുത്തു. വൈകുന്നേരം കണ്ണൂരിൽ എത്തി MSFS സഭയുടെ ഭവനം സന്ദർശിക്കുകയും സ്കൂൾവാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പിന്നീട് കണ്ണൂർ ടൗൺ സ്ക്വയറിൽവച്ച് നടന്ന എക്യുമെനിക്കൽ ക്രിസ്മസ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

17 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിലെത്തി ക്ലാസ്സെടുത്തു.

19 പടന്നക്കാട് വച്ച് പല ഭാഗങ്ങളിൽനിന്നും എത്തിയ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 5.30ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

**2016 നവംബർ**

21 രാവിലെ 11 മണിക്ക് കോളയാട് അൽഫോൻസാ ദൈവാലയത്തിൽ ജെറി സ്റ്റീഫൻ ചീരംവേലിയുടെയും ഷിനിൽ ഷിജോ കുന്നത്തേട്ടിന്റെയും വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് 2.30ന് നിര്യാതനായ അപ്പച്ചൻ മേൽവട്ടത്തിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ചുണ്ടപ്പറമ്പിലുള്ള ഭവനത്തിൽ നേതൃത്വം നല്കി.

24 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ അഭിവന്ദ്യ വട്ടക്കുഴി പിതാവിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ ഉച്ചകഴിഞ്ഞ് പങ്കെടുത്തു.

25 രാവിലെ 11.30ന് കിളിയന്തറ എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. കൊച്ചുത്രേസ്യായുടെ മൃതസംസ്കാരകർമങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 രാവിലെ 10.30ന് കൂരാച്ചുണ്ട് ഇടവകദൈവാലയത്തിൽ തോമസ് കുന്നത്തിന്റെയും എലിസബത്ത് മലമ്പുറത്തിന്റെയും വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് കുളത്തുവയൽ എംഎസ്എംഐ ജനറലേറ്റിൽ സന്ദർശനം നടത്തി.

27 ഉച്ചകഴിഞ്ഞ് 2 മണിക്ക് പുഷ്പഗിരി ദർശന ധ്യാനകേന്ദ്രത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിക്കുകയും നാല്പത് മണി ആരാധനയുടെ ഉദ്ഘാടനം നടത്തുകയും ചെയ്തു. വൈകുന്നേരം 5 മണിക്ക് ധർമ്മശാല ഉണ്ണിമിശിഹാദൈവാലയത്തിൽ തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു. രാത്രി 7.30ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

28. ഉച്ചയ്ക്ക് 12 മണിക്ക് തേർമല ഇടവക ദൈവാലയത്തിൽ ജെസ്ന ചെറുവള്ളാത്തിന്റെയും വടക്കേൽ സച്ചിന്റെയും വിവാഹ നിശ്ചയകർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു. വൈകുന്നേരം 5 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന റവ. ഫാ. ഷാജി കരിങ്ങാലിക്കാട്ടിലിനെ സന്ദർശിച്ചു.

29 രാവിലെ 6.30ന് തലശ്ശേരി കത്തീഡ്രലിൽ ആലംപള്ളി സിജുവിന്റെ മകൻ ആൻഡ്രൂസിന്റെ മാമ്മോദീസാകർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ച് വി. കുർബാനയർപ്പിച്ചു. വൈകുന്നേരം 6 മണിക്ക് മൈനർസെമിനാരി ഹോംഡേ ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

30 രാവിലെ 6.15ന് ചേറ്റംകുന്ന് എസ്എബിഎസ് കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. ഉച്ചക്ക് 12.30ന് അരമനയിൽ നടന്ന പൗരോഹിത്യ വാർഷിക ആഘോഷങ്ങളിൽ സംബന്ധിച്ചു.

## 2016 ഡിസംബർ

1 രാവിലെ 10.30ന് കെസിബിസി മദ്യവിരുദ്ധസമിതി കാഞ്ഞങ്ങാട് ആർടിഒ ഓഫീസിലേക്ക് നടത്തിയ മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്തു. ഉച്ച കഴിഞ്ഞ് 3 മണിക്ക് കിളിയന്തറ എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ആൻസി ഓണിശ്ശേരിയുടെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു. വൈകുന്നേരം 6 മണിക്ക് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി, കുന്നോത്ത് നസ്രത്ത് പ്രകൃതി ചികിത്സാലയം എന്നിവ സന്ദർശിച്ചു.

2 രാവിലെ 8 മണിക്ക് ജോസ്ഗിരി ഹോസ്പിറ്റലിൽ നിര്യാതയായ സി. ജോസ് ക്ലെയർ എസ്എബിഎസിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3 രാവിലെ 10 മണിക്ക് കണിച്ചാർ ഇടവകദൈവാലയത്തിൽ നിര്യാതയായ സി. ജോസ് ക്ലെയർ എസ്എബിഎസ് ന്റെ മൃതസംസ്ക്കാരകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

4 ഉച്ചകഴിഞ്ഞ് 3 മണിക്ക് കണ്ണിവയലിൽ നിര്യാതനായ ആഗസ്തി അരീപറമ്പിലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

6 വൈകുന്നേരം 4 മണിക്ക് കാഞ്ഞങ്ങാട് ഇടവകദൈവാലയത്തിൽ പുതുതായി നിർമ്മിച്ച കാറ്റിക്കിസം ഹാളിന്റെ വെഞ്ചരിപ്പ്കർമ്മം നിർവഹിക്കുകയും നിത്യാരാധന ചാപ്പലിന്റെ ഒന്നാം വാർഷികാഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിക്കുകയും ചെയ്തു.

7 കാഞ്ഞിരപ്പള്ളി അഞ്ചിലപ്പ ഇടവകയിൽ നിര്യാതനായ സതീർത്ഥ്യൻ ഫാ. തോമസ് പോൾ ഉറമ്പക്കലിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് ചങ്ങനാശ്ശേരി പാറേൽപള്ളിയിൽ തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു. രാത്രി 8മണിക്ക് എംഎൽഎഫ് ജനറലേറ്റ് ചങ്ങനാശ്ശേരിയിൽ സന്ദർശിച്ചു.

13 അഭി. ജേക്കബ് തൂങ്കുഴിപിതാവിന്റെ 60-ാം പൗരോഹിത്യ ജൂബിലി ആഘോഷങ്ങളിൽ തൃശൂർ അരമനിയിൽ പങ്കെടുത്തി.

17 കുളത്തുവയൽ ഇടവകദൈവാലയത്തിൽ നിര്യാതയായ സി. അന്റോണിറ്റോ എസ്എച്ചിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

18. വൈകുന്നേരം 4 മണിക്ക് വല്ലാർപാടത്ത് വരാപ്പുഴമെത്രാപ്പോലീത്ത ജോസഫ് കളത്തിപ്പറമ്പിലിന്റെ മെത്രാഭിഷേകകർമ്മങ്ങളിൽ പങ്കെടുത്തു.

19 രാവിലെ 10.15ന് സന്ദേശഭവനിൽവച്ച് നടന്ന ജോസഫ് കാവനാടിയിൽ അച്ചന്റെ പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ആശംസപ്രസംഗം നടത്തി.

# Programme of the Archbishop
# Mar George Njaralakatt

## January - 2017

| | | | |
|---|---|---|---|
| 01 | 9.30 am | - | Kacherikadavu : Ordination Dn. Joseph Marottipara V.C. |
| | 12.00 | - | Karikottakari : Shrine Blessing |
| | 2.30 | - | Karuvanchal : MVS - Annual Meeting |
| 2 | 9am | - | Peravoor : Ordination Dn. Joseph Rathappilly |
| 3 | 9am | - | Chully (Pulladi) : Ordination - Dn. Paul Edathinakath |
| | 3.00 pm | - | Chittarickal : Vice Nivas |
| 4 | 9am | - | Perumpadavu : Ordination Dn. Francis Palamoottil MCBS |
| | 2pm | - | Chemperi : School blessing |
| | 6pm | - | Monthly Recollection - Tly |
| 5 | 9.30am | - | Ulickal : Church blessing |
| 7 | 9am | - | Charal : Ordination Dn. Joby Pulichamackal MSFS |
| | 2.30 | - | Punnakunnu : Church blessing |
| 8 | 4.00 pm | - | Padannakad : Silver Jubilee |
| | evening | - | Padannakad |
| 9-15 | | - | Synod |
| 15 | 4pm | - | Alakode : Bible Convention |
| 16 | | - | Nadayal |
| | evening | - | Forane monthly Recollection Thaliparamba |
| 17 | | - | Thaliparamba : Forane monthly Recollection |
| | evening | - | Paduppu |
| 18 | | - | Visitors' day : Thalassery |
| 19 | 9am | - | Alakode : Ordination - Joseph Njondimackal SJ |
| | 4.30pm | - | Payyavoor : Convention |
| 20 | 10am | - | Pilathara : Convention |
| | evening | - | Manadukkam : Golden Jubilee of Church |

| | | | |
|---|---|---|---|
| 21 | | - | Thalassery : Unaided and self financing School Manager's Meeting |
| 22 | | - | Pastoral Visit |
| 23 | 3pm | - | Anara : Sunday School Blessing |
| | evening | - | Nellickampoil : Forane Monthly Recollection |
| 24 | | - | Nellickampoil : Forane Monthly Recollection |
| 25 | | - | Morning - Edoor „ |
| | 4pm | - | Chemperi : Bible Convention |
| | 6pm | - | Paisakari : Forane Monthly Recollection |
| 26 | Morning | - | Paisakari : „ |
| | Afternoon | - | Padimaruthu : Church Blessing |
| 27 | | - | Rippon |
| 28 | | - | Minor Seminary : Benefactors day |
| 29 | | - | Pastoral Visit |
| 30-31 | | - | Vayattuparamba : Forane Monthly Recollection |

## February - 2017

| | | | |
|---|---|---|---|
| 01 | | - | Visitors' day |
| | evening | - | New Priests' Gathering |
| 02 | | - | Priests' day |
| 03 | 4pm | - | Rayarome School blessing |
| 05 | | - | Pasoral Visit |
| 06 | morning | - | Angadikavu |
| 6-7 | | - | Cherupuzha : Forane Monthly Recollection |
| 7-8 | | - | Alakode : Forane Monthly Recollection |
| 8-9 | | - | Marygiri : Forane Monthly Recollection |
| 10 | | - | Seminary Commission : GSMS Kunnoth |
| 11 | | - | Kallody |
| 12 | | - | Paduppu |
| 13-14 | | - | Thomapuram : Forane Monthly Recollection |
| 15 | | - | Visitors day |

**Secretary to the Archbishop**

❖❖❖

# Programme of the Archbishop Emeritus Mar George Valiamatttam

## January - 2017

| | | |
|---|---|---|
| 09 | - | Kuppayakkode |
| 14 | - | Punnakunnu |
| 15 | - | Ulickal |
| 17 | - | Kulathuvayal |
| 21 | - | Kasargode |
| 23 | - | Engaged |
| 25 | - | Engaged |
| 26 | - | Kudianmala |
| 28 | - | Malome |
| 29 | - | Engaged |
| 30 | - | Iritty |

**Secretary to the Archbishop Emeritus**

❖❖❖